വാല്യം 105

കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

# കോട്ടായി

# ഗ്രാമ പഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



# സമഗ്ര വികസന രേഖ

105-1



# കോട്ടായി ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

എഡിറ്റർ:

പി.വി.സ്വാമിനാഥൻ മാസ്റ്റർ

എഡിറ്റോറിയൽ സ്റ്റാഫ്:

കെ.കെ. കുഞ്ചുവെള്ള

കെ. വിജയൻ

എൻ. രാജേഷ്

ടി. കെ. ദേവദാസ്

എം.ആർ. രാജകുമാരൻ

സി.ടി. വേലായുധൻ

കെ. കരുണാകരൻ

സി.കെ. പഴണൻകുട്ടി


ഡി.ടി.പി & ലേഔട്ട്:

ആൽഫാ പ്രിന്റ് ടെക്,

പാലക്കാട്.

പ്രിന്റിംഗ്:

ഇംപ്രഷൻസ്,

പാലക്കാട്.

## ഈ റിപ്പോർട്ട് പൂർത്തീകരിക്കാൻ സഹായിച്ചവർ:

1. P.V. സ്വാമിനാഥൻ മാസ്റ്റർ.
2. T.K. ദേവദാസ്.
3. C.T. വേലായുധൻ.
4. K. കരുണാകരൻ.
5. K.N. രാധാകൃഷ്ണൻ.
6. ജ്യോതി. പി. ബിന്ദു.
7. ഡോ: ഓമനവിജയൻ.
8. ഡോ: ശിൽവൻ.
9. ചന്ദ്രൻ. (Village No. I)
10. ബാലഗംഗാധര തിലകൻ. (Village No.II)
11. ശശിമാസ്റ്റർ.
12. രഘു.

# ഭരണസമിതി അംഗങ്ങൾ



കെ. അപ്പുണ്ണി
(ജില്ലാ പഞ്ചായത്ത് മെമ്പർ)



ടി.സി. കുഞ്ഞുമോൾ,
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്



കെ.കെ. കുഞ്ചുവെള്ള
(പ്രസിഡൻറ്)



കെ. വിജയൻ
(വൈസ് പ്രസിഡൻറ്)



എൻ. രാജേഷ്
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

# ഭരണസമിതി അംഗങ്ങൾ



ശോഭന
(മെമ്പർ)



ശോഭ
(മെമ്പർ)



രാഘവ മാരാർ
(മെമ്പർ)



കെ.വി. രാധാകൃഷ്ണൻ
(മെമ്പർ)



മുത്തു
(മെമ്പർ)



ഷഹീദ
(മെമ്പർ)



പത്മാവതി
(മെമ്പർ)

1. ആമുഖം 9

2. പഞ്ചായത്ത് പൊതുവിവരണം 12

3. സാമൂഹിക സാംസ്ക്കാരിക ചരിത്രം 15

4. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി 21

5. സാമൂഹിക സാമ്പത്തിക മേഖലകൾ

5.I കൃഷിയും അനുബന്ധമേഖലയും 25

5. II മൃഗസംരക്ഷണം 42

5. III വ്യവസായം 46

5. IV വിദ്യാഭ്യാസം 50

5. V കുടിവെള്ളം, പൊതുജനാരോഗ്യം 57

5. VI ഗതാഗതം, ഊർജ്ജം 64

5. VII പാർപ്പിടം, സാമൂഹ്യക്ഷേമം 76

5. VIII സംസ്കാരം 86

5. IX വനിതാരംഗം 91

5. X സഹകരണം 95

5. XI പട്ടികജാതി ക്ഷേമം 100

5. XII വിഭവസമാഹരണം, ടൂറിസം 106

6. ഉപസംഹാരം 108

# 1. ആമുഖം

ഇന്ത്യൻ ചരിത്രം ഗ്രാമങ്ങളുടെ ചരിത്രമാണ്. ഒട്ടൊരളവിൽ സ്വയം പര്യാപ്തമെന്ന് വിശേഷിപ്പിക്കാവുന്ന വിഭവസംസ്കരണ വിനിയോഗമേഖലകൾ. ഇവിടെ മുന്നേറ്റങ്ങൾക്കും സമഗ്രചലനങ്ങൾക്കും വേണ്ടി ദാഹിച്ച ജനതയിൽ തുടിച്ച വികാരം മാനവികതയുടെ ഉൾക്കാമ്പറിഞ്ഞ തുടിപ്പായിരുന്നു.

തീവ്രമായ ഈ പ്രവർത്തനക്ഷമതയുടെ അഭിഭാവത്തോടിണങ്ങുന്ന ഉജ്ജ്വലമായ ചരിത്രം കോട്ടായി പഞ്ചായത്തിനേയും ചരിത്രത്തിന്റെ ഭാഗമാക്കിമാറ്റുന്നു. തനതുസംസ്കാരത്തിന്റെ മുഖ്യതേജസ്സ് ഇന്നുമിവിടെ ചിതറിക്കിടക്കുന്ന ശിലാവശിഷ്ടങ്ങളെപ്പോലും ത്രസിപ്പിക്കുന്ന ചരിത്രസംഭവങ്ങളുടെ മൂല്യനിർണ്ണയത്തിലെ ആക്കം ഏതുമായിക്കൊള്ളട്ടെ, ടിപ്പുസുൽത്താന്റെ കുളമ്പടിയൊച്ചകൾ ഈ പഞ്ചായത്തിന്റെ വടക്കൻതീരം ഒരിക്കൽ മുറിച്ച് കടന്നുപോയി. ആ മൺതരികൾക്ക് നാവുണ്ടായിരുന്നെങ്കിൽ രാജഹിതത്തിന്റെ വിശ്വാസ്യതക്ക് പുതിയൊരു മാനം കൈവന്നേനെ. കേരളീയ പാരമ്പര്യം സ്വാംശീകരണത്തിന്റെ സംശുദ്ധിയിലൂടെ നിലനിർത്തിയ ഗുരു കുഞ്ചുറുപ്പ് ഈ പഞ്ചായത്തിനോടുതൊട്ടു കിടക്കുന്ന വീട്ടിൽ താമസിച്ചു. കഥകളി അഭ്യസിച്ചു. അതിഥികളെ ഉപചരിച്ചു. കളിയോഗക്കാരുമായി നാടുചുറ്റി. അനതിസാധാരണമായ തന്റെ വെങ്കലനാദവുമായി ചെമ്പൈവൈദ്യനാഥഭാഗവതർ ജൈത്രയാത്രയാരംഭിച്ചതും ഇവിടെ നിന്നാണ്. ആ മഹത്തായ സംഗീത കുലപതിയുടെ നിരന്തര സാന്നിദ്ധ്യം ഈ പഞ്ചായത്തിന്റെ ഒരു കാലഘട്ടത്തെ തന്നെ സജീവമാക്കി.

ധീരോദാത്തമായ പ്രാണത്യാഗംകൊണ്ട് രാജ്യാന്തര പ്രസിദ്ധിനേടിയ മേജർ രാമസ്വാമിയെക്കുറിച്ച് പിടയുന്ന ഹൃദയത്തോടെയല്ലാതെ ഇവിടുത്തുകാർക്ക് സ്മരിക്കാൻ കഴിയില്ല. സ്വന്തം സുരക്ഷയെ അവഗണിച്ചും സഹജീവിയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കാൻ ശ്രമിച്ചതിന്റെ രക്തസാക്ഷിത്വം.

നീതിന്യായ രംഗത്തെ അതി പ്രഗൽഭനായിരുന്ന പഞ്ചാപകേശയ്യരെ ഇന്നും കുറിച്ചറിയുമ്പോൾ അത് വ്യവസ്ഥയുടെ അറിവായി മാറുന്നു.

ഈ പൂർവ്വസൂരികൾ തെളിച്ചിട്ട പാതയിലൂടെ തന്നെ സ്വതന്ത്രമായ മുന്നേറ്റം നടത്തുകയായിരുന്നു. ഏ.ആർ. രാമകൃഷ്ണയ്യർ. എ.ബി. മേനോൻ, സി.വി. നായർ തുടങ്ങിയവർ.

പ്രകൃതി ഒരു വരദാനം പോലെ കനിഞ്ഞനുഗ്രഹിച്ച ഭൂപ്രദേശമാണിവിടം. സമൃദ്ധിയാർന്ന വയൽപ്രദേശങ്ങളും പറമ്പുകളും ഫലവൃക്ഷങ്ങളും അക്ഷരാർത്ഥത്തിൽത്തന്നെ ഒരു കേരളഗ്രാമത്തിന്റെ സത്യസന്ധമായ രൂപാർജ്ജവത്വം ഉൾക്കൊള്ളുന്നു.

കാർഷികവൃത്തിയുമായി ബന്ധപ്പെടുമ്പോൾ സ്വാഭാവികമായും ജന്മിത്വത്തിന്റെ അവരോദ്ധ്യവും ഒരനിവാര്യതതന്നെ. അതും ഈ പഞ്ചായത്തിന്ന് ഒരു പുതുമയായിരുന്നില്ല.

സംശുദ്ധകലകളുടേയോ, ക്ഷേത്രകലകളുടേയോ അടിസ്ഥാനവിഭാഗങ്ങളുടെ കലകളുടെയോ കാര്യത്തിലായാലും സ്വന്തമായൊരു നിറക്കൂട്ട് ഈ പ്രദേശത്തിനുണ്ട്. ഈ മികവിന്റെ മിഴിയുണർത്തുന്ന കലാരൂപങ്ങൾ ഇന്നു തെല്ലുപരിഷ്കാരത്തോടെ ഉത്സവവേളകളിൽ ദർശിക്കാം. ഇത്രയും കുറിക്കുമ്പോൾ സംശയം വരും പൊതുജനോപകാരപ്രദമായ ബോധധാരസംക്രമണത്തിലും ബഹുജനമാദ്ധ്യമങ്ങളുടെ കാര്യത്തിലും കോട്ടായി പഞ്ചായത്ത് എവിടെ നിലനിന്നിരുന്നു എന്നത്.

1950 കളിൽ തന്നെ ഈ പഞ്ചായത്തിൽ, റേഡിയോകിയോസ്ക്ക്, പാർക്ക്, വായനശാല, മൃഗാശുപത്രി, പ്രാഥമികാരോഗ്യകേന്ദ്രം, തെരുവുവിളക്കുകൾ, റോഡുകൾ എന്നിവയാൽ സുസജ്ജമായ ഒരു പഞ്ചായത്തായിരുന്നു എന്നത് ആരേയാണ് വിസ്മയം കൊള്ളിക്കാതിരിക്കുക.

ഇതെല്ലാം അറിയപ്പെടുന്ന യുഗപ്രഭാവന്മാരുടെ തിരുശേഷിപ്പുകളുടെ കരടുരേഖ; ഇതിലുമധികം എത്രയോ പേർ, അറിയപ്പെടാതെ മൺമറഞ്ഞും അടിച്ചമർത്തപ്പെട്ടും പിന്നിൽ മറഞ്ഞുപോയിരിക്കുന്നു. അവരുടെയെല്ലാം ആത്മാർത്ഥമായ പ്രത്യാശയുടെ ഭൗതികവൽക്കരണമെന്ന നിലയ്ക്കാവണം മൊത്തം കേരളത്തിന്റെ ഭാഗധേയത്തിൽ മികച്ചൊരു ശ്രദ്ധയും സ്ഥാനവും ഈ പഞ്ചായത്തിന്ന് കരസ്ഥമാക്കാൻ കഴിഞ്ഞതും, ഇനിയുമിനിയും ഉന്നതമായ മാനുഷികബോധവും, സാർവ്വജനീനതയും പുലർത്തുന്ന ഉദാത്തസംസ്കൃതിയുടെ ഭാഗമെന്ന നിലയിൽ കോട്ടായി പഞ്ചായത്തും പുരോഗതിയുടെ പാതയിലെ പ്രകാശരേഖയാവുകതന്നെ ചെയ്യുമെന്ന് അവിതർക്കിതമായി പ്രഖ്യാപിച്ചുകൊള്ളട്ടെ . . . . . . .

കോട്ടായി പഞ്ചായത്തിനു കീഴിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉൽഘാടനം നടന്നത് കേരള സർക്കാർ സംസ്ഥാന തലത്തിൽ നടത്തിയ ഉൽഘാടന ദിവസമായിരുന്നു. ചിങ്ങം ഒന്നിന് കോട്ടായി പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ നടന്ന ഉൽഘാടന ചടങ്ങ് ബഹു: കുഴൽമന്ദം എം.എൽ.എ. ശ്രീ: എം. നാരായണൻ നിർവ്വഹിച്ചു. പ്രഗത്ഭരായ ബഹുജനങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായതായിരുന്നു പ്രസ്തുത ചടങ്ങ്. അതിനുശേഷം പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ തന്നെ ഏകദിന സെമിനാർ നടത്തി. 19.9.96 ന് പഞ്ചായത്തിലെ LRP മാർക്ക് ട്രയിനിംഗ് നൽകി. പഞ്ചായത്തിൽ നിന്നും ശ്രീ. സ്വാമിനാഥൻ മാസ്റ്റർ, എം.ആർ.രാജകുമാരൻ, പി.എം. വേലായുധൻ, വി.കെ. രാധാകൃഷ്ണൻ, ഗോപി, സി. സുന്ദരി, വിജയൻ എന്നിവരെ DRP മാരായി തെരഞ്ഞെടുക്കുകയും ട്രയിനിംഗിനു അയക്കുകയും ചെയ്തു. LRP മാരുടെ യോഗത്തിൽ നിന്നു തന്നെ ഗ്രാമസഭകളുടെ തിയ്യതി നിശ്ചയിക്കുകയും അതുവിജയിപ്പിക്കാൻ ആവശ്യമായ തീരുമാനം എടുക്കുകയും ചെയ്തു.

## ഗ്രാമസഭകളിലെ പങ്കാളിത്തം:

| വാർഡ് | തിയ്യതി | സ്ഥലം | പങ്കെടുത്തവർ | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 1 | 5.10.96 2 p.m. | മുല്ലക്കര സ്ക്കൂൾ | 103 | 22 | 125 |
| 2 | 6.10.96 2 p.m. | മുല്ലക്കര സ്ക്കൂൾ | 112 | 47 | 159 |
| 3 | 2.10.96 10 a.m. | മണ്ഡലക്കോട് | 91 | 35 | 126 |
| 4 | 2.10.96 2 p.m | ചമ്പ്രകുളം സ്ക്കൂൾ | 89 | 17 | 106 |
| 5 | 21.9.96 10 a.m. | കീഴത്തൂർ സ്ക്കൂൾ | 76 | 31 | 107 |
| 6 | 21.9.96 2 p.m. | ചമ്പ്രകുളം സ്ക്കൂൾ | 80 | 26 | 106 |
| 7 | 22.9.96 10 a.m. | കരിയംങ്കോട് സ്ക്കൂൾ | 101 | 42 | 143 |
| 8 | 22.9.96 2 p.m. | വറോഡ് സ്ക്കൂൾ | 74 | 36 | 110 |
| 9 | 29.9.96 10 a.m. | പുളിനെല്ലി സ്ക്കൂൾ | 101 | 36 | 137 |
| 10 | 29.9.96 2 p.m. | പുളിനെല്ലി സ്ക്കൂൾ | 81 | 22 | 103 |
| | ആകെ പുരഷന്മാർ | 908 | | | |
| | ആകെ സ്ത്രീകൾ | 314 | | | |

ഗ്രാമസഭകൾക്കുശേഷമുള്ള പ്രധാന പ്രവർത്തനം ലഭിച്ച നിർദ്ദേശങ്ങളെ ക്രോഡീകരിക്കലായിരുന്നു. തുടർ പ്രവർത്തനം നടത്തുവാൻ ദ്വിതീയ വിവരങ്ങൾ ശേഖരിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട LRP മാരുടെ യോഗം 7.10.96 ന് ചേർന്നു. ഡാറ്റാ കളക്ഷനെ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. ആസൂത്രണ പരിപാടികളുടെ പ്രചരണാർത്ഥം വികസന ജാഥക്ക് പുളിനെല്ലി, കോട്ടായി, പെരുംകുളങ്ങര, ചേന്ദംകാട്, അയ്യംകുളം എന്നിവിടെ സ്വീകരണം നൽകി. 30.10.96 ന് രണ്ടാംഘട്ട പരിശീലന ക്ലാസ്സ് നടത്തി. പഠന പര്യടന യാത്ര 21.11.96 ന് രണ്ട് ഗ്രൂപ്പുകളായി നടത്തിയ വികസന റിപ്പോർട്ട് കരടു രൂപം ഉണ്ടാക്കുന്നതിന് 28.11.96 ന് ഒരു യോഗം ചേർന്നു. പഞ്ചായത്തിലെ വിവിധ വകുപ്പു തലവന്മാരുടെ യോഗം നാലുതവണകളായി വികസനവുമായി ബന്ധപ്പെട്ട് ചേരുകയുണ്ടായി. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പഞ്ചായത്തിൽ നടത്തിയ വിവിധ സർവ്വേകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. സമഗ്ര വികസനത്തിനു അറിഞ്ഞിരിക്കേണ്ടുന്ന പഞ്ചായത്തിന്റെ ഉൾപ്പിരിവുകൾ ജനസമ്പർക്ക പരിപാടികളിലൂടെ മനസ്സിലാക്കി. വിവിധ പഴയ ജന്മികുടുംബങ്ങളിലും നടത്തിയ അന്വേഷണങ്ങളിൽ നിന്നും 1889 കാലഘട്ടത്തെ റവന്യൂ മാപ്പുകൾ കണ്ടെത്തി പഞ്ചായത്തിന്റെ പഴയ റിക്കാർഡുകൾ പരിശോധിച്ചപ്പോൾ 1934 മുതലുള്ള പഞ്ചായത്ത് മിനുട്സ് ബുക്ക് മലയാം ഗസറ്റ് മലബാർ ലോക്കൽ ബോർഡ് മാന്വൽ തുടങ്ങി അമൂല്യങ്ങളായ ഒരുപടി രേഖകൾ കണ്ടെത്താൻ കഴിഞ്ഞു. ഭൂതകാലത്തിന്റെ ദൃക്സാക്ഷികളായ പഴമക്കാരുമായി നടത്തിയ ചർച്ചകളിൽ നിന്നും ഇന്നലെകളെപ്പറ്റി ഒരു രേഖാചിത്രം മനസ്സിലാക്കാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള വിവരശേഖരത്തിനു പുറമെ സെൻസസ് റിപ്പോർട്ടുകളിലൂടെയും ബ്ലോക്ക് ഡാറ്റ ബാങ്കിൽ നിന്നും, പഞ്ചായത്തിനെപ്പറ്റി ജില്ലാതലത്തിലുള്ള വിവരങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

കോട്ടായി ഗ്രാമ പഞ്ചായത്തിലെ പ്രബുദ്ധരായ ജനങ്ങളുടെ മാറ്റത്തിനുവേണ്ടിയുള്ള മുന്നേറ്റം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ മുന്നോട്ടു പോവുകയാണ്. അർപ്പണ ബോധത്തിലൂടെയും ത്യാഗസമ്പന്നമായ പ്രവർത്തനങ്ങളാൽ ഇന്നലെകളിൽ വെള്ളിനക്ഷത്രം പോലെ ജ്വലിച്ചുനിന്ന മഹാരഥന്മാരുടെ പ്രവർത്തന പാരമ്പര്യം ഉയർത്തിപിടിച്ചുകൊണ്ട് പുരോഗമനത്തിന്റെ വെള്ളിവെളിച്ചം വിതറി ഇന്നിന്റെ അഭിമാനമാകാൻ പോവുന്ന ഈ ജനകീയ പ്രസ്ഥാനം മുന്നോട്ടു പോവുമ്പോൾ നലതിരുകളും കാത്തു സൂക്ഷിക്കുവാനും നാളെ ഈ പഞ്ചായത്ത് മാതൃകാ പഞ്ചായത്തായി മാറുന്നതിന് ഈ മഹായജ്ഞത്തിൽ സ്വയം സമർപ്പിതനായി വർത്തമാന കാലത്തിന്റെ ഉത്തര വാദിത്വവും വെല്ലുവിളികളും ഏറ്റെടുക്കാൻ ദൃഢനിശ്ചയത്തോടെ നമുക്ക് പ്രതിജ്ഞ പുതുക്കാം.... കുറവുകളും പോരായ്മകളും പരിഹരിക്കുന്നതിനു വേണ്ടി ചർച്ചകൾക്കായി ഈ വികസന റിപ്പോർട്ട് പൊതുജനമദ്ധ്യേ സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

# 2. പഞ്ചായത്തിന്റെ പൊതുവിവരം

| | | |
|---|---|---|
| പേര് | - | കോട്ടായി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | കോട്ടായി I, കോട്ടായി II |
| ബ്ലോക്ക് പഞ്ചായത്ത് | - | കുഴൽമന്ദം |
| താലൂക്ക് | - | ആലത്തൂർ |
| അസംബ്ലിമണ്ഡലം | - | കുഴൽമന്ദം |
| വിസ്തീർണ്ണം | | 19865 ച.കി.മീ |
| അതിരുകൾ | - | വടക്ക് - ഭാരതപ്പുഴ |
| | | കിഴക്ക് - കാപ്പിക്കാട് (മാത്തൂർ പഞ്ചായത്ത്) |
| | | തെക്ക് - തെക്കേ തോട് (കുത്തനൂർ പഞ്ചായത്ത്) |
| | | പടിഞ്ഞാറ് - ഭാരതപ്പുഴ |
| ജനസംഖ്യ | - | 19,069 |
| പുരുഷൻ | - | 9216 |
| സ്ത്രീകൾ | - | 9853 |
| ജനസാന്ദ്രത: | | |
| അക്ഷരാഭ്യാസമുള്ളവർ | - | 76.20% (പുരുഷനും) 65.36% (വനിതകളും) |
| വാർഡുകൾ | - | 10 എണ്ണം |
| പ്രസിഡണ്ടിന്റെ പേര് | - | കെ.കെ.കുഞ്ചുവെള്ള |
| വൈസ് പ്രസിഡണ്ടിന്റെ പേര് | - | കെ. വിജയൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | - | എൻ. രാജേഷ് |

നമ്മുടെ കാർഷിക ഉൽപ്പന്നങ്ങളുടെ ചരിത്രം രണ്ടുവില്ലേജുകളിലായി പടർന്നിരിക്കുന്ന ജന്മിത്ത സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടതാണ്. I-ാം വില്ലേജിൽ തന്നെ 1059.45 ഹെക്ടർ അഥവാ 2617.86 ഏക്കർ ആണ് 1930 കളിലെ ഭൂവുടമകളുടെ രേഖകൾ പരിശോധിച്ചപ്പോൾ വിപുലമായി കിടക്കുന്ന കാർഷിക ബന്ധങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാൻ കഴിഞ്ഞു. കോട്ടായി പഞ്ചായത്തിൽ താരാങ്ങാട്ടുമന പെരുമന സഭായോഗം സാമൂതിരിരാജ, അമ്മ തിരുവാടി ദേവസ്വം പുപ്പുള്ളിമന, ചന്ദ്രകുളം ദേവസ്വം, കിഴക്കേ കോവിലകം, മന്ദാട്ടിൽ കുമാരൻനായർ, കാരംഞ്ചറ്റ മന, വടവർകോട് മന, ഉണ്ടായമന ചിമ്പദേവസ്വം, ചമ്പ്രകുളംദേവസ്വം ഉടമ ഉണ്ടായമനക്കൽ പരമേശ്വരൻ നമ്പൂതിരിപ്പാട്.

വള്ളുവനാട് കുളപ്പുള്ളി അംശത്ത് ചിത്രഭാനു നമ്പൂതിരിപ്പാട്, കോതമംഗലം ദേവസ്വം ഉടമ ദാമോധരൻ എന്ന നാമധേയമായ കുതിരവട്ടത്ത് നായർ, കോഴിക്കോട് മാനവമാന വിക്രമസാമൂതിരി രാജാവ്, ചിമ്പഗ്രാമം മാനു അയ്യർ, മേക്കണാംകുളം നാണുശാസ്ത്രി, മേക്കോണകുളം വൈദ്യലിംഗപട്ടർ എന്ന പിച്ചൻ, പാട്ടമാളി മകൻ വെങ്കടേശ്വരപട്ടർ ജ്യേഷ്ഠൻ രാമസ്വാമിപട്ടർ മകൻ അപ്പുപട്ടർ, ഒളപ്പമണ്ണമനക്കൽ നാരായണൻ നമ്പൂതിരിപ്പാട്, തോലനൂർ, ഭഗവതിദേവസ്വം ഉടമ കണ്ടത്ത്കുളങ്ങര ചാമി മന്ദാടിയാർ, മാത്തൂർഗ്രാമം രാമസ്വാമിപട്ടർ മകൻ സ്വാമിനാഥയ്യർ, തിരുവാലത്തൂർ ദേവസ്വം ഉടമ നടുവിലെമഠം, കോതമംഗലം ദേവസ്വം ഉടമ, തലച്ചിലവൻ ദേവസ്വം ഊരാളരിൽ തലവൻ അമ്പലംകണ്ടത്ത് ഗോപിനാഥമന്നാടിയർ, വൈശ്രവണത്ത് മനക്കൽ വാസുദേവൻനമ്പൂതിരിപ്പാട്, പടിഞ്ഞാറെ നടുവത്ത് കുമാരനുണ്ണി അച്ഛൻ, എരട്ടകുളം ദേവസ്വം ഉടമ പുതിയകോവിലകത്ത് വലിയതമ്പുരാട്ടി, പടിഞ്ഞാറെ കോവിലകത്തെ വലിയ തമ്പുരാട്ടി. മാത്തൂർഗ്രാമം ശിവരാമപട്ടർമകൻ ശ്രീനിവാസശാസ്ത്രികൾ, ഒളപ്പമണ്ണമനക്കൽ മൂപ്പിൽസ്ഥാനം നാരായണൻ നമ്പൂതിരിപ്പാട്, കീഴെപാട്ടിൽ നാണുപതിയാർ, കീഴെപാട്ട് കുട്ടിയമ്മ മതവിളമ്മ മകൻ പരമേശ്വരൻ, കൂടലൂർ മനക്കൽ നാരായണൻ നമ്പൂതിരിപ്പാട്, കുറുവായൂർ മനക്കൽ അഷ്ടമൂർത്തി നമ്പൂതിരിപ്പാട്, മൂർക്കത്ത് ചാത്തപ്പൻ നായർ, ചെങ്കാറ്റൂർ ദേവസ്വം, തിരുവില്ല്വാമല ദേവസ്വം തുടങ്ങിയ ജന്മികളിലായിരുന്നു കോട്ടായി പഞ്ചായത്തിന്റെ ഭൂമികൾ ഒക്കെയും.

## പഞ്ചായത്തിനെപറ്റിയുള്ള പൊതു വിവരം

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഭൂമിയുടെ കിടപ്പ്, തരം, സ്വഭാവം | വെള്ളം ലഭ്യമാണ്. മണൽകലർന്ന മണ്ണും, കളിമണ്ണും ഉണ്ട്. പുഴ, തോട് ഒഴുകുന്നു. | ജലത്തിന് ചിലയിടങ്ങളിൽ പ്രയാസം, നിരപ്പായ ഭൂമി അല്പം കുന്നുണ്ട്. | ജലം ആവശ്യത്തിന് ഉണ്ട്. കുന്നുകളും നിരപ്പായതും ഇടകലർന്ന സ്ഥലം. | നീരൊഴുക്ക് കുറവായ സ്ഥലം, നിരപ്പായ സ്ഥലം. | ജലലഭ്യത കുറവാണ്, കുന്നുകൾ ഉള്ള പ്രദേശമാണ്. | ജലലഭ്യത ആവശ്യത്തിന് ഇല്ല, കുന്നുകളും താഴ്ചകളും ഉള്ള പ്രദേശം. | ജലലഭ്യത ഉണ്ട്, കൃഷി പ്രദേശങ്ങൾ നിരപ്പായതാണ്. | ചെറിയ കുന്നുകൾ ഉണ്ട്, ജലലഭ്യത ഉണ്ട്. | വെള്ളം ലഭ്യമാണ്, അല്പം കുന്നുള്ള പ്രദേശം. | ഒരുഭാഗം ചെരിവും, മറ്റു പ്രദേശങ്ങൾ നിരപ്പായതുമായ പ്രദേശം, ജലം ലഭ്യമാണ്. |
| മണ്ണ് | ചെമ്പ് കലർന്ന മണ്ണ്, കളിമണ്ണ്. | നുരപാറ കലർന്ന മണ്ണ്, കാക്കപൊന്ന് കലർന്ന മണ്ണ്. | ചുവന്ന മണ്ണ്. | പുളിമണ്ണ്, ചുവന്ന മണ്ണ്. | കളിമണ്ണ് ചുവന്ന മണ്ണ്. | പാറ (ചരൽ) കലർന്ന മണ്ണ്, ചുവന്ന മണ്ണ്. | ചുവന്ന മണ്ണ്. | പുളിമണ്ണ്, ചെമ്പ് കലർന്ന മണ്ണ്. | ചുവന്ന മണ്ണ്. | മണൽകലർന്ന മണ്ണ്, ചുവന്ന മണ്ണ്. |
| കൃഷി | നെല്ല്, വാഴ, തെങ്ങ്. | നെല്ല്, തെങ്ങ്, ഇഞ്ചി. | നെല്ല്, ചക്കരക്കിഴങ്ങ്, വാഴ, തെങ്ങ്. | നെല്ല്, തെങ്ങ്, വാഴ. | നെല്ല്, പച്ചക്കറി, തെങ്ങ്, വാഴ. | നെല്ല്, തെങ്ങ്, റബ്ബർ. | നെല്ല്, തെങ്ങ്, ഇഞ്ചി, ചക്കരക്കിഴങ്ങ്. | നെല്ല്, ചക്കരക്കിഴങ്ങ്, തെങ്ങ്. | നെല്ല്, ഇഞ്ചി, തെങ്ങ്, കപ്പ. | നെല്ല്, തെങ്ങ്, വാഴ, ഇഞ്ചി, കപ്പ. |
| ജനവാസം | എഴുത്തച്ഛൻ, ഹരിജനങ്ങൾ. | എഴുത്തച്ഛൻ, ഹരിജൻ. | എഴുത്തച്ഛൻ, ഈഴുവ, ഹരിജൻ. | ഈഴുവ, ഹരിജൻ, ബ്രാഹ്മണർ. | മുസ്ലീം, ഹരിജൻ. | നായർ, ഹരിജൻ, ബ്രാഹ്മണർ. | ഈഴുവ, മുസ്ലീം, ഹരിജൻ. | ഈഴുവ, ഹരിജൻ. | ഈഴുവ, ഹരിജൻ. | ഈഴുവ, ഹരിജൻ. |
| ഗതാഗതം | റോഡുകൾ ഉണ്ട്. കാളികാവ് പാലം വേണം. | റോഡ് ആവശ്യത്തിനില്ല. | റോഡ് ആവശ്യത്തിനില്ല. | ആവശ്യത്തിന് ഉണ്ട്. | റോഡ് ആവശ്യത്തിന് ഉണ്ട്. | ഗതാഗതം ആവശ്യത്തിന് ഇല്ല. | ഗതാഗതം ആവശ്യത്തിന് ഇല്ല. | ഗതാഗതം ആവശ്യത്തിന് ഉണ്ട്. | ഗതാഗതം ആവശ്യത്തിന് ഇല്ല. | ഗതാഗതം ആവശ്യത്തിന് ഇല്ല. |
| മറ്റു പ്രത്യേകതകൾ | പിന്നോക്ക പ്രദേശം. | പിന്നോക്ക പ്രദേശം. | വികസന സാദ്ധ്യതയുള്ള പ്രദേശം. | വികസന സാദ്ധ്യതയുള്ള മേഖല. | വ്യവസായ വികസന സാദ്ധ്യതയുണ്ട്. | വികസിത പ്രദേശം. | വികസന സാദ്ധ്യത ഉണ്ട്. | പിന്നോക്ക പ്രദേശം. | വികസന സാദ്ധ്യതയുള്ള പ്രദേശം. | പിന്നോക്ക പ്രദേശം. |



# 3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

ചരിത്രപ്രസിദ്ധമായ ഒട്ടനവധി സംഭവങ്ങൾക്കും ലോകപ്രസിദ്ധരായ ഒട്ടേറെ മഹാന്മാരേയും സംഭാവനചെയ്ത പഞ്ചായത്താണ് കോട്ടായി ഗ്രാമപഞ്ചായത്ത്. ചരിത്രാന്വേഷകരെ അത്ഭുതപ്പെടുത്തുമാറ് ടിപ്പുസുൽത്താന്റെ കുളമ്പടിയേറ്റതാണ് ഈ പഞ്ചായത്ത് എന്ന് വിശ്വസിക്കുന്നു. തെട്ടയൽപ്പക്ക പഞ്ചായത്തായ മങ്കര പഞ്ചായത്തിലെ 'താവളം' എന്ന സ്ഥലത്തു വിശ്രമിച്ച ടിപ്പുസുൽത്താന്റെ പട പുഴ കടന്ന് കോട്ടായി പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ പാലക്കാട് കോട്ടയിലേക്കുള്ള പ്രയാണം നടത്തിയതായി വിശ്വസിക്കപ്പെടുന്നു. ഈ ചരിത്ര സംഭവത്തിന് ചുവടുപിടിച്ച് പൂടൂർ പ്രദേശത്ത് കണ്ടെടുക്കപ്പെട്ട പുരാവസ്തുക്കളിൽ നിന്നും ഈ സംഭവത്തിന് ശാസ്ത്രീയത കൈവരിക്കപ്പെടുന്നു. അങ്ങിനെ കോട്ടയിലേക്കുള്ള വഴി എന്നത് പിൽക്കാലത്ത് കോട്ടായി എന്നായി രൂപാന്തരപ്പെട്ടതായി അനുമാനിക്കാം.

മലബാർ ഡിസ്ട്രിക്ക് ബോർഡിന്റെ സമയത്ത് പുളിനെല്ലി പഞ്ചായത്ത് എന്നാണ് അറിയപ്പെട്ടിരുന്നത്. കോട്ടായ എന്നത് ഒരു അംശവും ആയിരുന്നു. മലബാർ ബോർഡിലെ 23-ാം അംശവും 45-ാം ദേശവുമായ കോട്ടായ പിന്നീട് പഞ്ചായത്തായി മാറുകയായിരുന്നു. വാണിയംകുളത്തേക്ക് 19 മൈൽ ദൂരവും പലക്കാട്ടേക്ക് 7 മൈൽ ദൂരവും നടന്ന് വ്യാപാരബന്ധത്തിൽ ഏർപ്പെടാൻ അപരിഷ്കൃതമായ റോഡും ഗതാഗതസൗകര്യങ്ങളും മാത്രമേ ഈ പഞ്ചായത്തിൽ നിന്നും ഉണ്ടായിരുന്നുള്ളൂ. പഴയകാലറിക്കാർഡുകൾ പരിശോധിക്കുമ്പോൾ 1934 മുതലുള്ള പഞ്ചായത്ത് ബോർഡിന്റെ മിനുട്സ് ബുക്ക് കണ്ടെടുക്കാൻ കഴിഞ്ഞു. 1889 ലെ കോട്ടായ അംശത്തിന്റേയും ചമ്പ്രകുളം അംശത്തിന്റേയും റവന്യൂമാപ്പിൽ നിന്നും ഈ പഞ്ചായത്തിന്റെ പഴയകാല അതിരുകൾ കണ്ടെത്താൻ കഴിഞ്ഞു.

നിലവിലുള്ള പഞ്ചായത്ത് വികസനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ശരിയ്ക്കും 1945 കളിലും 1950 കളിലുമാണ്. ആദ്യകാല പഞ്ചായത്തിന്റെ മീറ്റിംങുകൾ ചേർന്നിരുന്നത് വറോഡ് സ്ക്കൂൾ അങ്കണത്തിൽ വെച്ചായിരുന്നു. പഞ്ചായത്തുകോടതി പ്രവർത്തിച്ചിരുന്നു. അതിന്റെ അംഗങ്ങൾ ആയി A.V. സുബ്രഹ്മണ്യൻ, A.K. രാമകൃഷ്ണൻ, A.R. കൃഷ്ണയ്യർ തുടങ്ങിയവർ പ്രവർത്തിച്ചിട്ടുണ്ട്. 50 രൂപവരെയുള്ള കേസ്സുകളാണ് പഞ്ചായത്ത്കോടതി കൈകാര്യം ചെയ്തിരുന്നത്. 1889 ലെ 1-ാം മദിരാശി ആക്ട് പ്രകാരമാണ് കോടതികൾ പ്രവർത്തിച്ചിരുന്നത്. മൂന്നാമദ്ധ്യായത്തിലെ 13-ാം വകുപ്പു പ്രകാരം പഞ്ചായത്ത് കോടതികളുടെ അധികാര വലിപ്പവും തീർപ്പാക്കപ്പെട്ടകാര്യവും വ്യക്തമാക്കുന്നു.

"ഗ്രാമകോർട്ടുകൾ എടുപ്പാൻ പാടുള്ള വ്യവഹാരങ്ങൾ താഴെ പറയുന്നവ ആകുന്നു (ഏതെല്ലാമെന്നാൽ) കരാറിന്മേൽ ചെല്ലേണ്ടുന്ന പണത്തിനാകട്ടെ ഇളകുന്ന മുതലിനാകട്ടെ ആവക മുതലിന്റെ വിലക്കാകട്ടെ അൻപതു ഉറുപ്പികയിൽ കവിഞ്ഞിരിക്കരുത് കണക്കുപ്രകാരമുള്ള ബാക്കിയിന്മേൽ

ആയാലും ശരി വേറെപ്രകാരമായിരുന്നാലും ശരി : ഇപ്രകാരമാണ് കോട്ടായി പഞ്ചായത്തിലെ ഗ്രാമ കോടതികൾ പ്രവർത്തിച്ചിരുന്നത്.

-Sec: 13 of Madras Act 1889-

സ്തുത്യർഹമായ പ്രവർത്തനം നടത്തിയതിന് പഞ്ചായത്തിന് അന്നത്തെ മദ്രാസ് മുഖ്യമന്ത്രി കാമരാജ് ഒപ്പിട്ട സർട്ടിഫിക്കറ്റ് ഇപ്പോഴും സൂക്ഷിച്ചുവെച്ചിരിക്കുന്നു.

'ഐക്യമുണ്ടെങ്കിൽ നമുക്ക് വിജയിക്കാം' എന്ന ആദർശ വാക്യമനുസരിച്ച് പ്രവർത്തിക്കയാൽ ഗ്രാമവികസനത്തിന്റെ കാര്യത്തിൽ പരസ്പരം സഹകരിച്ചുകൊണ്ടുള്ള പ്രയത്നം മൂലം നേടിയ ഉൽകൃഷ്ടഫലങ്ങളെ ആഭിനന്ദിച്ചുകൊണ്ട് ഇന്ത്യയുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1955-ാമത് കൊല്ലത്തേക്കുള്ള യോഗ്യതാ സർട്ടിഫിക്കറ്റ് മലബാർ ജില്ലയിലെ പാലക്കാട് താലൂക്കിലെ മലമ്പുഴ ഫർക്കയോട് ചേർന്ന കോട്ടായി ഗ്രാമത്തിന് ഒക്ടോബർ മാസം 2-ാം തിയ്യതി സമ്മാനിച്ചിട്ടുണ്ട്.

അനവധി മഹാൻമാരെ സമ്മാനിച്ച പഞ്ചായത്താണ് കോട്ടായി ഗ്രാമപഞ്ചായത്ത്. പത്മഭൂഷൻ ലഭിച്ച കഥകളി രംഗത്തേക്ക് വിപ്ലവാത്മകമായ മാറ്റങ്ങൾ സമ്മാനിച്ച ഗുരുകുഞ്ചുകുറുപ്പ് വസിച്ചത് ഈ പഞ്ചായത്തിലാണ്. ഇവിടെ തന്നെ വീടുവെച്ച് കഥകളി അഭ്യസിപ്പിച്ച ഗുരുകുഞ്ചുകുറുപ്പ് ഈ പഞ്ചായത്തിലെ മഹാരഥന്മാരിൽ ഒരാളാണ്. ലോക പ്രശസ്തി ആർജ്ജിച്ച കർണ്ണാടക സംഗീതത്തിന്റെ സംഗീത ചക്രവർത്തി ചെമ്പൈവൈദ്യനാഥ ഭാഗവതർ സംഗീതം അഭ്യസിച്ചതും അഭ്യസിപ്പിച്ചതും ഇതേ പഞ്ചായത്തിൽ ആണ്. ലോകപ്രസിദ്ധനായ സംഗീത ചക്രവർത്തിയുടെ ജന്മഗൃഹം ഈ പഞ്ചായത്തിലാണ് എന്നതുകൊണ്ട് തന്നെ സംഗീത വിദ്യാർത്ഥികളേയും ചരിത്രഗവേഷകരേയും ഇങ്ങോട്ട് ആകർഷിക്കുന്നു.

ബ്രിട്ടീഷ് ഇന്ത്യയിൽ മദ്രാസ് ഹൈക്കോടതി ജഡ്ജിയായി പ്രവർത്തിച്ച A.S. പഞ്ചാപകേശയ്യർ കോട്ടായി പഞ്ചയത്തിലെ അയിലം ഗ്രാമത്താണ് ജനിച്ചുവളർന്നത്. കോട്ടായി ഗവൺമെന്റ് ഹൈസ്ക്കൂളിൽ പഠിച്ച അദ്ദേഹത്തിന് I.C.S. കിട്ടുകയുണ്ടായി.

ഇന്ത്യയുടെ അതിരുകാക്കുന്നതിനു വേണ്ടി ജീവൻ ബലികഴിച്ച ധീരരായ പട്ടാളക്കാരിൽ പ്രമുഖനായിരുന്നു മേജർ. രാമസ്വാമി 1948-ൽ കാശ്മീർ യുദ്ധത്തിലായിരുന്നു അദ്ദേഹത്തിന് ജീവൻ നഷ്ടമായത്. അദ്ദേഹം പരമവീരചക്ര അവാർഡ് നേടിയ കോട്ടായി സ്വദേശിയാണ്. അർപ്പണബോധത്തോടുകൂടിയ അദ്ദേഹത്തിന്റെ പ്രവർത്തനം ഇന്ത്യൻ സൈനികർക്ക് എന്നും ആവേശമാണ്. ഇദ്ദേഹത്തിന്റെപേരിൽ ശാസ്ഥാപുരം വഴി പറളിക്കു പോവുന്ന റോഡ് നാമകരണം ചെയ്തിരിക്കുന്നു.

കോട്ടായി പഞ്ചായത്തിൽ ആദ്യമായി ബാങ്കിംഗ് വ്യവസായം ആരംഭിച്ചത് A.R. രാമകൃഷ്ണ അയ്യരാണ് ഇദ്ദേഹത്തിന്റെ പേരിൽ അയ്യപ്പൻക്കാവിലേക്ക് പോവുന്ന ഒരു റോഡ് (പാറയിൽ അങ്ങാടിയിൽ നിന്നും ആരംഭിക്കുന്നത്) ഇദ്ദേഹത്തിന്റെ പേരിലാണ് നാമകരണം ചെയ്തിരിക്കുന്നത്. ആദ്യത്തെ ബാങ്കിന്റെ പേര് ഷൺമുഖ ബാങ്ക് എന്നായിരുന്നു. പഞ്ചായത്തിലെ തെരുവു വിളക്കുകൾ കത്തിക്കാൻ വേണ്ടി ഹൈക്കോടതിയിൽ KSEB ക്കെതിരെ കേസ്സ് നടത്തിയതിന് നേതൃത്വം നൽകിയത് Adv: A.K. ധർമ്മരാജ് ആണ്. അദ്ദേഹം കോട്ടായിൽ ജനിച്ച ആളാണ്.

കോട്ടായി പഞ്ചായത്തിലെ അയിലം ഗ്രാമത്തിൽ ജനിച്ച പ്രശസ്തിയാർജ്ജിച്ച സംസകൃത വേദപണ്ഡിതനായിരുന്നു. എം. കൃഷ്ണ ജോത്സ്യർ. സംസ്കൃതത്തിലും ജ്യോതിശാസ്ത്രത്തിലും ആഴത്തിലുള്ള പാണ്ഡിത്യം ഉണ്ടായിരുന്നു അദ്ദേഹത്തിന്.

മറ്റൊരു പ്രശസ്തൻ ശ്രീ:A.P. വെങ്കിടേശ്വരൻ ആയിരുന്നു. I.A.S. കാരനായ ഇദ്ദേഹം മുൻ ഫോറിൻ സെക്രട്ടറിയായിരുന്നു.

ദേശീയ സ്വാതന്ത്ര്യ സമരത്തിന് തനതായ സംഭാവന നൽകാൻ കോട്ടായി പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കർഷകരെ സംഘടിപ്പിക്കുന്നതിലും കർഷകതൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും പല പ്രശസ്തരേയും ഈ പഞ്ചായത്ത് നൽകിയിട്ടുണ്ട്. ഇടതുപക്ഷ പ്രസ്ഥാനം കരുപ്പിടിപ്പിക്കാനും നവോത്ഥാന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ അതാത് സമയത്ത് പഞ്ചായത്തിലെ പ്രമുഖർ ശ്രദ്ധിച്ചിട്ടുണ്ട്. കേശവമേനോൻ, മാമായി, രാഘവനെഴുത്തച്ഛൻ, രാമനെഴുത്തച്ഛൻ, വീമ്പായി മുതലായവർ ഇടതുപക്ഷ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയവരാണ്.

ആദ്യകാല നവോത്ഥാന പ്രസ്ഥാനത്തിന്റെ വക്താക്കളായിരുന്നു ഓടനൂർ കെ.കെ. ചാത്തു, കോട്ടായി കുമാരൻ എന്നിവർ. പഞ്ചായത്തിന്റെ ഭരണ സമിതിയെപ്പറ്റിയുള്ള അറിവ് 1935 മുതലുണ്ട്. 1935 ൽ രണ്ട് പഞ്ചായത്തായാണ് നിലനിന്നിരുന്നത്. പുളിനെല്ലി പഞ്ചായത്തും കോട്ടായി പഞ്ചായത്തും. 1935 മാർച്ച് മാസം 2-ാം തിയ്യതി പഞ്ചായത്തുകൾ നിലവിൽ വന്നു.

| പുളിനെല്ലി പഞ്ചായത്ത് അംഗങ്ങൾ | കോട്ടായി പഞ്ചായത്ത് |
|---|---|
| 1. സ്വാമി അയ്യർ - പ്രസിഡന്റ് | 1. A.R. രാമകൃഷ്ണ അയ്യർ - പ്രസിഡന്റ് |
| 2. A.N. രാമപട്ടർ | 2. A.K. സ്വാമിനാഥ അയ്യർ |
| 3. A.C. വൈത്തിപട്ടർ | 3. കുമാരൻ നായർ.M. - വൈസ് പ്രസിഡന്റ് |
| 4. A.S. ശിവരാമ അയ്യർ | 4. A.P. നാണുപിഷാരടി |
| 5. A.S. ശങ്കരനരായണൻ | 5. എം.നാരായണനെഴുത്തശ്ശൻ |
| 6. A.S. ചട്ടനാഥ പട്ടർ | 6. ശേഖരൻ നായർ |
| 7. ചിമ്പ | 7. Dr. M.K. പങ്ങുണ്ണി നായർ |
| 8. കമ്മാലി | 8. U.കണ്ണൻ നായർ |
| 9. V.C. ചാത്തൻ - വൈസ് പ്രസിഡന്റ് | 9. P.കുഞ്ഞിമരക്കാർ |

അടുത്ത പഞ്ചായത്ത് ബോർഡ് നിലവിൽ വന്നത് 1940 മാർച്ച് 27നായിരുന്നു. പ്രസിഡന്റ് സ്ഥാനത്തേക്ക് ഡോ. എ. ബാലകൃഷ്ണമേനോനും, കുമാരൻനായരും മത്സരിച്ചു തുല്ല്യവോട്ട് കിട്ടിയതിനെ തുടർന്ന് നറുക്കെടുപ്പിലൂടെ ഡോ. ബാലകൃഷ്ണമേനോൻ പ്രസിഡന്റായി. അംഗങ്ങൾ:

1. Dr. A. ബാലകൃഷ്ണമേനോൻ - പ്രസിഡന്റ്
2. K. കുട്ടികൃഷ്ണൻ നായർ
3. M. കുമാരൻ നായർ
4. M. ശേഖരൻ നായർ
5. C.K. രാമൻകുട്ടി
6. A.S. വെങ്കിടാദ്രി അയ്യർ
7. കോമ്പി
8. മമ്മദ്ഹാജി
9. A. രാമൻ നായർ
10. A.V. രാമയ്യർ
11. മന്ദാട്ടിൽ കേശവൻ നായർ -വൈസ് പ്രസിഡന്റ്

1955 വരെ പഴയ ഭരണസമിതി തന്നെ തുടർന്നു. അതിനുശേഷം വന്ന സി.വി. നായരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ്.

1. C. വിശ്വനാഥൻ നായർ - പ്രസിഡന്റ്.
2. A.S. ശങ്കരനാരായണ അയ്യർ - വൈസ് പ്രസിഡന്റ്.
3. M.N. രാമനെഴുത്തച്ഛൻ.
4. P.N. രാമായി.
5. വാസുദേവൻ നായർ.
6. വീമ്പായി.
7. N. കേലി.
8. പഴണിമല M.K..
9. ഗോപാലനെഴുത്തച്ഛൻ.
10. V. രാമക്കുറുപ്പ്.
11. ശങ്കരൻകുട്ടി നായർ.
12. വേണുഗോപാലൻ നായർ.

3.9.1964 ന് അടുത്ത തെരഞ്ഞെടുപ്പ് നടക്കുകയും വീണ്ടും C. വിശ്വനാഥൻ നായർ പ്രസിഡന്റാവുകയും ചെയ്തു.

1. C. വിശ്വനാഥൻ നായർ - പ്രസിഡന്റ്
2. R. മുത്തു -വൈസ് പ്രസിഡൻറ്
3. ജി. കണ്ണൻ.
4. പി.കെ. മൊയ്തീൻ കുട്ടി വൈദ്യർ.
5. P.V. ചാമി.
6. കെ. വാസുദേവൻ നായർ.
7. M. സാവിത്രി.
8. ലീലാബി നായർ,
9. രാഘവനെഴുത്തച്ഛൻ.

1966 ആവുമ്പോഴേക്കും R. മുത്തുവിന് പ്രസിഡന്റിന്റെ ചാർജ്ജ് നൽകുകയുണ്ടായി.

1971 മെയ് 14ന് പുതുതായി ഭരണസമിതി നിലവിൽ വന്നു.

1. R. മുത്തു - പ്രസിഡന്റ്.
2. C. അപ്പു.
3. P.V. ചാമി.
4. P.K. മൊയ്തീൻ കുട്ടി വൈദ്യർ.-വൈസ് പ്രസിഡന്റ്.
5. K. വാസുദേവൻ നായർ.
6. ലീലാ ബി നായർ.
7. M.S. രാഘവനെഴുചത്തച്ഛൻ.

എന്നിവരായിരുന്നു.

അടുത്ത ഭരണ സമിതി അധികാരത്തിൽ വന്നത് 20.9.1979 നാണ്.

1. സി.വി. രാമയ്യർ - പ്രസിഡന്റ്
2. A.G. വേലായുധൻ - വൈസ് പ്രസിഡന്റ്.
3. മാണിക്കൻ.M.
4. രാഘവമാരാർ.
5. താജുദ്ദീൻ.
6. P.K. ജനാർദ്ദനൻ.
7. C.P. രാമൻകുട്ടി.
8. K. ലക്ഷ്മി.
9. P. വേലായുധൻ.

അതിനു ശേഷമുള്ള ഭരണസമിതി 27.1.1988 ലാണ് അധികാരമേറ്റത്.

1. K. അപ്പുണ്ണി. - പ്രസിഡന്റ്.
2. C.N. കൃഷ്ണൻകുട്ടി.
3. V.K. ബാലകൃഷ്ണൻ നായർ. - വൈസ് പ്രസിഡന്റ്.
4. സുന്ദരാംബാൾ.
5. M.N. രാമകൃഷ്ണൻ.
6. ലക്ഷ്മിക്കുട്ടി.
7. വള്ളിക്കുട്ടി.
8. V.K. രാധാകൃഷ്ണൻ.
9. M.R. രാജകുമാരൻ.

അതിനുശേഷമുള്ള ഭരണസമിതി ഇപ്പോൾ നിലവിലുള്ള ഭരണസമിതിയാണ്. 2.10.1995 നാണ് അധികാരമേറ്റത്.

1. കെ.കെ. കുഞ്ചുവെള്ള - പ്രസിഡന്റ്.
2. കെ. വിജയൻ - വൈസ് പ്രസിഡന്റ്.
3. എൻ. രാജേഷ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
4. ശോഭന.
5. ഷഹീദ.
6. രാഘവമാരാർ.
7. ശോഭ.
8. പത്മാവതി.
9. മുത്തു.
10. കെ.വി.രാധാകൃഷ്ണൻ

സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ കോട്ടായി പഞ്ചായത്ത് നൽകിയിട്ടുണ്ട്. ആദ്യകാല ഭരണസമിതികൾ ഒക്കെ വളരെയേറെ ആസൂത്രിതവും ഗൗരവപരവുമായാണ് നമ്മുടെ സാംസ്ക്കാരികരംഗം കൈകാര്യം ചെയ്തിട്ടുള്ളത്. പഞ്ചായത്തിനോടൊപ്പം തന്നെ കാലപഴക്കമുള്ളതാണ് ഇവിടുത്തെ ഹൈസ്ക്കൂൾ, 1895 ൽ പോലും നിലവിൽ ഉള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1950 കളിലാണ് ആദ്യമായി വൈദ്യുതി എത്തിയത്. അപ്പോൾ തന്നെ റേഡിയോ വാങ്ങുകയും ഇപ്പോഴത്തെ സാംസ്ക്കാരിക നിലയത്തിനടുത്തായി റേഡിയോ കിയോസ്ക്ക് സ്ഥാപിക്കുകയും ചെയ്തു എന്നും വൈകുന്നേരങ്ങളിൽ അദ്ഭുതം കാണാൻ വരും പോലെ ധാരാളം പേർ വന്ന് റേഡിയോ ശ്രവിക്കുമായിരുന്നു. ആരോഗ്യ രംഗത്ത് വമ്പിച്ച സംഭാവന നൽകിയ ഡോ. ബാലകൃഷ്ണ മേനോൻ ജീവനക്കാരെയും കൂട്ടി സൈക്കിൾ ചവുട്ടി തെരുവുകൾ വൃത്തിയാക്കാൻ വരുന്ന കാഴ്ച പഴമക്കാരുടെ മനസ്സിൽ ഇപ്പോഴും നിറഞ്ഞു നിൽക്കുന്നുണ്ട്. സ്വന്തമായി ലൈബ്രറി സ്ഥാപിച്ചതും 10,000 ത്തോളം പുസ്തകങ്ങൾ വാങ്ങി ഗ്രന്ഥശാല പ്രസ്ഥാനം ശക്തപ്പെടുത്താൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. മൃഗാശുപത്രി സ്ഥാപിച്ചതും, പ്രാഥമിക ഹെൽത്ത് സെന്റർ സ്ഥാപിച്ചതും ഒക്കെ 1950 കളിലാണ്. ഇന്ത്യ-പാക്ക് യുദ്ധ സമയത്ത് കോട്ടായി പഞ്ചായത്ത് നേതൃത്വം നൽകി കാശുപിരിച്ച് നൽകിയിട്ടുണ്ട്. ഗാന്ധിജി മരിച്ച ദിവസം പായസം നൽകിയെന്നതിന്റെ പ്രായശ്ചിത്തം തീർക്കാൻ വേണ്ടി കോട്ടായി ഹൈസ്ക്കൂളിൽ ഗാന്ധി പ്രതിമ സ്ഥാപിച്ച ചുപ്പാമണി ഭാഗവതർ ഇന്നും അദ്ദേഹത്തിന്റെ പ്രായശ്ചിത്തം പുതിയ തലമുറ നോക്കി കാണുന്നു.

അങ്ങിനെ സാംസ്ക്കാരിക രംഗത്ത് നൽകിയ പഞ്ചായത്തിന്റെ മാതൃകാ പരമായ പ്രവർത്തനങ്ങൾ ഇന്നത്തെ തലമുറയെ വാർത്തെടുക്കാൻ ഒരുപാട് ഒരുപാട് സംഭാവനകൾ നൽകിയിട്ടുണ്ട്.

സ്വാതന്ത്ര്യം നേടിയതിനുശേഷമുള്ള നമ്മുടെ നാടിന്റെ പ്രയാണം പരിശോധിച്ചാൽ ആസൂത്രണം നടത്തിയതിന്റെ പൂർണ്ണഫലം നാടിന്റെ എല്ലാ പ്രദേശത്തും എത്താൻ കഴിഞ്ഞില്ലെന്ന് മനസ്സിലാകും. പുതിയ ദിശാബോധത്തോടെ, നാളെയുടെ പ്രതീക്ഷയായി, പുതിയ സ്വപ്നങ്ങളുമായി ഇതേവരെയുള്ള ആസൂത്രണത്തിന്റെ ദിശ മാറിയപ്പോൾ സമഗ്ര വികസനത്തിനു വേണ്ടിയുള്ള ജനങ്ങളുടെ താല്പര്യവും ആഗ്രഹവും വർദ്ധിച്ചു വന്നു. ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനിടയായത് സ്വന്തം പ്രദേശത്തിന്റെ അതുവഴി നാടിന്റെ വികസനത്തിനെപ്പറ്റി ക്രിയാത്മകമായ നിർദ്ദേശം നൽകാനും, നേതൃത്വം നൽകാനും വേണ്ടിയുള്ളതായിരുന്നു. ഇതുവരെ നേടിയ വികസനത്തിൽ നിന്നും ബഹുദൂരം മുന്നേറാൻ ഭാവിയുടെ വാഗ്ദാനങ്ങളായി നല്ല നാളെയുടെ ശില്പികളാവാൻ ജനകീയാസൂത്രണ പ്രസ്ഥാനം ഉപകരിക്കുമെന്ന് പ്രത്യാശിക്കാവുന്നതാണ്.



# 4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി:

കോട്ടായി പഞ്ചായത്തിന്റെ ഭൂപ്രകൃതി അധികം കുന്നുകളില്ലാത്ത നിരപ്പായ പ്രദേശങ്ങളാണ്. കൃഷിചെയ്യുന്ന ഭൂരിഭാഗം പ്രദേശങ്ങളും നിരപ്പായ പ്രദേശങ്ങളാണ്. രണ്ടു മൂന്നു പ്രദേശങ്ങളിൽ മാത്രമാണ് സാധാരണയിൽക്കവിഞ്ഞ കുന്നുകൾ കാണുന്നത്. ചെങ്കുത്തായ ഇറക്കങ്ങളോ, മലകളോ, കാടുകളോ ഈ പഞ്ചായത്തിൽ ഇല്ല. നിരപ്പായതും ചെറിയ കുന്നുകളും ഉള്ള ഈ പഞ്ചായത്ത് ഇത്തരം ഭൂപ്രകൃതി കൃഷിക്ക് അനുയോജ്യമായി തീർന്നിരിക്കുന്നു. ഏകദേശം 15 ഏക്കറോളം സ്ഥലത്തു മാത്രമേ റബ്ബർ വെച്ചുപിടിപ്പിച്ചിട്ടുള്ളു. ഇതും ഭൂപ്രകൃതിയുടെ പ്രത്യേകത നിമിത്തമാണ്.

ഇത്തരം പ്രത്യേകതകൾ ഉള്ളതുകൊണ്ട് വികസനം നടത്താൻ വളരെയേറെ സാദ്ധ്യതയുണ്ട്. ഉള്ള പ്രദേശങ്ങളാകെ കൃഷിയിറക്കാൻ കഴിയുമാറ് വിന്യസിക്കപ്പെട്ടതാണം ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി. പഞ്ചായത്തിന്റെ തെക്കുവശത്ത് തെക്കേതോടും, വടക്കു വശത്ത് ഭാരതപ്പുഴയും, കിഴക്ക് മാത്തൂർ പഞ്ചായത്തിന്റെ അതിർത്തിയിലും പടിഞ്ഞാറ് പെരുങ്ങോട്ടുകുർശ്ശി പഞ്ചായത്തതിർത്തിയും അതിനേ തുടർന്ന് ഭാരതപ്പുഴയുമാണ്. ഇങ്ങിനെയാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. കൂടുതൽ വിവരങ്ങൾ താഴെ പറയുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. പട്ടിക ചുവടെ ചേർക്കുന്നതാണ്.

## ജനപ്രകൃതി:

കോട്ടായി പഞ്ചായത്തിൽ ആകെ 19069 ജനങ്ങളാണ് വസിക്കുന്നത്. അതിൽ 9216 പുരുഷന്മാരും 9853 സ്ത്രീകളുമാണ്. വിവിധ ജാതിമതങ്ങളായി തിരിഞ്ഞ് വസിക്കുന്ന ഇവിടെ മതസൗഹാർദ്ദം അങ്ങേയറ്റം പുലർന്നു കാണുന്നു. പ്രധാനമായും ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങളാണുള്ളത്. വോട്ടവകാശം ഉള്ളവർ 13956 പേരാണ്. വാർഡ് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| വാർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 976 | 972 | 1948 |
| 2 | 802 | 788 | 1590 |
| 3 | 629 | 686 | 1315 |
| 4 | 513 | 557 | 1070 |
| 5 | 602 | 547 | 1149 |

| വാർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 6 | 602 | 646 | 1248 |
| 7 | 617 | 597 | 1214 |
| 8 | 693 | 777 | 1467 |
| 9 | 545 | 583 | 1128 |
| 10 | 907 | 920 | 1827 |
| Total | 6888 | 7070 | 13956 |

പൊതുവെ ആരോഗ്യമുള്ള ജനതയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. മാരക രോഗങ്ങളോ, പകർച്ചവ്യാധികളോ അധികം കാണുന്നില്ല. ഭൂരിഭാഗം ജനതയും ഏർപ്പെട്ടിരിക്കുന്നത് കാർഷികവൃത്തിയിലാണ്. 5113 പേർ 18 വയസ്സിനു താഴെയുള്ളവരാണ്. ജനനനിരക്ക് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ ജനനനിരക്കിനെക്കാൾ താഴെയാണ് നമ്മുടെ പഞ്ചായത്തിന്റെ ജനനനിരക്ക്. മരണനിരക്കും നിയന്ത്രണ വിധേയമാണ്. പഞ്ചായത്തിലെ ജനനമരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 283 | 104 | - |
| 1994-95 | 284 | 129 | - |
| 1995-96 | 86 | 111 | - |

വിവധ ആചാരങ്ങളാലും ആഘോഷങ്ങളാലും കേരളപാരമ്പര്യത്തിന്റെ തനിമ നിലനിർത്തുകയും ഭൂതകാല സ്മരണകൾ സ്മൃതിപഥത്തിലേക്ക് എത്തിക്കുകയും ചെയ്യുന്ന ജനങ്ങളാണ് കോട്ടായിലേത്.

## ജലപ്രകൃതി:

പഞ്ചായത്തതിർത്തിയിലൂടെ ഒഴുകുന്ന പുഴയും രണ്ട് തോടുകളും പിന്നെ പുരാതനമായ നീരുറവകളും സ്വകാര്യ വ്യക്തികൾക്ക് കീഴിലുള്ള കുളങ്ങളും പഞ്ചായത്തിന്റെ മൂന്ന് കുളങ്ങളും (കണ്ടത്താർകാവ്കുളം, പൊട്ടൻകുളം, ചേവകുളം) പിന്നെ 34 പഞ്ചായത്ത് കിണറുകളും സ്വകാര്യ വ്യക്തികളുടെ കിണറുകളുമായി പഞ്ചായത്തിന് ജല ലഭ്യതക്ക് വളരെ പ്രയാസം അനുഭവപ്പെടുന്നില്ല. മുൻകാലങ്ങളിൽ ഭാരതപ്പുഴയിൽ നിന്നും ആവശ്യത്തിനു ജലം ലഭിച്ചിരുന്നു എന്നാൽ നിയന്ത്രണമില്ലാതെയുള്ള മണൽവാരൽ നിമിത്തം പുഴയുടെ ആഴം നഷ്ടമാവുകയും ചേങ്ങോലുകൾ വളരുകയും ചെയ്തിരിക്കുന്നു. ഇത് മൂലം പുഴയുടെ ഒഴുക്ക് നഷ്ടമായിരിക്കുകയാണ്. പുഴയിൽ കാളികാവിനു സമീപത്തായി ഒരു തടയണ നിർമ്മിക്കുകയാണെങ്കിൽ ഒന്നും രണ്ടും വാർഡിലെ ജലലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്. അതുവഴി പഞ്ചായത്തിലെ മറ്റു പ്രദേശത്തേക്കും ജലം എത്തിക്കാൻ കഴിയും. ഭാരതപുഴയോട് ചേർന്നുകിടക്കുന്ന തോടും പുളിനെല്ലിയിലെ തെക്കേതോടും ഇപ്പോൾ കൾഷകർക്ക് ഉപയോഗപ്രദമാണ്. പക്ഷെ അവയെ സംരക്ഷിക്കുകയാണെങ്കിൽ കർഷകർക്ക് മൂന്നാംവിളക്കും ഉപയോഗപ്രദമാകുന്നതാണ്. കോട്ടായി പഞ്ചായത്തിന്റെ ജലദൗർലഭ്യം ഏറ്റവും അധികം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിക്കാൻ കഴിയണം. കൃഷിയും ജലസേചനവും എന്ന അദ്ധ്യായത്തിൽ ജലദൗർലഭ്യം പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യ വ്യക്തികളിൽ ഉള്ള കുളങ്ങൾ ഏറ്റെടുക്കാൻ സാധിക്കുകയാണെങ്കിൽ നല്ലൊരു ശതമാനം ജലപ്രശ്നം പരിഹരിക്കാൻ കഴിയും.

## പഞ്ചായത്തതിർത്തിയിലുള്ള പ്രധാനപ്പെട്ട കുളങ്ങൾ

| വാർഡ് | കുളങ്ങളുടെ പേര് |
|---|---|
| 1 | 1. ചെറുകുളം |
| | 2. പൊട്ടൻകുളം |
| | 3. കൂത്തലക്കാട്കുളം |
| | 4. മേലാറ്റിൻകരകുളം (തെക്കിൻകരകുളം) |
| 2 | 1. കൈതക്കുളം |
| | 2. കേനംകുളം |
| | 3. ചാത്തൻകുളം |
| | 4. കവറക്കുളം |
| | 5. പെരുംകുളം |
| | 6. പടിഞ്ഞാറ്റുകുളം |
| 3 | 1. മണ്ഡലക്കോട്ടുകുളം |
| | 2. പൂതാട്ടുകുളം |
| | 3. തലക്കുളം |
| | 4. ചെട്ടീനംകുളം |
| | 5. സഭമഠംകുളം |
| | 6. തച്ചക്കുറക്കുളം |
| | 7.തെക്കേക്കരക്കുളം |
| | 8. ഇലിപ്പപിന്നികുളം |
| | 9. മുള്ളപ്പള്ളികുളം |
| 4 | 1. കൈപ്പോത്തുകുളം |
| | 2. എരികുളം |
| | 3. കുന്നംകാട്ടുകുളം |
| | 4. മലയംകാട്ടുകുളം |
| | 5. ചെമ്പൈകുളം |
| | 6. മെഴുകൻകുളം |
| 5 | 1. ഭഗവതിക്കുളം |
| | 2. അയ്യൻകുളം |
| | 3. കൊല്ലങ്കോട്ടുകുളം |
| | 4. ഉറവുകുളം |
| 6 | 1. അയിലംകുളം |
| | 2. അയ്യപ്പൻകാവ്കുളം |
| 7 | 1. ചെമ്പരത്തിയം പറമ്പ്കുളം |
| | 2. ചെറുപ്പടികുളം |
| | 3. മേക്കണാംകുളം |
| | 4. മാന്നംകുളം |
| | 5. ആലംകുളം |

8 1. പട്ടത്തുകുളം

2. കണക്കുളം

3. ഇടക്കാട്ടു കുളം

9 1. പൂവക്കോട്ടുകുളം

2. പാതിരാകുളം

3. ഇരട്ടക്കുളം

4. അമ്പലക്കുളം

5. കൊറ്റുകുളങ്ങരകുളം

6. കറുവാ കുളം

10 1. ചേവക്കുളം

2. കുറുപ്പിച്ചാം കുഴിക്കുളം

3. മേക്കനാംകുളം

4.മാനാംകുളം

5. ആലംകുളം

പഞ്ചായത്തിനു കീഴിൽ മൂന്നു കുളങ്ങളാണ് ഉള്ളത്. സ്വകാര്യ വ്യക്തികളിൽ നിന്നും ഈ കുളങ്ങളേറ്റെടുത്ത് സംരക്ഷിക്കുകയാണെങ്കിൽ ജലപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിയും. മറ്റൊരു ജലമാർഗ്ഗം മലമ്പുഴ കനാൽവഴി എത്തുന്ന വെള്ളമാണ്.

## ജനപ്രകൃതി:

| 1. Location code No. | 2. Name of Village | 3. Area of village in Occupational | 4. Residential House holds | 5. No. of house holds | 6. Total polulation including institutional houseless population | | | 9. Total population with age group (0-6) | | | 12. SC | | 14. ST | | 16.Literate | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | P | M | F | P | M | F | M | F | M | F | M | F |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | Kottayi No. I | 1017.06 | 2030 | 2043 | 10833 | 5315 | 5518 | 1357 | 687 | 670 | 1606 | 1903 | Nil | Nil | 4050 | 3570 |
| 2 | Kottayi No. II | 978.44 | 1615 | 1615 | 8236 | 3901 | 4335 | 1018 | 502 | 516 | 1161 | 1163 | Nil | Nil | 2980 | 2870 |



# 5. സാമൂഹിക സാമ്പത്തിക മേഖലകൾ

# 5.1 കൃഷിയും അനുബന്ധ മേഖലയും

കൃഷിക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്താണ് കോട്ടായി. ഭൂരിപക്ഷം ജനങ്ങളുടേയും വരുമാന മാർഗ്ഗം കൃഷിയും, കാർഷികമേഖലയുമായി ബന്ധപ്പെട്ട മറ്റു മേഖലയിൽ നിന്നുമാണ്. കോട്ടായി പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലായി 964 ഹെക്ടർ കൃഷിഭൂമിയുണ്ട്. മുൻകാലങ്ങളിൽ ജന്മിത്വ സമ്പ്രദായം നിലവിൽ ഉണ്ടായിരുന്നു. ഏകദേശം 58 ഓളം ജന്മിമാരാണ് കോട്ടായി പഞ്ചായത്തിന്റെ ഭൂമി കൈവശം വെച്ചിരുന്നത്. കൃഷി ഉടമ കർഷകതൊഴിലാളി ബന്ധത്തിൽ വന്ന സമൂലമായ പരിവർത്തനംകൊണ്ട് കോട്ടായിന്റെ കാർഷിക മേഖലയെ ആകെ തന്നെ ഗുണപരമായി മാറ്റപ്പെട്ടു. മുൻകാലങ്ങളെ അപേക്ഷിച്ച് കാർഷിക മേഖലയെ ഒഴിവാക്കി മറ്റു തൊഴിലുകളിലേക്ക് ജനങ്ങളുടെ തെരഞ്ഞെടുപ്പ് വർദ്ധിച്ചു വരുന്നു. ചെറിയ ഒരു ശതമാനം ജനങ്ങൾ മാത്രമേ കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നുള്ളു. പുതിയ തലമുറ കാർഷിക മേഖലയെ ഒഴിവാക്കി പുതിയ മേച്ചിൽപ്പുറങ്ങൾ തേടുന്നുണ്ട്. ഇത് ഒരു പക്ഷേ കാർഷിക ഉല്പന്നങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മുരടിപ്പായിരിക്കും. വർദ്ധിച്ചു വരുന്ന ചിലവുകളും അതിനനുസൃതമായി ഉല്പന്നങ്ങൾക്ക് ലഭിക്കാത്ത വിലയും കാരണം കാർഷിക മേഖലക്ക് മുരടിപ്പ് അനുഭവപ്പെടുന്നു. കാർഷിക രംഗത്തെ മറ്റൊരു പ്രധാന പ്രശ്നം കാലാകാലങ്ങളിൽ ലഭിക്കുന്ന മഴയെമാത്രം ആശ്രയിക്കുന്നതു കൊണ്ടാണ്. മലമ്പുഴ കനാൽവെള്ളം വേണ്ടത്ര കൃത്യമായി ലഭിക്കാത്തതും എല്ലാ പ്രദേശങ്ങളിലും മലമ്പുഴവെള്ളം എത്താത്തതും കാർഷിക ഉല്പന്നങ്ങൾളെ സാരമായി ബാധിക്കുന്നു. മറ്റൊരു പ്രധാന പ്രശ്നം കൃത്യമായി ആവശ്യമുള്ള രാസവളങ്ങൾ ലഭിക്കാതിരിക്കുന്നതും ഉല്പാദനത്തെ ബാധിക്കാറുണ്ട്.

കോട്ടായി പഞ്ചായത്ത് മുഖ്യമായും ഉല്പാദിപ്പിക്കുന്നത് നെല്ലാണ്. ഭൂരിപക്ഷം കർഷകരും വർഷത്തിൽ രണ്ടുതവണയും അത്യാവശ്യം ചിലയിടങ്ങളിൽ വർഷത്തിൽ മൂന്നു തവണയും ഉല്പാദനം നടത്താറുണ്ട്. മുൻപുകാലങ്ങളിൽ യാതൊരുവിധ രാസവളങ്ങളും ഉപയോഗിക്കാതെയായിരുന്നു നെല്ല് ഉല്പാദിപ്പിച്ചിരുന്നത്. എന്നാൽ 1950-51 വർഷം കോട്ടായിലെ കോട്ടചന്തയിൽ വാഹനത്തിൽ കൊണ്ടുവന്നിറക്കിയ രാസവളം സൗജന്യമായാണ് കർഷകർക്ക് നൽകിയത്. അതുപയോഗിച്ച് ഗുണം കിട്ടിയ കർഷകർ അടുത്തതവണ ചെന്നപ്പോൾ അതിന് കാശ് നൽകേണ്ടിവന്നു. അങ്ങിനെ ആരംഭിച്ച രാസവള പ്രയോഗം ഇന്ന് അത്യന്താപേക്ഷിതമായി മാറിയിരിക്കുകയാണ്. ഇന്ന് പ്രധാനമായും ഉപയോഗിക്കുന്ന രാസവളങ്ങൾ നൈട്രജൻ വളങ്ങളും ഫോസ്ഫേറ്റ് വളങ്ങളും, പൊട്ടാഷ് വളങ്ങളുടേയും മിശ്രിതമാണ്. ആദ്യകാലങ്ങളിൽ ഉപയോഗിച്ച നെല്ല് ചിറ്റേനി, ചീര, ചമ്പാൻ, വെള്ളക്കോലി, തവളക്കണ്ണൻ, കിച്ചടി തുടങ്ങിയ നെല്ലുകൾ ഇരിപ്പു നിലങ്ങളിലും മോടൻ പറമ്പ്വട്ടൻ എന്നീ ഇനങ്ങളിൽ ഉള്ള നെല്ലുകൾ കരപ്രദേശങ്ങളിലും ഒരുപ്പൂനിലങ്ങളിലും മഴയെ ആശ്രയിച്ച് കൃഷിചെയ്തിരുന്നു.

താരതമ്യേന 5 മുതൽ 8 മേനിവരെ വിളവാണ് കിട്ടിയിരുന്നത്. യന്ത്രവൽക്കൃത കാർഷിക ഉപകരണങ്ങൾ വൈകിയാണ് എത്തിയത്.

ആദ്യകാലങ്ങളിൽ കോട്ടായിലെ കൃഷി ഉല്പാദകരായ കുടിയാന്മാർക്ക് വളരെ തുച്ഛമായ വരുമാനമേ പാട്ടം അളന്നതിനു ശേഷം ലഭിക്കുമായിരുന്നുള്ളൂ. കേരളത്തിലെ ജന്മിത്വ സമ്പ്രദായങ്ങളിലെ എല്ലാവിധ ചൂഷണങ്ങളും കോട്ടായിലും നിലനിന്നിരുന്നു. ഉല്പാദിപ്പിച്ച നെല്ലിന്റെ ഭൂരിഭാഗവും പാട്ടമായി അളന്ന് നൽകണമായിരുന്നു. കൂലിയായി കർഷക തൊഴിലാളികൾക്ക് ലഭിച്ചത് നിത്യജീവിതത്തിന് തികയാത്തവിധമായിരുന്നു. ഇരുപതിന് ഒന്ന് പതവും ഒന്നര ഇടങ്ങഴി നെല്ലും സ്ത്രീകൾക്കും ഇരുപതിനൊന്ന് പതവും രണ്ടിടങ്ങഴി നെല്ലും ആയിരുന്നു പുരുഷൻമാർക്കുള്ള കൂലി. പരമ്പരാഗത കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ 20-1 പതത്തിനും, 1½, 2 ഇടങ്ങഴി നെല്ല് കൂലിക്കു പുറമെ വളരെ രസകരമായ കാഴ്ച കൊയ്ത്തു സമയത്ത് കാണാറുണ്ട്. കൊയ്ത്തിനു പോവുമ്പോൾ കർഷക തൊഴിലാളികൾ ഒരു തൊട്ടി കൊണ്ടുപോവും. സുമാർ ഒരു മീറ്റർ നീളമുള്ള ഈ തൊട്ടിയിൽ കൊയ്ത്ത് കഴിയുമ്പോഴേക്കും സുമാർ രണ്ടുപറ നെല്ലോളം ഈ തോട്ടിയിൽ ഉണ്ടാവും. കൂലി കൊടുക്കുന്നതിനോടൊപ്പം തന്നെ ഈ തൊട്ടിനെല്ല് തൊഴിലാളികൾക്ക് പകുതി ഉടമസ്ഥനു പകുതി (ഇതിന് തൊട്ടി നെല്ല് വാരുക എന്നാണ് പറയുക). ഈ തൊട്ടി നെല്ല് വാരുന്ന കാഴ്ച അദ്ഭുതം ഉണ്ടാക്കുന്നതാണ്. അങ്ങിനെ ദ്വിമുഖമായ ചൂഷണത്തിന് വിധേയരാണ് കാർഷിക ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കപ്പെട്ടിരുന്നത്. ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ കോട്ടായിൽ വളരെ പണ്ടെ നിലനിന്നിരുന്നു. ആധുനിക കൃഷിസമ്പ്രദായങ്ങൾക്ക് മത്തൃകയായി കോട്ടായിലെ പല കൃഷിയിടങ്ങളിലും ഉല്പാദന സമ്പ്രദായങ്ങൾ ചിട്ടപ്പെടുത്തിയിരുന്നു. ജലലഭ്യതയെ കൃത്യമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുമാറായിരുന്നു മുൻകാല കാർഷിക രംഗം. കാലാവസ്ഥയെപ്പറ്റി പണ്ടുമുതൽ നേടിയെടുത്ത നാട്ടറിവ് ഉപയോഗിച്ച് നന്നായി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഇവിടത്തെ കർഷകർ ബഹുദൂരം മുന്നിൽ ആയിരുന്നു. അന്ന് പ്രധാനമായും ഉല്പാദിപ്പിച്ച നെല്ല് പത്തായങ്ങളിൽ സൂക്ഷിക്കുകയായിരുന്നു പതിവ്. ജന്മിത്വ സമ്പ്രദായം അവസാനിച്ചതിനു ശേഷം സംസ്ഥാനത്തിന്റെ റേഷനിംഗിനു വേണ്ടിയുള്ള ലെവി നെല്ല് അളക്കലിൽ കോട്ടായിലെ കർഷകർ സജീവമായി സഹകരിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥയ്ക്കു ശേഷം ലെവി നെല്ല് അളക്കൽ അവസാനിച്ചതിനു ശേഷം പൊതു വിപണിയിൽ നെല്ല് അളക്കാൻ തുടങ്ങി. മുൻകാലങ്ങളിൽ മുതൽ ഇന്നേവരെ കൃത്യമായി നെല്ലിനു വിലകിട്ടാതിരിക്കുക എന്നത് വളരെയേറെ പ്രയാസം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്.

പഴയകാല നെല്ലിന്റെ ഉല്പാദക ക്ഷമത കുറഞ്ഞതുകൊണ്ടും രാസവള പ്രയോഗത്തിന്റെ കടന്നു വരവോടും കൂടി പഴയ നെൽ വിത്തുകൾ അപ്രതക്ഷ്യമായി. അതിനുശേഷം കടന്നുവന്ന വിത്തുകൾ CO25, CO19, IR8, നൈനാൻ III എന്നിവയാണ് ആദ്യകാല സങ്കര ഇനങ്ങൾ ക്രമമായി ഉല്പാദക ക്ഷമത വർദ്ധിച്ചുകൊണ്ടേയിരുന്നു. എന്നാൽ തുടരെ തുടരെയുള്ള ഇവയുടെ കൃഷിമൂലം ഉല്പാദക ക്ഷമത കുറയുകയും, രാസവളപ്രയോഗത്തിന്റെ ആവശ്യകത വർദ്ധിക്കുകയും, നെല്ലിന്റെ രോഗപ്രതിരോധശേഷി കുറയുകയും അത്യുല്പാദന ശേഷിയുള്ള മറ്റു നെല്ലിനങ്ങൾ നിലവിൽ വന്നതോടെ മേൽപറഞ്ഞ വിത്തുകൾ അപ്രത്യക്ഷമായി. തുടർന്നു വന്ന പ്രധാന വിത്തുകൾ ഹ്രസ്വ മദ്ധ്യകാല മൂപ്പുള്ള ഇനങ്ങളായ മസൂരി, കൈരളി, ആതിര, ജയ, കുഞ്ഞ് കുഞ്ഞ് എന്നീ വിത്തുകളാണ് നിലവിൽ വന്നത്. നിലവിലുള്ള ഈ വിത്തിനങ്ങൾ ആണ് ഇന്ന് കോട്ടായിലെ കർഷകർ ഉപയോഗിക്കുന്നത്. തുടർന്ന് വന്നുകൊണ്ടിരിക്കുന്ന കൃഷിസമ്പ്രദായങ്ങൾ നിമിത്തം ഇനിയും പുതിയ വിത്തുകൾ കടന്നു വരാനുള്ള സാദ്ധ്യത തള്ളികളയാനാവില്ല.

ഇന്നത്തെ കൃഷിസമ്പ്രദായത്തിൽ പ്രധാന പ്രശ്നം കർഷകർക്ക് ഉല്പാദിപ്പിക്കാൻ ചെലവു കൂടുതലും ഉല്പാദിപ്പിച്ചതിന് കൃത്യമായ വില കിട്ടായ്കയുമാണ്. കോട്ടായിൽ നെൽകൃഷി 3348 ഏക്കർ സ്ഥലങ്ങളിൽ നടത്തുന്നുണ്ട്. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കോട്ടായി പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ലിന്റെ വിപണനം നടത്തുന്നതിന് കൃത്യമായ സൗകര്യം ഇല്ല. ചെറുകിട കച്ചവടക്കാരിൽ നിന്നും വൻമില്ലുകൾ വാങ്ങിയെടുക്കുന്ന നെല്ല് വളരെ പെട്ടെന്നു തന്നെ അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. ചെറുകിട കച്ചവടക്കാരിൽ നിന്നും കൃത്യമായ വില കിട്ടാതിരിക്കുന്നത് കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ്. വിപണന രംഗത്ത് ചില ശാസ്ത്രീയമായ ചുവടുവെയ്പ്പ് നടത്തിയാൽ മാത്രമെ കർഷകർ മില്ലുടമകളിൽ നിന്നുള്ള ചൂഷണത്തിൽ നിന്നും രക്ഷപ്രാപിക്കാൻ കഴിയുകയുള്ളൂ. ഏറ്റവും അഭികാമ്യമായ സംഗതി സഹകരണ മേഖലയിൽ ഉല്പന്നങ്ങൾ സംഭരിക്കലാണ്. ഗ്രാമസഭകളിൽ നിന്നും ഇതിന് അനുസൃതമായ ചർച്ചകൾ ഉയർന്നു വന്നിട്ടുണ്ട്.

നെൽകൃഷിക്ക് ഇപ്പോൾ അനുഭവപ്പെടുന്ന മററൊരു സംഗതി കീടങ്ങളാണ്. കണക്കുകൾ പരിശോധിക്കുമ്പോൾ കീടനാശിനികളുടെ പ്രയോഗം വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയുന്നു. കീടനാശിനികളുടെ പ്രയോഗം ഉല്പാദനത്തെ ബാധിക്കുന്നു. പുതിയ തരം വിത്തുകൾക്ക് രോഗപ്രതിരോധ ശേഷി ഉളവാകുന്നതു നിമിത്തം കീടനാശിനികളുടെ ഉപയുക്തത വർദ്ധിപ്പിക്കുന്നു. 1993 വർഷത്തിൽ പഞ്ചായത്തിലെ ഒരു സഹകരണ ബാങ്കിൽ നിന്നും അഞ്ച് സ്വകാര്യ കടകളിൽ നിന്നും വാങ്ങിയ കീടനാശിനി ദ്രാവകരൂപത്തിലുള്ളത് 50 lt. ഉം ഖരരൂപത്തിലുള്ളത് 45 kg യും ആയിരുന്നു. ബാങ്കിൽ 1994-95 വർഷത്തിൽ ദ്രാവകരൂപത്തിൽ 65 lt.ഉം ഖരരൂപത്തിൽ ഉള്ളത് 69 kg യുമായി വർദ്ധിച്ചു. 1995-96 വർഷത്തിൽ ദ്രാവകരൂപത്തിൽ 72 lt. ഉം ഖരരൂപത്തിൽ ഉള്ളതും 74 kg യുമാണ്. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ക്രമമായി കീടനാശിനികളുടെ ഉപയോഗം വർദ്ധിച്ചു വരികയാണ്. ദ്രാവകരൂപത്തിലുള്ള കീടനാശിനി 50 lt- 65 lt. - 72 lt. എന്നീ ക്രമത്തിൽ വർദ്ധിക്കുകയുണ്ടായി. ഖരരൂപത്തിലുള്ളതാകട്ടെ 45 kg - 69 kg - 74 kg. മൂന്നു വർഷങ്ങളിലായി ഇത്തരത്തിൽ കീടനാശിനികളുടെ ഉപയോഗത്തിലുള്ള വർദ്ധനവ് ഗൗരവമായി പരിശോധിക്കേണ്ടുന്ന കാര്യമാണ്. കോട്ടായിൽ പുതിയ തരത്തിലുള്ള കീടങ്ങൾ വരുന്നുണ്ടോ എന്ന് ശാസ്ത്രീയമായി പരിശോധിക്കണം.

നെൽകൃഷിയുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നം മണ്ണിന്റെ ഗുണനിലവാരമാണ്. ഏതൊരു കൃഷിയുടേയും നിലനില്പിലേക്കുള്ള അടിസ്ഥാന ഘടകമാണ് മണ്ണും, ജലവും, വളവും. ഇതിൽ ഏറ്റവും പ്രധാനം മണ്ണുതന്നെ നമ്മുടെ പ്രദേശത്ത് തുടർച്ചയായി നെൽകൃഷി നടത്തുന്നതിനാൽ മണ്ണിൽ നിന്നും നഷ്ടപ്പെടുന്ന മൂലകങ്ങളുടെ അളവ് വളരെ കൂടുതലാണ്. ഇത് നിലനിർത്താൻ ഓരോ സീസണിന്റെ തുടക്കത്തിലും കൃത്യമായ മണ്ണുപരിശോധന നടത്തി മണ്ണിലുള്ള മൂലകങ്ങളുടെ അളവ് അറിയേണ്ടത് അത്യാവശ്യമാണ്. മണ്ണുപരിശോധന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആവശ്യമായത്ര രാസവളവും ജൈവവളവും ചേർക്കണം ഇത്മൂലം കൃഷിയുടെ അധിക ചെലവ് ഒഴിവാക്കാനും അമിത വളപ്രയോഗം മൂലം ഉണ്ടാവുന്ന ദോഷഫലങ്ങൾ മണ്ണിന്റെ ഘടനയിലുള്ള തകർച്ച, കീടങ്ങളുടേയും രോഗങ്ങളുടേയും ആധിക്യം എന്നിവ നിയന്ത്രിക്കാവുന്നതാണ്. മണ്ണുപരിശോധന കൃത്യമായും ഓരോ സീസണുമുൻപ് നടത്തേണ്ടതാണ്. അതിനുതകുന്ന വിധത്തിൽ മണ്ണുപരിശോധനാ കേന്ദ്രം ഇന്ന് നിലവിൽ ഇല്ല. ഈ പ്രശ്നം പരിഹരിക്കാൻ പഞ്ചായത്തിൽ സഞ്ചരിക്കുന്ന മണ്ണുപരിശോധനാ കേന്ദ്രം നിർമ്മിക്കണം. പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. കാർഷിക പുരോഗതിക്കുതകുന്ന ഇത്തരം ശാസ്ത്രീയ മാർഗ്ഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

നെല്ലുല്പാദനത്തിൽ വരുത്താവുന്ന മറ്റൊരു പ്രധാന ചുവടുവെപ്പാണ് കൂട്ടുകൃഷി സമ്പ്രദായം. കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ ഒരേസമയം എല്ലാ കർഷകരും കൃഷിയിറക്കുകയാണെങ്കിൽ നഷ്ടപ്പെട്ടുപോവുന്ന ദുർവ്യയം തടയാവുന്നതാണ്. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കാൻ ഏറ്റവും അധികം നേതൃത്വം നൽകാൻ കഴിയുക നെല്ലുല്പാദക സമിതികൾക്കാണ്. കോട്ടായി പഞ്ചായത്തിൽ ആകെ 34 എണ്ണം നെല്ലുല്പാദക സമിതികളുണ്ട്. ഇവയിൽ പതിനേഴെണ്ണം മാത്രമാണ് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നത്. കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുകയാണെങ്കിൽ ഒരേ സമയത്തുതന്നെ കൃഷിയിറക്കി കൃഷിപ്പണികൾ ഒരേസമയം ചെയ്യാൻ കഴിയും. എന്നാൽ നമ്മുടെ പഞ്ചായത്തിൽ വളരെ വിരളമായി മാത്രമേ കാണാറുള്ളൂ. തന്മൂലം കൃഷിയിൽ ചിലവും മുഞ്ഞ തുടങ്ങി രോഗങ്ങളുടെ ആധിക്യം ഉണ്ടാവുന്നു. ഇത് ഒഴിവാക്കാനായി നെല്ലുല്പാദക സമിതികൾക്ക് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാൻ കഴിയും.

നാം നേരിടുന്ന അപര്യാപ്തത ഗുണമേന്മയുള്ള നെൽവിത്തുകൾ ലഭിക്കാത്തതാണ്. ഉല്പാദനശേഷി കൂടുതലുള്ളതും മെച്ചപ്പെട്ട രോഗപ്രതിരോധ ശക്തിയുള്ളതുമായ നെൽവിത്തുകൾ ഉണ്ടാക്കാൻ പ്രാദേശികമായി പാടശേഖര സമിതികൾ വിത്തുസംരക്ഷണകേന്ദ്രം ഉണ്ടാക്കുകയും വേണം.

നെൽകൃഷിക്കാർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം കാർഷികോപകരണങ്ങളുടെ ലഭ്യതയുടെ കുറവാണ്. ഓരോ പാടശേഖര സമിതികൾക്കും ഓരോ ട്രാക്ടർ വീതം ആവശ്യമായത്ര പമ്പുസെറ്റുകൾ, പവർടില്ലറുകൾ, മോട്ടോറുകൾ എന്നിവ ലഭ്യമാക്കൻ കഴിഞ്ഞാൽ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

കാലവർഷത്തേയും കനാൽവെള്ളത്തേയും ആശ്രയിച്ച് കൃഷിയിറക്കുന്ന കർഷകർക്ക് വലിയൊരു പ്രശ്നം തന്നെയാണ്. ഗ്രാമസഭകളിൽ കർഷകരിലൂടെ വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നതാണ്.

നെല്ലുൽപാദനം കഴിഞ്ഞാൽ കോട്ടായി നിവാസികൾ ഏർപ്പെട്ടിരിക്കുന്ന പ്രധാന കൃഷിമാർഗ്ഗം പച്ചക്കറിയാണ്. പച്ചക്കറിക്ക് അനുയോജ്യമായ സാഹചര്യങ്ങൾ കോട്ടായിലുണ്ട്. കാലാവസ്ഥക്ക് അനുസൃതമായി നെൽകൃഷിയുടെ വരമ്പുകളിലും വീട്ടുവളപ്പിലും പൊറ്റകൃഷിയിടങ്ങളിലും പച്ചക്കറി കൃഷി ചെയ്തു വരുന്നുണ്ട്. ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ വിപണന സൗകര്യത്തിന്റെ അപര്യാപ്തത വളരെയേറെയുണ്ട്. കർഷകർക്ക് ആവശ്യമായ നല്ലയിനം പച്ചക്കറി വിത്തുകൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യേണ്ടതുണ്ട്. ഉല്പാദനം ചെയ്യുന്ന പച്ചക്കറി വിപണനം നടത്തുമ്പോഴേക്കും ഇടത്തട്ടുകാരുടെ ഇടപെടൽമൂലം തുച്ഛമായ ലാഭമേ ലഭിക്കുന്നുള്ളൂ. ഉല്പാദിപ്പിക്കുന്ന പച്ചക്കറി വിഭവം കൊണ്ട് കൊണ്ടാട്ടം, അച്ചാർ, ജാം, ജെല്ലി, സ്ക്വാഷ് എന്നിവ ഉണ്ടാക്കാവുന്നതാണ്. പച്ചക്കറി കൃഷിക്ക് ഉല്പാദന ബോണസ് എന്നിവ നൽകാൻ കഴിയണം.

കേരള സംസ്ഥാനത്തിൽ ഏറ്റവുമധികം മധുരകിഴങ്ങ് (ചക്കരക്കിഴങ്ങ്) ഉല്പാദിപ്പിക്കുന്നത് കോട്ടായിൽ ആണ്. ആദ്യകാലങ്ങളിൽ വെള്ള പിന്നെ, ചുവന്ന ഇനത്തിൽപെട്ട കിഴങ്ങാണ് ഉല്പാദിപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അത്യുല്പാദന ശേഷിയുള്ള വെള്ളകിഴങ്ങാണ് ഉല്പാദിപ്പിക്കുന്നത്. മധുരകിഴങ്ങ് ഉല്പാദനത്തിൽ ശാസ്ത്രീയമായ നിർദ്ദേശങ്ങൾ നൽകാൻ കൃഷിഭവനും കഴിയുന്നില്ല എന്നൊരു പോരായ്മയുണ്ട്.

ഇവയ്ക്കു പുറമെ പഞ്ചായത്തിൽ തെങ്ങ്, ഇഞ്ചി, വാഴ, റബ്ബർ എന്നിവയും ഉല്പാദിപ്പിക്കുന്നുണ്ട്. ഭൂരിപക്ഷം ജനങ്ങളും സ്വന്തം പുരയിടങ്ങളിൽ തെങ്ങ് വെച്ചുപിടിപ്പിക്കുന്നുണ്ട്. ശാസ്ത്രീയമായ നിർദ്ദേശങ്ങൾ കിട്ടുകയാണെങ്കിൽ ഇഞ്ചികൃഷി വളരെയധികം ലാഭകരമാണ്.

## പ്രാദേശിക ഉല്പാദകങ്ങളുടെ അവസ്ഥ:-

**1. മണ്ണ്:** ഫലപുഷ്ടിയുള്ള മണ്ണാണ് ഈ പ്രദേശം. തുടർച്ചയായി നെൽകൃഷി നടത്തുന്നതുമൂലം മണ്ണിൽ നിന്ന് മൂലകങ്ങൾ നഷ്ടമാകുന്നു. അമിതമായ രാസവളപ്രയോഗം മൂലം മണ്ണ് മരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ നമുക്കുണ്ട്. പ്രധാനമായും നാലുതരത്തിലുള്ള മണ്ണാണുള്ളത്. 1. മണൽ കലർന്ന മണ്ണ്, 2. ചരൽ മണ്ണ്, 3. പശിമരാശി മണ്ണ്, 4. എക്കൽ മണ്ണ് എന്നിവയാണ്.

കോട്ടായി പഞ്ചായത്തിന്റെ മൺതരങ്ങളുടെ ശതമാനക്രമം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ.

ചിത്രം - 1

| | ഇനം | ശതമാനം | പ്രധാന മൂലകങ്ങളുടെ നില | | |
|---|---|---|---|---|---|
| | | | N | P | K |
| 1 | മണൽ കലർന്ന മണ്ണ് | 45% | കുറവ് | കുറവ് | കുറവ് |
| 2 | ചരൽ മണ്ണ് | 25% | കുറവ് | കുറവ് | കുറവ് |
| 3 | പശിമരാശി മണ്ണ് | 28% | മദ്ധ്യമം | മദ്ധ്യമം | കുറവ് |
| 4 | എക്കൽ മണ്ണ് | 2% | കുറവ് | കുറവ് | മാദ്ധ്യമം |
| | ആകെ | 100% | | | |

## ജലസേചനം:-

പ്രധാനമായും മഴയെ ആശ്രയിച്ചുമാത്രം കൃഷിയിറക്കുന്ന രീതിയാണ് നാം ആശ്രയിച്ചിരിക്കുന്നത്. മലമ്പുഴ അണക്കെട്ടിൽ നിന്നുള്ള വെള്ളം സുമാർ 25 k.m. ഓളം ദൂരം സഞ്ചരിച്ചാണ് ഈ പ്രദേശത്ത് എത്താറുള്ളത്. പഞ്ചായത്തിൽ ഏകദേശം 58 സ്വകാര്യ കുളങ്ങൾ ഉണ്ട്. എന്നാൽ ഇവയൊന്നും പൂർണ്ണായി ജലസേചനത്തിന് ഉപയുക്തമല്ല. കോട്ടായി പഞ്ചായത്തിന്റെ ഭൂഗർഭ ജലവിതാനം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| ക്രമ നമ്പർ | പ്രദേശങ്ങൾ | ഭൂനിരപ്പിൽ നിന്നുള്ള ജലവിതാനം മീറ്ററിൽ |
|---|---|---|
| 1 | താഴ്‌വര | 3 to 4 |
| 2 | സമതലം | 8 to 12 |
| 3 | കുന്നിൻ പ്രദേശങ്ങൾ | 18 to 21 |

## വിളവിഭവങ്ങൾ:-

കോട്ടായി പഞ്ചായത്തിന്റെ മുഖ്യകൃഷി നെല്ലാണ്. തെങ്ങ്, വാഴ, പച്ചക്കറികൾ, മരച്ചീനി, ഇഞ്ചി, മധുരകിഴങ്ങ്, റബ്ബർ എന്നിവയാണ്. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| ക്രമ നമ്പർ | ഇനങ്ങൾ | വിസ്തീർണ്ണം | |
|---|---|---|---|
| | | H | A |
| 1 | കോട്ടായി I നെല്ല് ഒന്നാം വിള<br>രണ്ടാം വിള | 526 | 1929 |
| 2 | കോട്ടായി II നെല്ല് ഒന്നാം വിള<br>രണ്ടാം വിള | 438 | 1419 |
| 3 | റബ്ബർ | 12 ഏക്കർ | |

## വളപ്രയോഗം:-

പഞ്ചായത്തിൽ രാസവളപ്രയോഗങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം കൂടിക്കൂടി വരികയാണ്. സഹകരണ ബാങ്കിൽ നിന്നും ആറ് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കർഷകർ രാസവളങ്ങൾ വാങ്ങുന്നത്. രാസവളത്തിന്റേയും കീടനാശിനികളുടേയും ഉപയോഗം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

| സ്ഥാപനത്തിന്റെ പേര് | രാസവളം 93/94 | 94/95 | 95/96 |
|---|---|---|---|
| സ്വകാര്യം | 16500 | 68000 | 15000 |
| | 32500 | 35500 | 16000 |
| | 4500 | 6000 | 3000 |
| | 63000 | 16700 | 15000 |
| | 18500 | 45500 | 15250 |

## കാർഷിക വായ്പകൾ:-

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി മിതമായ നിരക്കിൽ കോട്ടായിലെ സഹകരണ ബാങ്കിൽ നിന്നും, കോട്ടായിലെ കത്തോലിക്ക സിറിയൻ ബാങ്കിൽ നിന്നും, പാലക്കാട്ടെ സ്റ്റേറ്റ് ബാങ്കിൽ നിന്നും, ബാങ്ക് ഓഫ് ബറോഡയിൽ നിന്നുമാണ് വായ്പകൾ എടുക്കുന്നത്.

## നടീൽ വസ്തുക്കളുടെ വിതരണം:-

കൃഷിഭവൻ മുഖേന പഞ്ചായത്തിൽ ഗുണനിലവാരമുള്ള വിത്തുകളും നടീൽ വസ്തുക്കളും മിതമായ നിരക്കിലും സൗജന്യ നിരക്കിലും വിതരണം ചെയ്തു വരുന്നുണ്ട്. ഒരു സ്വകാര്യ നഴ്സറിയും ഉണ്ട്. മാതൃകാ കൃഷി ഫാമുകൾ രൂപവൽക്കരിക്കാനും മാതൃകാ പുൽകൃഷി വെച്ചു പിടിപ്പിക്കുവാനും ഗ്രാമ സഭകളിൽ നിന്നുവരുന്ന നിർദ്ദേശങ്ങൾ ഗൗരമായി കാണേണ്ടതാണ്.

നടീൽ വസ്തുക്കളുടെ വിതരണ പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിതരണം നടത്തിയ ഇനങ്ങളുടെ എണ്ണം | കൃഷിഭവൻ മുഖേന | | | അംഗീകൃത നഴ്സറി മുഖേന | | | പ്രമുഖ കർഷകർ മുഖേന | | |
|---|---|---|---|---|---|---|---|---|---|---|
| | | 93-94 | 94-95 | 95-96 | 93-94 | 94-95 | 95-96 | 93-94 | 94-95 | 95-96 |
| 1 | നെല്ല് വിത്ത് | 3750 kg | 3250 | 2100 | - | - | - | - | - | - |
| 2 | WCT തെങ്ങിൻ തൈ | 1100 | 400 | 1670 | | | | | | |
| 3 | T x D " | 105 | 35 | 50 | - | | - | | | |
| 4 | D x T " | - | 50 | 100 | | - | - | - | - | - |
| 5 | കുരുമുളക് വള്ളികൾ | - | - | 11500 | - | - | - | - | - | - |
| 6 | ഞാവൽ തൈകൾ | 50 | - | - | - | - | - | - | - | - |
| 7 | മാവിൻ തൈകൾ | 100 | 145 | - | - | - | - | - | - | |
| 8 | പച്ചക്കറി കിറ്റ് | 1446 | 855 | 1375 | | | | - | | |
| 9 | പയർ വിത്ത് | - | 20 | 240 | | - | - | | - | |
| 10 | ചേന, ചേമ്പ് വിത്ത് | - | - | - | | 54Kit | 5Kit | - | - | |
| 11 | എള്ള് വിത്ത് | - | 10 | - | - | - | - | - | - | - |
| 12 | ഉഴുന്ന് വിത്ത് | 320 | 60 | 140 | - | - | | - | - | - |
| 13 | വാഴക്കന്ന് | - | 1000 | - | - | - | - | - | - | - |
| 14 | ചെറി തൈകൾ | 50 | 10 | - | | | | | | |
| 15 | കശുമാവ് തൈകൾ | - | - | 400 | - | - | - | - | - | - |

## കാർഷിക ഉപകരണങ്ങൾ:

കാർഷിക ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള സഹായം കൃഷിഭവൻ മുഖേന ലഭിക്കുന്നുണ്ട്. ട്രാക്ടറുകളും, സ്പ്രേയറുകളും, ടില്ലറുകളും കൃഷിവകുപ്പിലൂടെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. നമ്മൾ വിതരണം ചെയ്ത കണക്ക് കാർഷിക ഉപകരണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | കുറിപ്പ് |
|---|---|---|---|
| 1 | ട്രാക്ടർ | 3 | 3 പാടശേഖരങ്ങൾക്ക് (പരമാവധി സബ്സിഡി) Rs.88,000/= |
| 2 | നാപ്സാക് സ്പ്രേയർ | 8 | Rs.700/= ധനസഹായം ഒരു കുറ്റി പമ്പിന് |
| 3 | റോക്കർ സ്പ്രേയർ | 3 | Rs.1,000/= നിരക്കിൽ ധനസഹായം |
| 4 | തെങ്ങുകയറ്റ യന്ത്രം | 11 | Rs.500/= നിരക്കിൽ ധനസഹായം |
| 5 | പമ്പ്സെറ്റ് | 24 | 50% നിരക്കിൽ ധനസഹായം |

## കർഷകതൊഴിലാളികളും കൂലിനിരക്കും:-

കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് തൊഴിലാളികളുടെ എണ്ണം ഉണ്ട്. എങ്കിൽ പോലും മറ്റു തൊഴിലുകൾ തേടി പട്ടണത്തിലേക്ക് പ്രയാണം തേടിപോകുന്നതുകൊണ്ട് ചില സമയങ്ങളിൽ

തൊഴിലാളികളെ കിട്ടാൻ പ്രയാസം ഉണ്ട്. പഞ്ചായത്തിൽ മൊത്തത്തിൽ ആറായിരം കർഷക തൊഴിലാളികൾ ഉണ്ട്. പുരുഷന് അറുപതു രൂപയും സ്ത്രീക്ക് മുപ്പത്തിയഞ്ച് രൂപയും കൂലി നിരക്കുണ്ട്.

## ഉല്പാദനക്ഷമത:-

കൃഷിഭൂമി അനുദിനം തുണ്ടതുണ്ടമായി പെട്ടുകൊണ്ടിരിക്കുകയാണ്. വർദ്ധിച്ചു വരുന്ന ഗാർഹിക ആവശ്യത്തിനു വേണ്ടി കൃഷിഭൂമി നികത്തുന്നതു കൊണ്ടും പുതിയ കച്ചവട സ്ഥാപനങ്ങൾ നിർമ്മിക്കുന്നതു കൊണ്ടും ഉല്പാദന ക്ഷമത കുറഞ്ഞു വരുന്നു.

പഞ്ചായത്തിലെ പ്രധാന വിളവുകളുടെ ഉല്പാദന ക്ഷമത താഴെ കൊടുക്കുന്നു.

### ഉല്പാദനക്ഷമത

| ക്രമ നമ്പർ | വിള | ഉല്പാദനക്ഷമത |
|---|---|---|
| 1 | നെല്ല് ഒന്നാം വിള | 1800 to 2000 kg/ഹെക്ടർ |
| 2 | നെല്ല് രണ്ടാം വിള | 2000 to 2500 kg/ഹെക്ടർ |
| 3 | തെങ്ങ് | ആണ്ടിൽ തെങ്ങ് ഒന്നിന് 45 എണ്ണം തേങ്ങ |
| 4 | വാഴ | ശരാശരി 6 to 8 kg ഭാരമുള്ള വാഴക്കുലകൾ |

## സംഘടിത കൃഷി:-

പഞ്ചായത്തിൽ ഏകദേശം 34 പാടശേഖര സമിതികൾ ഉണ്ടെങ്കിലും സംഘടിത കൃഷി നടത്തുന്ന പാടശേഖര സമിതികളുടെ എണ്ണം കുറവാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന പാടശേഖര സമിതികൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തൃതി ഹെക്ടറിൽ | അംഗങ്ങൾ |
|---|---|---|---|
| 1 | തെക്കിൻകര പാടശേഖരം | 21.472 | 47 |
| 2 | ചമ്പ്രകുളം ഓടനൂർ പാടശേഖരം | 77.760 | 120 |
| 3 | മണ്ഡലക്കോട് പാടശേഖരം | 19.460 | 38 |
| 4 | മുട്ടിക്കടവ് പാടശേഖരം | 29.916 | 59 |
| 5 | കല്ലത്താണി പാടശേഖരം | 102.164 | 164 |
| 6 | കരിയാംക്കോട് തോട്ടുപാടം | 17.912 | 31 |
| 7 | മരുതോട്ട കിഴക്കേപാടം | 36.152 | 31 |

## കേരവികസന സമിതികൾ:-

കോട്ടായി പഞ്ചായത്തിൽ നെല്ല് കഴിഞ്ഞാൽ ഏറ്റവും അധികം ഉല്പാദിപ്പിക്കുന്നത് തെങ്ങാണ്. എന്നാൽ കേരവികസന സമിതികളുടെ പ്രവർത്തനം ആശാവഹമല്ല. എന്നാൽ 1995 കൃഷിഭവൻ അടിസ്ഥാനത്തിൽ താൽക്കാലിക കമ്മിറ്റി രൂപം കൊണ്ടു.

## കാർഷിക പരിശീലനം:-

കോട്ടായി പഞ്ചായത്തിന്റെ കാർഷിക വികസനം ലക്ഷ്യംവെച്ചുകൊണ്ട് കാർഷിക വികസന ക്ലാസ്സുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. എന്നാൽ അതിലെ പങ്കാളിത്തം ഗുണകരമായിരുന്നില്ല. നെൽകൃഷിയെ പറ്റിയും മണ്ണ്സംരക്ഷണത്തെ പറ്റിയും തെങ്ങുകൃഷിയേ പറ്റിയും ജൈവവളങ്ങളുടെ പ്രാധാന്യത്തെകുറിച്ചുമാണ് പ്രധാനമായും ക്ലാസ്സുകൾ എടുത്തത്.

## നടപ്പു പദ്ധതിയുടെ അവലോകനം:-

### 1. വിള ഇൻഷുറൻസ് പദ്ധതി

വിള ഇൻഷുറൻസ് പദ്ധതി പ്രകാരം 114 പേർ അംഗങ്ങളായിട്ടുണ്ട്. വ്യക്തിഗത ഇൻഷുറൻസ് പദ്ധതി ആവിഷ്ക്കരിക്കണമെന്നുള്ള പരാതി പരക്കെ ആവശ്യപ്പെട്ടിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിളനാശത്തിനുള്ള നഷ്ട പരിഹാരതുക വിതരണം ചെയ്തിട്ടുണ്ട്.

### പ്രത്യേക ഘടക പദ്ധതി:-

പ്രത്യേക ഘടക പദ്ധതി പ്രകാരം പഞ്ചായത്തിൽ കൃഷിഭവൻ മുഖേന നൽകിയ ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | | കിണർ | | ബയോഗ്യാസ് | | പമ്പ്സെറ്റ് | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | 92-93 | 3 | 18000/- | 4 | 26000/- | - | - |
| 2 | 93-94 | 3 | 30000/- | - | - | - | - |
| 3 | 94-95 | 11 | 110000/- | 5 | 37000/- | 5 | 40000/- |
| 4 | 95-96 | 4 | 48000/- | 3 | 22200/- | 1 | 16500/- |
| | | തെങ്ങിൻ തൈകൾ | | രാസവളം | | | |
| 1 | 92-93 | - | - | - | - | | |
| 2 | 93-94 | - | - | 2114kg | 9441.75/- | | |
| 3 | 94-95 | 1571 Nos. | 23565/- | 3019kg | 15414/- | | |
| 4 | 95-96 | 170 " | 2550/- | - | - | | |

## നടപ്പുപദ്ധതിയുടെ അവലോകനം

### ഗ്രാമസഭകളിലൂടെ വന്ന പ്രധാന പ്രശ്നങ്ങളും നിർദ്ദേശങ്ങളും:-

### പ്രധാനപ്രശ്നങ്ങൾ:

1. ജലസേചനത്തിന്റെ അപര്യാപ്തത:- കൃഷി ആവശ്യത്തിന് പൂർണ്ണമായും ജലം കിട്ടുന്നില്ല. അതിനുള്ള നിർദ്ദേശങ്ങൾ.

**നിർദ്ദേശം:**

1. ഭാരതപുഴയിൽ കാളികാവിന്നടുത്ത് ഒരു ചെക്ക്ഡാം നിർമ്മിക്കുക. അവിടെ മൂന്ന് 20HP മോട്ടോർ സ്ഥാപിക്കുക. 1. കൊറ്റംകൊലം, 2. മങ്കര സത്രത്തിന്റെ അടുത്ത്, 3. വലിയമ്മക്കാവിനടുത്ത്.
2. ചേന്ദംകാട്, പോക്കണാം., തോട് (പാണാം തോട്) സൈഡ് കെട്ടൽ നിർത്തിവെച്ചിരിക്കുന്ന റോഡിനു പടിഞ്ഞാറു വശത്തു നിന്ന് 1 കി.മീ. ദൂരം സൈഡ് കെട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
3. കൊറ്റമംഗലം തോട്ടിൽ ഷട്ടറിട്ട് ജലം ശേഖരിക്കുക.
4. II-ാം വാർഡിൽ പല്ലൂർക്കാവിൽ നിന്നും ആരംഭിച്ച പൂർത്തിയാവാത്ത 222 മീ. നീളമുള്ള കനാൽ അറ്റകുറ്റപണി നടത്തിയാൽ മലമ്പുഴ വെള്ളം പാഴാവാതെ ഉപയോഗപ്പെടുത്തുവാൻ കഴിയും.
5. മുല്ലക്കര ഭാഗത്തെ കൈതകുളം എറ്റെടുത്ത് കൃഷിക്ക് ഉപയോഗപ്പെടുത്തുക.
6. കിളിയൻ പാടത്തു നിന്ന് ആരംഭിക്കുന്ന കൊടുംചോല പാണാൻ തോട്ടിൽ ബന്ധിപ്പിക്കാനും വർഷകാലത്ത് വെള്ളം മുങ്ങി കൃഷി നഷ്ടപ്പെടാതിരിക്കാനും വേണ്ട നടപടി സ്വീകരിക്കുക.
7. II-ാം വാർഡിൽ കൂളിമടം തോട്ടിൽ പുതിയ ഷട്ടറുകൾ സ്ഥാപിച്ച് നെൽകൃഷിയേയും പച്ചക്കറി കൃഷിയേയും സംരക്ഷിക്കുക.
8. മുല്ലക്കരയിലുള്ള കോതംകുളം വൃത്തിയാക്കുക.
9. കോട്ടായി മലമ്പുഴ ബ്രാഞ്ച് കനാൽ നമ്പർ രണ്ടിലെ രണ്ടാം നമ്പർ സ്ലൂയിസ് കോൺഗ്രീറ്റ് ചെയ്ത് മലമ്പുഴ വെള്ളം പാഴാവാതെ കൃഷിക്കുപയുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക (222 മീ.) നീളം.
10. രണ്ടാം വാർഡിലുള്ള കൈതകുളം ആഴം കൂട്ടി റിപ്പയർ ചെയ്ത് കല്ലുകൊണ്ട് ചുറ്റുംകെട്ടി വൃത്തിയാക്കി കൃഷിക്കും ജനങ്ങൾക്കും ഉപയോഗിക്കും വിധം സംരക്ഷിക്കുക.
11. മണ്ഡലകോട് തോടിന്റെ ഇരുവശവും ഒരു കി.മീ. ദൂരത്തിൽ ബണ്ട് കെട്ടുക. മൂന്നു കി.മീ. ദൂരം ഇവിടെ ഒരു ക്രോസ്ബാർ നിർമ്മിക്കുക. പൂതാട്ടുകുളം, തലകുളം, ചെട്ടിയാരുകുളം, സഭമടം, തച്ചങ്ങറകുളം, തെക്കേക്കരകുളം, ഇരപ്പപ്പിന്നികുളം എന്നീ കുളങ്ങളിലെ മണ്ണ് മാറ്റി ചുറ്റുംകെട്ടി വൃത്തിയാക്കിയാൽ നെൽകൃഷിക്കും, മറ്റു വിളകൾക്കും കന്നുകാലികൾക്കും പൊതുജനങ്ങളേയും സംരക്ഷിക്കുക.
12. പെരുംകുളങ്ങര മുതൽ പൊളളെക്കാട്ട് പടിവരെയുള്ള തോട് അഭിവൃദ്ധിപ്പെടുത്തുക.
13. ഉപയോഗശൂന്യമായുള്ള കയ്പ്പോത്ത്കുളം, എരികുളം, കുന്നൻകാട്ടുകുളം, മലയൻകാട്ടുകുളം, പൂതാട്ടുകുളം എന്നിവ ചേറെടുത്ത് വൃത്തിയാക്കി നെൽകൃഷിയേയും, മറ്റും സംരക്ഷിക്കുക.
14. കൂളിമാംബണ്ട്, പള്ളിമുക്ക്ബണ്ട്, പാർശ്വങ്ങൾ ഉയർത്തി ഷട്ടർ സ്ഥാപിച്ച് കൈവരി നിർമ്മിക്കുക.
15. കോലാകളത്തെ ഇല്ലാകുറുശ്ശിപ്പാടം തോടിൽ ബണ്ട് കെട്ടിയാൽ നൂറ് ഏക്കർ കൃഷി ഭൂമിക്ക് ജലം ഉപകാരപ്രദമാകും.
16. ചാലപ്പാടത്തിനും ചൂഴിയിൽപാടത്തിനും ഇടയിൽ ഒരു തടയണകെട്ടി പമ്പ്സെറ്റ് സ്ഥാപിക്കണം.
17. മലമ്പുഴ ഓടനൂർ ബ്രാഞ്ച് കനാലിലെ 19-ാം നമ്പർ സ്ലൂയിസ്ക്കനാൽ നന്നാക്കിയെടുക്കണം.
18. തോട്ടുപാടം പാടശേഖരങ്ങളിലെ തോട്ടരികിലുള്ള നെൽപാടങ്ങളിൽ സൈഡ് കെട്ടുക. വല്ലടിക്കുളം

ഏറ്റെടുത്ത് സൈഡ് കെട്ടുക.

19. തച്ചംങ്കാട് കോസ്‌വെ കെട്ടിക്കഴിഞ്ഞാൽ മാത്തൂർ പഞ്ചായത്തിലെയും കോട്ടായി പഞ്ചായത്തിലെയും കൃഷിക്കാർക്ക് മൂന്നാം വിളയെടുപ്പിന് പ്രയാസം വരില്ല.
20. നടുവത്തു പാടവും കോലാക്കളവും ചേരുന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കാവുന്നതാണ്.
21. കനാൽ നമ്പർ 39 - 2½ k.m. ദൂരം സൈഡ് കെട്ടി നേരാക്കണം. കനാൽ നമ്പർ 6 - 200 മീ. ദൂരം സൈഡ് കെട്ടി നേരാക്കണം.
22. കനാൽ നമ്പർ 5 - 1k.m. ദൂരം സൈഡ് കെട്ടി നേരാക്കണം. കനാൽ നമ്പർ 31 - 2 k.m. സൈഡ് കെട്ടി നേരാക്കണം. ഇവ പ്രാവർത്തിക മാവുകയാണെങ്കിൽ നഷ്ടപ്പെടുന്ന ജലം സംരക്ഷിക്കാവുന്നതാണ്.
23. കീഴ്പ്പാടം റോഡ് തുടക്കം പാതിരികുളം മുതൽ വേങ്ങറംകോട് വരെ ഇരുഭാഗവും സൈഡ് കെട്ടി നേരാക്കണം.
24. തെക്കേ തോടിന്റെ കൊണ്ടിശ്ശേരി കടവുമുതൽ മേക്കാനാംകുളം പാലംവരെ ഇടയിൽ ഉള്ള സ്ഥലത്ത് ചെക്ക് ഡാം കെട്ടുകയാണെങ്കിൽ ഏകദേശം 100 ഏക്കർ കൃഷിക്ക് ജലം ഉപയോഗപ്രദമാക്കാം.

II ഉല്പന്നങ്ങൾക്കുള്ള വിപണനം ശരിയല്ല:

ശരിയായ വിപണനത്തിനായി സഹകരണാടിസ്ഥാനത്തിൽ നെല്ലും മറ്റ് കാർഷികോല്പന്നങ്ങളും സംഭരിക്കുന്ന സംവിധാനം ഉണ്ടാക്കണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശം വന്നു. കൃത്യമായ വിപണന സൗകര്യം ഉണ്ടാവുകയാണെങ്കിൽ ഇടത്തട്ടിൽ ഉള്ള ചൂഷണംപാടെ ഇല്ലാതാക്കണം.

III കാർഷികോപകരണങ്ങളുടെ അപര്യാപ്ത:

നിലവിൽ കൃഷിഭവൻ മുഖേന നൽകുന്ന കാർഷികോപകരണങ്ങൾ പൂർണ്ണമായും മതിയാവുന്നില്ല. നെല്ലുൽപാദക സമിതികൾക്കും ഒരു ട്രാക്ടറും, രണ്ടു പവർ ടില്ലറുകളും, നാല് സ്പ്രേയർ എന്നിവ നൽകണമെന്ന് ഗ്രാമസഭകളിൽ നിർദ്ദേശം വന്നിട്ടുണ്ട്.

IV രാസവളങ്ങൾ, കീടനാശിനികൾ കൃത്യമായി ലഭിക്കുന്നില്ല:

നിലവിൽ രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ആവശ്യമുള്ളത്ര ലഭിക്കുന്നില്ല. ഈ സാഹചര്യം മാറണം. സഹകരണ ബാങ്കിലൂടെ രാസവളവും കീടനാശിനികളും വിതരണം ചെയ്യണം. രാസവളങ്ങളുടെ സബ്സിഡിയെ സംബന്ധിച്ച് ഗൗരവമായ നിർദ്ദേശങ്ങൾ വരുകയുണ്ടായി.

**വിത്തുകൾ ലഭിക്കുന്നില്ല :-**

I അത്യുല്പാദനശേഷിയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ നല്ല ഇനം വിത്തിനങ്ങൾ കർഷകർക്കെത്തിച്ചുകൊടുക്കാൻ കൃഷിഭവനു കഴിയണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചു.

II പഞ്ചായത്തിൽ മാതൃകാ ഫാമുകൾ സ്ഥാപിച്ച് ആവശ്യമായ വിത്തുകൾ ഉല്പാദിപ്പിക്കാനും നിർദ്ദേശം വന്നു.

**മണ്ണിന്റെ ഗുണം നിശ്ചയിക്കുന്നില്ല:**

അമിതവും അശാസ്ത്രീയവുമായ രാസവള പ്രയോഗത്താലും കൃഷിരീതികളാലും മണ്ണ് നിരന്തരം മരിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കാൻ 'സഞ്ചരിക്കുന്ന മണ്ണ് പരിശോധന കേന്ദ്രം'

സ്ഥാപിക്കണം. ഓരോ സീസണു മുമ്പും മണ്ണ് പരിശോധിച്ച് വേണ്ട നിർദ്ദേശം നൽകണം.

**കൃഷിഭവൻ:-**

കൃഷിഭവൻ ജീവനക്കാർ കർഷകർക്ക് വേണ്ടത്ര ശാസ്ത്രീയ കൃഷി രീതികളെപ്പറ്റി വിദ്യാഭ്യാസം നൽകണം. പതിനഞ്ച് ദിവസത്തിൽ ഒരിക്കൽ കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർക്ക് വേണ്ട നിർദ്ദേശം നൽകണം. പാടശേഖര സമിതികളെ പ്രവർത്തിപ്പിക്കാൻ നേതൃത്വ പരമായ പങ്ക് വഹിക്കണം.

**കാർഷിക വികസനസമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കണം.**

★ പഞ്ചായത്തു തലത്തിൽ കർഷകരുടെ വിശദവിവരങ്ങൾ അടങ്ങിയ കർഷക കാർഡ് സംവിധാനം നിലവിൽ വരുത്തുക പ്രസ്തുത കാർഡ് മുഖേന മാത്രം ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

★ മണ്ണൊലിപ്പ് തടയാൻ കൂട്ടായ ജനകീയ പദ്ധതികൾ നടപ്പിൽ വരുത്തുക.

★ കാർഷിക മേഖലയിലെ ആദായകരമായ കൂൺ, പൂവ്, തേനീച്ച വളർത്തൽ, ഔഷധകൃഷി, അലങ്കാര ചെടിവളർത്തൽ, നഴ്സറി നിർമ്മാണം എന്നീ മേഖലയിൽ തൊഴിൽ രഹിതരേയും മറ്റ് കർഷകരേയും ആകർഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

★ ജൈവവളങ്ങളുടെ ലഭ്യത ഉറപ്പു വരുത്താൻ ശീമക്കൊന്ന പോലുള്ള ചെടികൾ വീട്ടുവളപ്പിൽ വെച്ച് പിടിപ്പിക്കാനും അവ ഉപയോഗിക്കുവാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

★ കമ്പോസ്റ്റ് വളം നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

★ വീട്ടുവളപ്പിൽ ചീര, വാഴ,പപ്പായ, മുരിങ്ങ എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കുക.

★ തൊഴിലാളികളെ കാർഷിക വൃത്തിയിൽ ഉറപ്പിച്ചു നിർത്താൻ ഇൻഷൂറൻസ് പദ്ധതികൾ ഏർപ്പെടുത്തുകയും കാർഷിക പണികൾക്കുശേഷം പണി നൽകാൻ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന കുടിൽവ്യവസായയൂണിറ്റ് പദ്ധതി നടപ്പിലാക്കണം കുടിൽവ്യവസായം തുടങ്ങാനുള്ള സാമ്പത്തിക സഹായം ലോണുകളായി നൽകണം.

★ പഞ്ചായത്തിൽ ലഭ്യമായ മുഴുവൻ കാർഷിക ഉല്പന്നത്തേയും ഉപയോഗപ്പെടുത്തി കാർഷിക സംസ്ക്കരണ യൂണിറ്റ് രൂപീകരിക്കണം.

★ കാർഷിക വൃത്തിയിലേക്ക് വിദ്യാർത്ഥികളെ ആകർഷിപ്പിക്കാൻ LP സ്ക്കൂൾ മുതൽ 'കാർഷിക ക്ലബ്ബുകൾ' സ്ഥാപിക്കണം.

★ കാർഷികാവശ്യങ്ങൾക്കുവേണ്ടിയുള്ള വൈദ്യുതി കണക്ഷൻ അപേക്ഷിച്ച ഉടൻ നൽകാനുള്ള സംവിധാനംഉണ്ടക്കണം.

★ പഞ്ചായത്തിന്റേയും, സ്വകാര്യ വ്യക്തികളുടേയും കൃഷിചെയ്യാത്ത സ്ഥലങ്ങളിൽ (കൃഷിചെയ്യാൻ കഴിയുന്ന പ്രദേശങ്ങളെ ഉപയോഗിക്കുവാൻ) തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് അനുവാദം നൽകി ഹ്രസ്വകാല വിളകൾ പരീക്ഷിക്കുകയാണെങ്കിൽ അത് ഗുണകരമായിരിക്കും.

**"കർഷകദിനം"**

കാർഷിക മേഖലയായ കോട്ടായി പഞ്ചായത്തിൽ 1993-94 വർഷം മുതൽ വിവിധ ഇനങ്ങളിൽ കൃഷിചെയ്തു പോരുന്ന കൃഷിക്കാരെ ഉൾപ്പെടുത്തി കർഷകരെ ആദരിക്കുന്ന ഒരു സമ്പ്രദായം നിലവിൽ ഉണ്ട്. കർഷകർ കൃഷിതൊഴിലിൽ നിന്ന് പിൻതിരിഞ്ഞ് പോവുകയാണെന്ന് കണ്ടെത്തിയാണ് ചിങ്ങം ഒന്നിന് കർഷകർക്കായി ഒരു ദിവസം തന്നെ മാറ്റിവെയ്ക്കുവാൻ കാരണം. ഈ പഞ്ചായത്തിലെ

മുഴുവൻ കർഷകരേയും ആദരിക്കുന്നതിനു തുല്യമായി അഞ്ച് കർഷകരെ തിരഞ്ഞെടുക്കുന്നു. വിവിധ ഇനങ്ങളിൽ കൃഷിചെയ്യുന്ന നെല്ല്, തെങ്ങ്, പച്ചക്കറി, എല്ലാം കൃഷിചെയ്യുന്ന ഒരാളെ, പിന്നെ ഹരിജനായ ഒരു കർഷകനെ എന്നീ വിധത്തിൽ തിരഞ്ഞെടുത്താണ് മാതൃകാ കർഷകരെ ആദരിക്കുന്നത്. ഈ ദിവസം കർഷകർക്കുവേണ്ടി സാങ്കേതിക വിദ്യ സിദ്ധിച്ച ഉദ്യോഗസ്ഥന്മാർ കർഷകർക്കായി ക്ലാസ്സുകൾ എടുക്കും. എന്നാൽ 1996 ൽ നവംബർ 1-ാം തിയ്യതിയും, ചിങ്ങം ഒന്നിനുമായി രണ്ടു പ്രാവശ്യം മാതൃകാ കർഷകരെ ആദരിച്ചു. ഈ ചടങ്ങിൽ പ്രോത്സാഹനമായി ഹരിജന് വികസനത്തിനു വേണ്ടി ധനസഹായം വിതരണം നടത്തുകയും, കർഷകർക്ക് പല വിധത്തിൽ കൃഷി നശിച്ചതിനുള്ള ധനസഹായം വിതരണം നടത്തുകയും ചെയ്യുക പതിവാണ്.

## I. 1995-96 വർഷത്തിൽ കോട്ടായി കൃഷിഭവൻ മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ:-

1. സമഗ്ര നെല്ല് വികസന പദ്ധതി, മണ്ണുപരിശോധന:- മണ്ണുപരിശോധനയ്ക്കു എടുത്ത സാമ്പിളുകളുടെ എണ്ണം-225, 50%. പച്ചിലവളവിത്ത് 3 kg വിതരണം നടത്തിയതിന്റെ അളവ് 2425 kg. ഗുണഭോക്താക്കൾ 250. തുക
   7275/-
2. സബ്സിഡി നിരക്കിൽ ചുണ്ണാമ്പു വിതരണം:- വിതരണം നടത്തിയ ചുണ്ണാമ്പിന്റെ അളവ് 50 ടൺ വിതരണം ചെയ്തു. പാടശേഖര സമിതിക്കാരുടെ എണ്ണം 20 Nos. പാടശേഖര സമിതി ഉപയോഗിച്ച കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം 85 ഹെക്ടർ. സബ്സിഡി Rs.1/kg. തുക 50000/-
3. 50% സബ്സിഡി നിരക്കിൽ കളനാശിനി വിതരണം ചെയ്തൽ പ്രകാരം 8½ kg. ഗുണഭോക്താക്കളുടെ എണ്ണം: 5 Nos. (2-4. D)
4. 50% സബ്സിഡി നിരക്കിൽ പമ്പ് സെറ്റ് വാങ്ങാൻ 5000 രൂപ ഗുണഭോക്താക്കാൾ 24Nos.
5. സബ്സിഡി നിരക്കിൽ കുറ്റി പമ്പ് വിതരണം സബ്സിഡി Rs. 700/- ഗുണഭോക്താക്കൾ 8Nos.
6. സബ്സിഡി നിരക്കിൽ പവർസ്പ്രേയർ വിതരണം സബ്സിഡി തുക 1900/= ഗുണഭോക്താക്കൾ 1 No.
7. സബ്സിഡി നിരക്കിൽ കിണർ കുഴിച്ച് കെട്ടൽ പദ്ധതി പ്രാകാരമാണ് ഗുണഭോക്താക്കൾ 9 Nos തുക 7500/-
8. സബ്സിഡി നിരക്കിൽ കീടനാശിനി വിതരണം തുക 200/- ഗുണഭോക്താക്കൾ 485.

**മാതൃകാ ജൈവവളപദ്ധതി:-**

9. നെല്ലിനിടയിൽ പയർ കൃഷി ഉപഭോക്താക്കൾ 3 Nos. തുക 600/-
10. നെല്ലിനുള്ള പ്രൊഡക്ഷൻ ബോണസ് വിതരണം ഒന്നാം വിള ഗുണഭോക്താക്കളുടെ എണ്ണം 1665 തുക
    223341/-

## II. നാളികേര വികസനപദ്ധതി:-

1. സബ്സിഡി നിരക്കിൽ കിണർ കുഴിച്ച്കെട്ടൽ സബ്സിഡി തുക 2500/- ഗുണഭോക്താക്കളുടെ എണ്ണം 8 Nos. സബ്സിഡി തുക - 20000/-

2. പമ്പ്സെറ്റ് വാങ്ങൽ പരമാവധി സബ്സിഡി 25000/- ഗുണഭോക്താക്കൾ 7 Nos. തുക 17500/-

3. 50% സബ്സിഡി നിരക്കിൽ തെങ്ങ്കയറ്റ യന്ത്രം വാങ്ങാൻ പരമാവധി സബ്സിഡി Rs. 500/- ഗുണഭോക്താക്കൾ 11 Nos. സബ്സിഡി തുക 5500/-

4. സബ്സിഡി നിരക്കിൽ നേക്കർ സ്പ്രേയർ വാങ്ങാൻ പരമാവധി സബ്സിഡി Rs. 1000 ഗുണഭോക്താക്കൾ 3 Nos. തുക 3000/-

## III സുഗന്ധദ്രവ്യ വികസനപദ്ധതി:-

1. ഇഞ്ചി: 25% സബ്സിഡി നിരക്കിൽ വിത്തും, വളവും, കീടനാശിനിയും വിതരണം ചെയ്യുന്നു (2½ ഏക്കർ) ഗുണഭോക്താക്കളുടെ എണ്ണം 6 Nos. തുക 5000/-

2. ഇഞ്ചി: 50% സബ്സിഡി നിരക്കിൽ വിത്തും, വളവും, കീടനാശിനിയും വിതരണം ചെയ്യൽ (1½ ഏക്കർ) പ്രകാരം (പ്രദർശനതോട്ടം) ഗുണഭോക്താക്കൾ 3 Nos. ഒരു ഗുണഭോക്താവിന് കിട്ടുന്ന തുക 1200/-

1. മഞ്ഞൾ: 25% സബ്സിഡി നിരക്കിൽ വിത്തും വളവും, കീടനാശിനിയും, വിതരണം ചെയ്യൽ. (1¼ ഏക്കർ) ഗുണഭോക്താക്കളുടെ എണ്ണം 3 Nos. സബ്സിഡി തുക 1783/-

2. മഞ്ഞൾ: 50% സബ്സിഡി നിരക്കിൽ വിത്തും വളവും, കീടനാശിനിയും വിതരണം. (മാതൃകാ പ്രദർശന തോട്ടം) 0.50 സെന്റ് ഗുണഭോക്താക്കൾ 1 No., സബ്സിഡി തുക. Rs. 750/-

## IV കുരുമുളക് വികസനപദ്ധതി:

വേരുപിടിപ്പിച്ച 10000 എണ്ണം കുരുമുളക് വള്ളികൾ സൗജന്യമായി വിതരണം നടത്തുകയുണ്ടായി. 1500 എണ്ണം, വിലക്കുള്ളതും വിതരണം നടത്തിയിട്ടുണ്ട്.

## V പയറുവർഗ്ഗവികസനപദ്ധതി :

140 kg. ഉഴുന്ന് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. 33 ഗുണഭോക്താക്കൾക്കായി വിതരണം നടത്തി.

## VI കശുമാവ് വികസനപദ്ധതി:

2 ഹെക്ടർ സ്ഥലത്ത് കശുമാവ് വെച്ചുപിടിപ്പിക്കുന്നതിനിവേണ്ടി സൗജന്യമായി തൈകൾ വിതരണം ചെയ്തു.

## VII പച്ചക്കറി വികസനപദ്ധതി:

725 പാക്കറ്റ് പച്ചക്കറി വിത്തുകൾ 2 സ്കൂളിലേക്കായി വിതരണം നടത്തി. 1. G.H.S. കോട്ടായി, 500 Nos. ALPS ചമ്പ്രകുളം 225, 10 രൂപ ചാർജ്ജുള്ള 5 പാക്കറ്റ് പച്ചക്കറി വിത്ത് പാക്കറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.

VIII വിത്തും നടീൽ വസ്തുക്കളുടെ വിതരണവും:

135 Kg. ഐശ്വര്യ നെൽവിത്ത് നെല്ല് ഉല്പാദക സമിതികൾക്കായി വിതരണം നടത്തി. 400 എണ്ണം WCT തെങ്ങിൻ തൈകൾ. 100 എണ്ണം T x D - തെങ്ങിൻ തൈകൾ 100 എണ്ണം മാവിൻ തൈകൾ 5500 എണ്ണം വേരുപിടിപ്പിച്ച കുരുമുളക് വള്ളികളും വിതരണം ചെയ്തു.

## IX കിഴങ്ങുവർഗ്ഗ വികസനപദ്ധതി:

ഗുണഭോക്താക്കളുടെ എണ്ണം 5 Nos. മിനികിറ്റ് പദ്ധതി പ്രകാരം 5 കിറ്റ് ചേന വിതരണം ചെയ്തു.

## X പട്ടികജാതി/പട്ടികവർഗ്ഗ വികസനപദ്ധതി:

1. 3 കോളനികളിലെ 39 ഗുണഭോക്താക്കൾക്ക് 170 എണ്ണം തെങ്ങിൻ തൈകൾ വിതരണം നടത്തി Rs. 2550/- കോളനികളിലെ (3) ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈകൾ കുഴി എടുത്ത് നട്ടതിന് Rs.1700/-
2. 8 കോളനികളിലുള്ള 194 ഗുണഭോക്താക്കൾക്കായി 3019 Kg. തെങ്ങുവളം വിതരണം നടത്തി. Rs. 15414/- ഇതിന്റെ പരിചരണ തുകയായി 8764 രൂപ വിതരണം നടത്തി.
3. 2 ഗുണഭോക്താവിന്, (മേക്കോണം കോളനി, വാനിക്കര കോളനി) രണ്ട് ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി നിർമ്മിച്ചു കൊടുത്തു.
4. മഠത്തിൻ പടി IHDP കോളനിയിലെ 59 ഗുണഭോക്താക്കൾക്ക് അരിവാൾ 59 എണ്ണം, മൺവെട്ടി 59 എണ്ണം എന്നിവ വിതരണം നടത്തി. Rs. 10055/- IHDP കോളനിയിലെ (മഠത്തിൽ പടിയിലെ) നാല് ഗുണഭോക്താക്കൾക്ക് കിണർ നിർമ്മിക്കുന്നതിനുള്ള പണി ആരംഭിച്ചു. Rs. 48000/- വാനിക്കര കോളനിയിലെ ഒരു ഗുണഭോക്താവിന് 1.5, HP ഇലക്ട്രിക് പമ്പ്സെറ്റ് വിതരണം നടത്തി. Rs. 6500/-

   മുന്തിരിത്തിക്കാട് IHDP കോളനിയിലെ ഒരു ഗുണഭോക്താവിന് സൗജന്യമായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു കൊടുത്തു. RS. 7400/-

## XI വിള ഇൻഷുറൻസ്പദ്ധതി:

വിള ഇൻഷുറൻസ് പദ്ധതിപ്രകാരം 114 അംഗങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിളനാശം സംഭവിച്ച 17 കർഷകർക്ക് വിവിധ വിളകൾക്കായി 15390 രൂപ നഷ്ടപരിഹാര തുകയായി വിതരണം നടത്തി.

## XII ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാനപദ്ധതി:

ഈ പദ്ധതിയിൽ കർഷകനും, യുവതി യുവാക്കളും അംഗങ്ങൾ ആയിട്ടുണ്ട്. ഇതിൽ 11 കർഷകർ പട്ടിക ജാതിയിൽ ഉൾപ്പെട്ടവരാണ്. ഈ പദ്ധതിയിൽ 2 കർഷകർക്ക് തൊഴുത്ത്, നിർമ്മാണത്തിനുള്ള സബ്സിഡി തുകയും, കുറ്റിമുല്ല കൃഷി ചെയ്യുന്നതിനുള്ള സബ്സിഡി തുകക്കും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## XIII പാടശേഖരസമിതികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കലും, യന്ത്രോപരണങ്ങൾ· സബ്സിഡിനിരക്കിൽ വാങ്ങലും.

1. തെക്കിൻകര പാടശേഖര സമിതിയിൽ ഉൾപ്പെടുന്ന കനാൽ സൈഡ് ഭിത്തി നിർമ്മിച്ചത്.
2. ചമ്പ്രകുളം, ഓടന്നൂർ, നെല്ലുല്പാദക സമിതിയിലൂടെ കിണർ നിർമ്മിച്ച് പമ്പ്സെറ്റ്, പൈപ്പ് എന്നിവ സ്ഥാപിക്കൽ എന്നീ പണികൾക്ക്.

**88000 രൂപ സബ്സിഡിയിൽ ട്രാക്ടർ വാങ്ങിയ പാടശേഖര സമിതികൾ:**

1. മുട്ടിക്കടവ് പാടശേഖര സമിതി - Rs. 88000/-
2. മരുതൊട്ടു പാടശേഖര സമിതി - Rs. 88000/-
3. അയറോഡ് പാടശേഖര സമിതി - Rs. 88000/-

## കൃഷിഭവന്റെ പരിപാടിയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന നെല്ലുല്പാദക സമിതിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | സമിതിയുടെ പേരും വിലാസവും | സെക്രട്ടറി/പ്രസിഡന്റ് | വിസ്തീർണ്ണം | അംഗസംഖ്യ |
|---|---|---|---|---|
| 1 | കുണ്ടസ്സമാറി നെല്ലുല്പാദക സമിതി | C. കൃഷ്ണൻകുട്ടി | 34.02 AC | 27 Nos. |
| 2 | കരിയങ്കോട് പാടം " | രാമസ്വാമി | 91.88 AC | 81 Nos. |
| 3 | വെള്ളായനിപാടം " | C.N. ശിവശങ്കരൻ | 78.59 AC | 54 Nos. |
| 4 | പൂതലക്കോട്.." | ശശിധരൻ | 34.32 AC | 34 Nos. |
| 5 | മരുതോട്ട് പാടം " | K.S. പുഷ്പകുമാർ | 106.38 AC | 35 Nos. |
| 6 | വാനിപാടം " | M.C. വേലായുധൻ | 70.82 AC | 48 Nos. |
| 7 | മെഴുവൻകോട് " | K.A. ഹമീദ് | 69.88 AC. | 53 Nos. |
| 8 | തെക്കേകൊട് " | R. രാധാകൃഷ്ണൻ | 38.35 AC | 39 Nos. |
| 9 | പുളിമൺ മന്നർകാട് " | A. മുത്തുമാസ്റ്റർ | 37.23 AC | 40 Nos. |
| 10 | മുട്ടിക്കടവ് " | M.M. അബ്ദുൾ അസീസ് | 77.1 AC | 59 Nos. |
| 11 | കോട്ടായി കളത്തിൽപടി " | G. കണ്ണൻ മാസ്റ്റർ | 52.03 AC | 49 Nos. |
| 12 | ചമ്പ്രകുളം, ഓടനൂർ " | T.R. അയ്യപ്പൻ | 190.45 AC | 118 Nos. |
| 13 | കൊളക്കപാടം, ഇല്ലകുർശ്ശിപാടം " | R. രാഘവൻ | 64.63 AC | 40 Nos. |
| 14 | മുല്ലറിതൊടിപാടം " | K. ബാലൻ | 48.30 AC | 37 Nos. |
| 15 | പല്ലൂർ - കൈതകുളങ്ങര " | T.C. കൃഷ്ണൻകുട്ടി | 67.05 AC | 58 Nos. |
| 16 | കരിയംങ്കോട് തോട്ടുപാടം " | K. കരുണാകരൻ | 35.75 AC | 27 Nos. |
| 17 | പാർളിപാന്താം പാടം " | K. മണി | 11.73 Ac | 69 Nos. |
| 18 | ചൂഴിയിൽ പാടം " | C. രാജഗോപാൽ | 42.26 AC | 18 Nos. |
| 19 | വലിയമ്മകാവ് " | C.R. വെള്ള | 68.56 AC | 51 Nos. |
| 20 | അയറോഡ് " | M.G. പരമേശ്വരൻ | 37.78 AC | 50 Nos. |
| 21 | കാളികാവ് " | സ്വാമിനാഥൻ | 29.55 AC | 17 Nos. |
| 22 | തെക്കിൻകര " | M.R. രാജകുമാരൻ | 38.38 AC | 35 Nos. |
| 23 | കല്ലത്താണി " | P.P. തെയ്യൻ | 234.47 AC | 15 Nos. |
| 24 | ചെറുകുളം " | ഗോപിനാഥ് | 94.93 Ac | 94 Nos. |
| 25 | ചേറുംകോട് " | M.K. പൊന്നൻ | 27.37 AC | 30 Nos. |
| 26 | നടുവത്ത് പാടം " | R. രാമചന്ദ്രൻ നായർ | 35.63 AC | 27 Nos. |
| 27 | ആലംകുളങ്ങര " | C. മാധവൻ | 83.02 AC | 58 Nos. |
| 28 | വെങ്ങളം കോർപ്പുള്ളി " | C.P. രാമൻകുട്ടി | 35.98 AC | 29 Nos. |
| 29 | ചമ്പ്രകുളം " | M. മുഹമ്മദ് കരീം | 72.38 AC | 66 Nos. |
| 30 | മണ്ഡലകോട് " | P.K. സ്വാമിനാതൻ | 48.60 AC | 38 Nos. |
| 31 | പൂളക്കൽ പറമ്പ് " | സർവ്വജ്ഞൻ | 18.20 AC | 20 Nos. |
| 32 | കാഞ്ഞനൂർ " | കൃഷ്ണൻകുട്ടി | 59.05 AC | 51 Nos. |
| 33 | കറിയങ്കോട് " | K.G. രാമചന്ദ്രൻ | 98.63 AC | 59 Nos. |
| | | | 2233.41AC | 1669 Nos. |

**Abstract**

1. ആകെ പാടശേഖരം 33 Nos.
2. ആകെ വിസ്തീർണ്ണം 2233.41 AC
3. ആകെ കൃഷിക്കാർ 1669 Nos.

## 5.II മൃഗസംരക്ഷണം

### കോട്ടായി മൃഗാശുപത്രിയുടെ ചരിത്രം

പാലക്കാട് ജില്ലയിൽ തന്നെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ആശുപത്രികളിൽ ഒന്നായിരുന്നു കോട്ടായി വെറ്റിനറി ആശുപത്രി. ഈ സ്ഥലം പഞ്ചായത്തിന്റെ അധീനതയിലായിരുന്നു. 1950-51 ൽ ഈ ആശുപത്രി സ്ഥാപിതമായി. Dr. ബാലകൃഷ്ണമേനോൻ, M.N. രാമനെഴുത്തച്ഛൻ, ഡോ. ഹരിഹരയ്യർ എന്നിവരുടെ നേതൃത്വം ഇതിന്നു പിന്നിൽ ഉണ്ടായിരുന്നു. അന്നത്തെ മലബാർ കലക്ടർ ആയിരുന്ന എം. ബാലസുബ്രഹ്മണ്യൻ 5.9.1954 ൽ ഈ കെട്ടിടം ഉൽഘാടനം ചെയ്തു. തുടർന്നുള്ള പരിശ്രമത്തിന്റെ ഫലമായി ആൾ ഇന്ത്യ പൗൾട്രി ഫാം ഡവലപ്മെന്റ് സ്കീം അനുസരിച്ച് ഒരു കേന്ദ്രം 26.5.1960 ൽ എ.ജി. മേനോൻ ഐ.എ.എസ്. ഉൽഘാടനം ചെയ്തു. രണ്ട് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള കോമ്പൗണ്ടിലാണ് ഈ കെട്ടിടം നിലനിൽക്കുന്നത്. മാത്തൂർ, പെരിങ്ങോട്ടുകുറിശ്ശി, കുത്തനൂർ, പറളി, മങ്കര എന്നീ പഞ്ചായത്തുകളിലെ കർഷകർക്ക് മൃഗങ്ങളെ ചികിത്സിക്കുവാനുള്ള ഏക ആശ്രയം ഈ കേന്ദ്രമായിരുന്നു.

അലഞ്ഞുതിരിഞ്ഞ് കൃഷിനാശവും മറ്റും വരുത്തുന്ന കന്നുകാലികളെ കണ്ടെത്തി സംരക്ഷിക്കുന്നതിന്ന് കോട്ടായി പഞ്ചായത്തിൽ ആലതൊഴുത്ത് ഉണ്ടായിരുന്നു. ഇതിൽ പിടിച്ചുകെട്ടിയിരിക്കുന്ന കന്നുകാലികളെ വിട്ടുകിട്ടാൻ നിശ്ചിത പിഴ അടച്ചതിനുശേഷമേ ഉടമസ്ഥർക്ക് വിട്ടുകൊടുക്കുകയായിരുന്നു പതിവ്.

കോട്ടായി ഗ്രാമപഞ്ചായത്ത് - 1996 മൃഗസംരക്ഷണ വകുപ്പ്: വികസന റിപ്പോർട്ട്

കോട്ടായി ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികാഭിവൃത്തിയെ ആശ്രയിച്ച് ഉപജീവിതം കഴിക്കുന്നവരാണ്. ഇതിന്റെ ഭാഗമായി പശു, കാള, പോത്ത്, എരുമ, ആട് എന്നിവയാണ് ഈ പ്രദേശത്തെ പ്രധാനപ്പെട്ട വളർത്തു മൃഗങ്ങൾ. അത്യുല്പാദനശേഷിയുള്ള കോഴികൾ ഇല്ലെങ്കിലും മിക്കവീടുകളിലും നാടൻ കോഴികളെ വളർത്തുന്നുണ്ട്. 1996 ലെ കന്നുകാലി സെൻസസ് അനുസരിച്ച് സങ്കരയിനം കാളകൾ, പശുക്കൾ, 2394 ഉം, നാടൻ കാളകൾ, പശുക്കൾ 756 ഉം നാടൻ കോഴികൾ 5792 ഉം ആടുകൾ 471 ഉം ആണ് ആകെ 1996 ലെ സെൻസസ് പ്രകാരം ലഭിച്ചിരിക്കുന്ന കണക്ക്.

ഈ കണക്കനുസരിച്ച് നോക്കുമ്പോൾ ഇനിയും നമുക്ക് ഒരുവീട്ടിൽ ഒരു വളർത്തുമൃഗം എന്ന തോതിൽ വർദ്ധിപ്പിക്കേണ്ടതാണ്. ഉ:പശുവളർത്തൽ വളരെ ചിലവ് കൂടിയതാണെങ്കിലും ഒരു കുടുംബത്തിന് അത്യാവശ്യം ജീവിത ചെലവ് നിയന്ത്രിക്കുവാൻ സഹായിക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൽ

നിന്നും ലഭിക്കുന്ന പാൽ സംഭരിക്കുവാൻ വളരെ കാര്യക്ഷമതയുള്ള പാൽ സൊസൈറ്റിയിൽ ഇന്ന് നിലവിലുണ്ട്.

കാള, പോത്ത് എന്നീ വളർത്തു മൃഗങ്ങൾ അത്യാവശ്യം ഉഴവിനു വേണ്ടി മാത്രം ഉപയോഗിക്കുന്നവയാണ്. ഈ പ്രദേശത്ത് കാളവണ്ടികളെ ഉപയോഗിച്ച് ജീവിക്കുന്നവരും വിരളമല്ല.

ആട് വളർത്തൽ വളരെ ലാഭകരമായ കൃഷിയാണ്. പാലിനെ മാത്രം ആശ്രയിക്കുന്നില്ല. ഇറച്ചിക്കുവേണ്ടി മാത്രമാണ് നമ്മുടെ നാട്ടിൽ ആടുകളെ വർത്തുന്നത് ഈ കൃഷിയെ വളരെയധികം പരിപോഷിപ്പിക്കേണ്ടത് എടുത്തു പറയേണ്ട ഒരു സംഗതിയാണ്. ഈ പ്രദേശത്തെ കൃഷി രീതിയെ വെച്ചുനോക്കുമ്പോൾ ആട് വളർത്തലിന് നല്ല സാദ്ധ്യതയുള്ള ഒരു മേഖലയാണ്.

## കോഴിവളർത്തൽ:

വളരെ വർഷങ്ങൾക്കു മുൻപു തന്നെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു കോഴിവളർത്തൽ കേന്ദ്രം കോട്ടായി പഞ്ചായത്ത് വെറ്ററിനറി ആശുപത്രിയിൽ ഉണ്ടായിരുന്നു. ഇപ്പോൾ ഈ കേന്ദ്രത്തിൽ യാതൊരുവിധ പ്രവർത്തനവും ഇല്ല. ആയതിനാൽ ഈ കേന്ദ്രത്തിനെ വീണ്ടും കോഴിവളർത്തൽ കേന്ദ്രമാക്കി മാറ്റുവാനും ആധുനിക രീതിയിൽ കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കുവാനും സബ്സിഡി നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നു. മുട്ടക്കും ഇറച്ചിക്കും വേണ്ടി വൻതോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണ്. നമ്മുടെ ഈ മേഖലക്ക് ഉള്ളത്. ഇതിൽ നിന്നും കോഴിവളർത്തലിന് വൻ സാദ്ധ്യതയുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്.

## ബ്രോയിലർ കോഴിവളർത്തൽ വാർഡിൽ:

പ്രാദേശികമായി ലഭ്യമാകുന്ന തീറ്റ ഉപയോഗിച്ച് വളർത്താനാവുമെങ്കിൽ ലഭിക്കുന്ന വരുമാനത്തിൽ ലാഭം വളരെ കൂട്ടാവുന്നതാണ്. ബ്രോയിലർ യൂണിറ്റുകൾ ഒരു വാർഡിൽ ഒരെണ്ണമെങ്കിലും യൂണിറ്റ് ഒന്നിന് സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകേണ്ടതാണ്.

മീൻ വളർത്തൽ പരിപോഷിപ്പിക്കണം.

## ഊർജ്ജം:

രണ്ടിൽ കൂടുതൽ കറവ പശുക്കൾ ഉള്ള കർഷകർക്ക് ബയോഗ്യാസ് പ്ലാന്റ് പണിയുന്നതിന് സബ്സിഡിയും ബാങ്ക് ലോണും ലഭ്യമാക്കേണ്ടതാണ്. ഇതിനുവേണ്ടി 4 ലക്ഷം രൂപ വകയിരുത്തണം.

കാർഷിക പരിശീലനം:

കാർഷിക പരിശീലനത്തിനായി കോട്ടായി മൃഗാശുപത്രിയോട് ചേർന്ന് ഒരു പരിശീലന കേന്ദ്രം തുടങ്ങേണ്ടതാണ്. ഇതിന്റെ കെട്ടിട നിർമ്മാണത്തിനായി ഈ പദ്ധതിയിൽ 5 ലക്ഷം രൂപ വകയിരുത്തുകയും നിർമ്മാണം 3 വർഷത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്.

## വന്ധ്യതാ നിവാരണം:

വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു വേണ്ടി എല്ലാവർഷവും 20000 രൂപ വീതം 5 വർഷത്തിലേക്ക് 1 ലക്ഷം രൂപ വകയായിരുത്തേണ്ടതാണ്.

## പാരമ്പര്യം:

വർഷങ്ങൾക്കു മുമ്പുതന്നെ ഈ മേഖല കാലിവളർത്തലിൽ വളരെയധികം മുന്നോട്ടു പോയിട്ടുള്ള പ്രദേശമാണ്. അന്ന് ഇന്നത്തേപ്പോലെ പാൽ സംഭരിക്കുവാൻ സൗകര്യങ്ങൾ കുറവായിരുന്നു. എന്നാൽപ്പോലും കിട്ടുന്ന വരുമാനംകൊണ്ട് മുന്നോട്ടു പോകുന്നവർ ഒട്ടും കുറവായിരുന്നില്ല നമ്മുടെ ഈ മേഖല.

## ആരോഗ്യം:

സങ്കര ഇനമോ നാടൻ ഇനമോ ഏതു ഇനത്തിൽപ്പെട്ട പശുക്കളേയോ എരുമകളേയോ വളർത്തുകയാണെങ്കിലും അവരുടെ ആരോഗ്യ സംരക്ഷണത്തിന് നല്ല പോഷക മൂല്യമുള്ള കാലിതീറ്റകൾ അത്യാവശ്യമാണ്. ഇതിന്നായി നമ്മുടെ ഈ മേഖലയിൽ ഒരു കാലിതീറ്റ ഫാക്ടറി തുടങ്ങുന്നത് ഈ പദ്ധതിയുടെ ഉന്നമനത്തിന്ന് ഉപയോഗപ്രദമായിരിക്കും.

പശു, എരുമ എന്നിവക്ക് കൃത്രിമ ബീജസങ്കലനം വഴി നല്ല കന്നുകുട്ടികളെ വാർത്തെടുക്കുന്നതിനോടൊപ്പം തന്നെ പശുവായാലും, എരുമയായാലും ഗർഭം ധരിച്ച മുതൽക്കുതന്നെ ഇവയ്ക്ക് നല്ല പോഷക മൂല്യമുള്ള ആഹാരവും പരിചരണവും ആത്യാവശ്യമാണ്. ഇതിലേക്ക് ഈ മേഖലയിലെ എല്ലാകർഷകരും പ്രസവം വരെ ഡോക്ടറുടെ സേവനം ഉറപ്പു വരുത്തണം. പ്രസവിച്ചു കഴിഞ്ഞാൽ കന്നുകുട്ടികൾക്ക് പല അസുഖങ്ങളും വരുവാൻ സാദ്ധ്യതയുണ്ട്. അതിനാൽ ഡോക്ടറുടെ പ്രത്യേക പരിചരണത്തിൽ വളർത്തുന്നത് ഉത്തമമായിരിക്കും.

പശു, കാള, എരുമ, പോത്ത്, ആട്, കോഴി എന്നിവയ്ക്ക് രോഗപ്രതിരോധ ശക്തിയുള്ള മരുന്നുകൾ സൗജന്യമായി കുത്തിവെപ്പിക്കുന്നത് ഇവയുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

കറവ പശുക്കളെ സംബന്ധിച്ചിടത്തോളം പുല്ല് വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അത് എല്ലാസമയത്തും ഉണ്ടാവാറില്ല. ആയതിനാൽ പുൽവിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകി പുല്ലുവളർത്താനുള്ള നിർദ്ദേശങ്ങൾകൂടി ബന്ധപ്പെട്ട അധികൃതർ നൽകണം.

## സൗന്ദര്യ മത്സരം:

പശു, ആട്, പോത്ത്, കാള, എരുമ എന്നിവയ്ക്ക് എല്ലാവർഷവും സൗന്ദര്യ മത്സരം നടത്തുന്നത് കർഷകർക്ക് കാലിവളർത്തലിൽ പ്രോത്സാഹനമായിരിക്കും. ഈ പദ്ധതിയിലേക്ക് ഒരു വർഷത്തിലേക്ക് 15000 രൂപ പാരിതോഷികമായി കൊടുക്കുവാൻ കാണേണ്ടതാണ്.

## പേവിഷബാധനിവാരണം:

പേവിഷബാധ നിവാരണത്തിനായി സമ്പൂർണ്ണ വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി സബ്സിഡിയായി 5 വർഷത്തിലേക്ക് 1 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

## സ്വയംതൊഴിൽ:

തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് കാർഷികരംഗത്ത് അഭിരുചിയുള്ളവർക്കായി പശുവളർത്തൽ, ആട്വളർത്തൽ, കോഴിവളർത്തൽ, മുയൽവളർത്തൽ, പന്നിവളർത്തൽ, ഉഴവിനും വണ്ടിവലിക്കുന്നതിനുമുള്ള കാള, പോത്ത് എന്നിവ വളർത്തൽകൊണ്ട് പ്രവർത്തിക്കുവാൻ തയ്യാറുള്ളവർക്ക് സബ്സിഡി നിരക്കിൽ ബാങ്ക്വായ്പകൾ അനുവദിക്കേണ്ടതാണ്.

## ഇൻഷുറൻസ് സംരക്ഷണം:

പഞ്ചായത്തിലെ എല്ലാ കർഷകർക്കും ഉപകാരപ്രദമായ രീതിയിൽ പ്രാദേശിക പാൽസംഭരണ സഹായത്തോടെ സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണം. ഇതിനുള്ള ചിലവ് വകയിരുത്തേണ്ടതാണ്.

പാലക്കാട് ജില്ലയിൽ തന്നെ പേരെടുത്തു പറയാവുന്ന വിധത്തിൽ പ്രവർത്തിച്ചിരുന്ന ഒരു ആശുപത്രിയാണ് കോട്ടായി വെറ്റിനറി ആശുപത്രി. നമ്മൾ മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഭംഗിയായി നടത്തേണ്ടതുണ്ട്. കാലാവസ്ഥക്കനുസൃതമായി രോഗങ്ങൾ വരുവാൻ സാദ്ധ്യതയുള്ളതിനാൽ രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന്ന് തടസ്സമാകുന്നു. അതിനാൽ കർഷകർക്ക് പ്രഥമ ശിശ്രൂഷ എന്ന നിലയിൽ ചെയ്യുതീർക്കേണ്ട കാര്യങ്ങളെ കുറിച്ച് ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് ഉത്തമമായിരിക്കും. ഇത്രയും കാര്യങ്ങൾ കോട്ടായി ഗ്രാമ പഞ്ചായത്തിലെ മൃഗസംരക്ഷണ ഉന്നമനത്തിനായി സമർപ്പിക്കുന്നു.





# വ്യവസായം

വ്യവസായ മേഖലയിൽ ഒട്ടനവധി സാദ്ധ്യതകളുള്ള പഞ്ചായത്താണ് കോട്ടായി. അനുകൂലമായ ഘടകങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. 1985 നു ശേഷമാണ് പഞ്ചായത്തിന് അനുകൂല പരിതസ്ഥിതികൾ സ്വകാര്യ വ്യക്തികളുടെ ശ്രദ്ധയിൽ പ്പെടുന്നത്. ഇതിനുള്ള അടിസ്ഥാന കാരണം കോട്ടായിൽ നിന്നും പാലക്കാടുമായി ബന്ധിപ്പിക്കുന്ന പൂടൂർപ്പാലം വന്നതും തൊട്ടടുത്തു കിടക്കുന്ന പറളി പഞ്ചായത്തിൽ 110 KV സബ്സ്റ്റേഷൻ സ്ഥാപിച്ചതും പഞ്ചായത്തിന്റെ വടക്ക് അതിർത്തിയിലൂടെ ഒഴുകുന്ന ഭാരതപുഴയും വിസ്തൃതമായ ഭൂപ്രദേശവുമാണ്.

കോട്ടായി പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ELGI ടയർ ആന്റ് ട്രഡ് എന്ന ഒരു വൻകിട ഫാക്ടറിയും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് തയ്യാറെടുക്കുന്ന സതേൺ ഇസ്പാറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമാണ് എടുത്ത പറയത്തക്ക സ്ഥാപനങ്ങൾ. ഇതുകൂടാതെ ഇലക്ട്രോണിക്സ് സ്പെയർ സ്പാർട്സ് ഉണ്ടാക്കുന്ന ശ്രീരാം ഇൻഡസ്ട്രിയസ്, വൈരക്കല്ല് നിർമ്മാണ യൂണിറ്റ്, 4 മരക്കച്ചവട സ്ഥാപനങ്ങ, 3 കൊപ്ര സംസ്ക്കരണ മില്ലുകൾ, ഒരു ഗ്രൈന്റർ നിർമ്മാണശാല, ഇതിനുപുറമെ പരമ്പരാഗതമായ മൺപാത്രനിർമ്മാണം, പരമ്പ് നെയ്ത്ത് കൂടാതെ വേനൽക്കാലത്ത് സീസൺ ബിസിനസ്സായി പതിനഞ്ചോളം ഇഷ്ടിക ചൂളകളും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരുടെ എണ്ണവും മറ്റു വിവരങ്ങളും താഴെ കാണുന്ന പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പട്ടിക I ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇന വിവരം | ആകെ നമ്പർ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | കൊപ്രമിൽ | 4 | 15 | - | 15 |
| 2 | തടിവ്യവസായം | 4 | 25 | - | 25 |
| 3 | ഇലക്ട്രോണിക്സ് | 1 | 3 | 12 | 15 |
| 4 | അച്ചടി | 2 | 3 | 6 | 9 |
| 5 | വൈരക്കല്ല് | 1 | 3 | 12 | 15 |
| 6. | ഗ്രൈന്റർ | 1 | 5 | - | 5 |
| 7. | ഇഷ്ടികചൂള | 10 | 40 | 150 | 190 |
| 8. | വെൽഡിംഗ് | 3 | 7 | - | 7 |
| 9 | മറ്റുള്ളവ | 5 | 15 | 25 | 40 |
| | ആകെ | 31 | 116 | 205 | 321 |

പട്ടിക II പരമ്പരാഗത വ്യവസായം

| ക്രമ നമ്പർ | ഇനം | പ്രത്യക്ഷം | | | പരോക്ഷം | | |
|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | മൺപാത്ര നിർമ്മാണം | 25 | 35 | 60 | 10 | 15 | 25 |
| 2 | പരമ്പ് നെയ്ത്ത് | 15 | 30 | 45 | 12 | 15 | 27 |
| | ആകെ | 40 | 65 | 105 | 22 | 30 | 52 |

പട്ടിക III വൻകിട വ്യവസായം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രത്യക്ഷം | | | പരോക്ഷം | | |
|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 01 | ELGI ടയർ ആന്റ് ട്രഡ് | 130 | - | 130 | 25 | 10 | 35 |
| 02 | SOUTHERN ISPACT ലിമിറ്റഡ് തുടങ്ങാൻ പോവുന്നത് | 150 | 5 | 155 | 30 | 20 | 50 |
| | ആകെ | 280 | 5 | 285 | 55 | 30 | 85 |

പട്ടിക IV ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | അംഗങ്ങൾ | പാൽ അളക്കുന്ന അംഗങ്ങൾ | ആകെ | ജീവനക്കാരുടെ എണ്ണം | ലാഭം നഷ്ടം |
|---|---|---|---|---|---|---|
| 1 | ചെറുകുളം K.U.SS 89 D Apcos. | 430 | 220 | 800 | 4 | ലാഭം |
| 2 | കണ്ണച്ചിപറമ്പ് 112 | 160 | 100 | 300 | 3 | ലാഭം |
| 3 | കോട്ടായി ക്ഷീര വ്യവസായ സഹകരണ സംഘം | - | - | - | - | നഷ്ടം |

## വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്ക്:-

നമ്മുടെ പഞ്ചായത്തിൽ രാഷ്ട്രീയ സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്ക് നിർണ്ണായകമാണെങ്കിലും അവർക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ നൽകുന്ന വ്യവസായ ശാലകൾ ഇല്ലാത്ത പരിമിതി നിലവിലുണ്ട്. ഇലക്ട്രോണിക്സ് സ്വാർട്സ് ഉണ്ടാക്കുന്ന സ്ഥാപനത്തിൽ പതിനഞ്ചോളം പെൺകുട്ടികളും വൈരക്കൽ നിർമ്മാണ ജോലികൾക്ക് പതിമൂന്നോളം സ്ത്രീകളുമാണ് ജോലി ചെയ്യുന്നത്. ക്ഷീരോല്പാദക മേഖലയിൽ പഞ്ചായത്തിൽ സ്ത്രീകളാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. സാമൂഹ്യ പുരോഗതിയിൽ സ്ത്രീകൾ പങ്കാളികൾ ആവുന്നതിന്ന് അവർക്ക് തൊഴിൽ ചെയ്യാൻ ആവശ്യമായ സ്ഥാപനങ്ങൾ ഉണ്ടാവുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

## വ്യവസായ രംഗത്തെ പ്രശ്നങ്ങൾ:-

19.865 ച.കി.മീ. വിസ്തൃതിയുള്ള കോട്ടായി പഞ്ചായത്തിൽ 19069 ജനങ്ങൾ വസിക്കുന്നുണ്ട്. ഇവരുടെ നിത്യജീവിതത്തിനാവശ്യമായ എല്ലാ സാധനങ്ങളും സുമാർ 80% ഇറക്കുമതി ചെയ്താണ് ജീവിക്കുന്നത്. കാർഷിക രംഗത്തെ അനുകൂലമായ പരിതസ്ഥിതി ഉപയോഗപ്പെടുത്തി അവശ്യസാധനങ്ങൾ ഉണ്ടാക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചെങ്കിൽ മാത്രമെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്നും സാമ്പത്തിക നേട്ടം കൈവരിക്കുന്നതിനും സാധിക്കുകയുള്ളൂ. വ്യവസായിക തകർച്ചയുടെ പ്രധാന കാരണങ്ങൾ താഴെ കാണുന്നവയാണ്.

1. വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ട പരിജ്ഞാനത്തിന്റെ കുറവ്.
2. വ്യവസായിക സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സാമ്പത്തിക പ്രയാസം.
3. വ്യവസായങ്ങൾ തുടങ്ങുന്നതിന് കൂട്ടായ പരിശ്രമത്തിന്റെ കുറവ്.
4. പരമ്പരാഗത വ്യവസായങ്ങളായ കളിമൺ പാത്രനിർമ്മാണം, പരമ്പ്നെയ്ത്ത് എന്നിവ നേരിടുന്ന പ്രശ്നങ്ങൾ.
5. സാങ്കേതിക പരിശീലനം ലഭിച്ച ആളുകളുടെ കുറവ്,
6. അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവ്.
7. ഒരേ രീതിയിലുള്ള കൃഷി രീതി.
8. മാർക്കറ്റിങ്ങ് പ്രശ്നങ്ങൾ.
9. ഉപഭോഗ സംസ്ക്കാരത്തിന്റെ കടന്നുകയറ്റം.
10. വ്യക്തിപരമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന്റെ പോരായ്മ.
11. ഇലക്ട്രിസിറ്റി പ്രശ്നം.
12. സഹകരണ മേഖല ശക്തിപ്പെടാത്തതിന്റെ പോരായ്മ.

## വ്യവസായ രംഗത്തെ സാദ്ധ്യതകൾ:-

ആമുഖത്തിൽ സൂചിപ്പിച്ച അനുകൂല ഘടകങ്ങളായ ഭൂപ്രദേശം, ഗതാഗതസൗകര്യം, വെള്ളം, ഇലക്ട്രിസിറ്റി സാദ്ധ്യത, അദ്ധ്വാനശീലരായ ജനങ്ങൾ ഇവ ഉപയോഗപ്പെടുത്തി പൊതുമേഖലയിലും സ്വകാര്യമേഖലയിലും സഹകരണ മേഖലയിലും ഒട്ടനവധി വലുതും ചെറുതുമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു കഴിയും.

മരച്ചീനി ഉപയോഗിച്ച് സ്റ്റാർച്ച് നിർമ്മിക്കുന്ന ഒരു ഫാക്ടറിക്ക് വളരെ കൂടുതൽ അനുകൂല ഘടകങ്ങൾ ഉണ്ട്.

പഞ്ചായത്തിൽ കറവപശുക്കളെ സംബന്ധിച്ച് അവർക്കുള്ള കാലിത്തീറ്റ ഇറക്കുമതി ചെയ്താണ് ഉപയോഗിച്ചു വരുന്നത്. അത് കണക്കിലെടുത്ത് നമ്മുടെ ഈ പ്രദേശത്ത് ഒരു മിനി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം (5 ടൺ). ദിനം പ്രതി 2000 ലിറ്റർ പാൽ ഇവിടെ ഉല്പാദിപ്പിക്കുന്നു. പാൽ ഉപയോഗിച്ച് ചോക്കലേറ്റ് നിർമ്മിക്കുന്ന ഒരു മിനി ഫാക്ടറി സ്ഥാപിച്ചാൽ കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനു കഴിയും. കരിമ്പന വളരെ കൂടുതലുള്ള പഞ്ചായത്തായതിനാൽ പനയോലകൊണ്ട് കുട, തൊപ്പി മറ്റു കൗതുക വസ്തുക്കൾ എന്നിവ ഉണ്ടാക്കുന്ന ഒരു ചെറുകിട വ്യവസായം ആവശ്യമാണ്.

വിദേശത്തും സ്വദേശത്തും വളരെ പ്രിയമുള്ള പരമ്പരാഗത തൊഴിലായ കളിമൺപാത്ര

നിർമ്മാണം, പരമ്പ് നെയ്ത്ത് എന്നിവ വാണിജ്യ അടിസ്ഥാനത്തിൽ വിപുലമായി തുടങ്ങേണ്ടതിനു കഴിയണം.

ചെറുകിട വ്യവസായ യൂണിറ്റുകൾ എന്ന നിലയിൽ ഗ്രൈന്റർ നിർമ്മിക്കുന്ന ഒരു സ്ഥാപനം, ഒരു സൈക്കിൾ നിർമ്മാണശാല, മിക്സി നിർമ്മിക്കുന്ന സ്ഥാപനം, ടെലിവിഷൻ, റേഡിയോ നിർമ്മാണ ശാല എന്നിവ നിർമ്മിച്ച് തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുന്നതിന് കഴിയണം.

താഴെ പറയും പ്രകാരമുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ കോട്ടായി പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്.

1. വനിതകൾക്ക് റെഡിമെയിഡ് ഗാർമെന്റ് ഫാക്ടറി തുടങ്ങുന്നതിന് സാദ്ധ്യത ഉണ്ട്.
2. ചെരുപ്പ് നിർമ്മാണ യൂണിറ്റ്.
3. ഫർണീച്ചർ വർക്ക് (മരപ്പണി) യൂണിറ്റ്.
4. പ്ലാസ്റ്റിക് വർക്ക് യൂണിറ്റ്.
5. ചകിരി നാര് നിർമ്മിക്കൽ യൂണിറ്റ്.
6. ബ്രഷ് യൂണിറ്റ്-പന ഈരനാരുപയോഗിച്ച് ബ്രഷ്കമ്പനി തുടങ്ങുക.
7. അച്ചാറ്, ജാം, വറ്റൽ മുതലായവ നിർമ്മിക്കൽ.
8. കോഴി വളർത്തൽ യൂണിറ്റ്.
9. സോപ്പ് നിർമ്മാണ ശാല എന്നീ വ്യവസായിക യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

# 5.IV വിദ്യാഭ്യാസം

**ആമുഖം**

കോട്ടായി പഞ്ചായത്തിന്റെ ആദ്യകാല വിദ്യാഭ്യാസ മേഖലയിലെ സിരാവ്യൂഹം കുടിപ്പള്ളിക്കൂടങ്ങളായിരുന്നു. ആ കാലഘട്ടത്തിൽ സമൂഹത്തിലെ ചില ഉന്നത വർഗ്ഗങ്ങളിൽ ചിലർക്കു മാത്രമാണ് വിദ്യാഭ്യാസം ലഭ്യമായിരുന്നത്. കുടിപ്പള്ളിക്കൂടം പ്രധാനമായും നടത്തിയിരുന്നത് പണിക്കർ എന്നറിയപ്പെടുന്ന കണിയാന്മാർ ആയിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി സ്കൂളുകൾ സാർവ്വത്രികമായതോടെ കുടിപ്പള്ളിക്കൂടങ്ങളുടെ പ്രസക്തി കുറഞ്ഞുപോയി.

കോട്ടായി പഞ്ചായത്തിൽ വളരെ നല്ലനിലയിൽ പ്രവൃത്തിച്ച് പേരെടുത്ത് പറയാവുന്ന ഒരു സ്കൂൾ ആണ്. കോട്ടായി ഗവ:ഹൈസ്കൂൾ 1890 കളിലാണ് കോട്ടായി സ്കൂൾ ആരംഭിച്ചത്. ആദ്യകാലത്ത് മദ്രാസ് പ്രവിശ്യയുടെ കീഴിലായിരുന്നു ഈ സ്കൂൾ. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന വിഭജനം വന്നതോടുകൂടി കേരളസംസ്ഥാനത്തിന്റെ കീഴിലുള്ള ഒരു സ്ഥാപനമായി മാറി ഹൈസ്കൂളിനോട് ചേർന്ന് യു.പി. വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഹൈസ്കൂൾ ഈ വർഷം നൂറാം വാർഷികം ആഘോഷിക്കുകയാണ്. കഴിഞ്ഞ നൂറുവർഷത്തെ ഈ സ്കൂളിന്റെ സേവനം കോട്ടായി പഞ്ചായത്തിലെ ജനങ്ങൾക്കുമാത്രമല്ല, കുത്തനൂർ, പെരുങ്ങോട്ടുകുറിശ്ശി, മാത്തൂർ, മങ്കര, പറളി, കുഴൽമന്ദം എന്നീ സമീപപ്രദേശങ്ങളിലെ ജനങ്ങൾക്കും ഈ സ്ക്കൂളിന്റെ സേവനം ലഭ്യമായിട്ടുണ്ട്.

കോട്ടായി പഞ്ചായത്തിൽ അന്ന് ഒരേ ഒരു യു.പി. സ്ക്കൂളെ ഉണ്ടായിരുന്നുള്ളൂ. A.U.P.S. ചമ്പ്രകുളം. 1-ാം ക്ലാസ് മുതൽ 6-ാം ക്ലാസ് വരെ ഫീസ് കൊടുത്ത് പഠിച്ചിരുന്ന കാലമായിരുന്നു അന്ന്. എങ്കിൽപോലും ഫീസ് ഈടാക്കാതെ വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുത്ത സ്ക്കൂളാണ് A.U.P.S. ചമ്പ്രകുളം. ആയതിനാൽ ഈ സ്ക്കൂളിന് 'ധർമ്മസ്ക്കൂൾ' എന്ന ഒരു നാമധേയം കൂടി വന്നു ചേർന്നു.

ഹൈസ്കൂളും, യു.പി. സ്കൂളും കൂടാതെ 5. L.P സ്കൂളുകളും കൂടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് എല്ലാ L.P. സ്ക്കൂളിലും 4-ാം തരംവരെയുള്ള ക്ലാസുകളാണ് പ്രവർത്തിക്കുന്നത്. എന്നാൽ G.L.P.S. പുളിനെല്ലിയിൽ 5-ാം തരംവരെ ക്ലാസുകൾ നടക്കുന്നുണ്ട്.

കോട്ടായിപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളാണ് G.L.P.S. വറോഡ്, G.L.P.S. കോട്ടായി, A.L.P.S. പുളിനെല്ലി A.L.P.S. കീഴത്തൂർ എന്നിവയാണ് ഇതിൽ G.L.P.S. വറോഡ്, G.L.P.S. കോട്ടായി എന്നിവ ഗവൺമെന്റ് സ്ക്കൂളുകളാണ്. ഇവ സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

പട്ടിക - A

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | GHS കോട്ടായി HS | Govt. | 943 | 969 | 1912 | - | - | 65 |
| 2 | AUPS ചമ്പ്രകുളം UP | എയ്ഡഡ് | 504 | 495 | 999 | - | - | 30 |
| 3 | GLPS പുളിനെല്ലി LP | Govt. | 103 | 92 | 195 | - | - | 5 |
| 4 | GLPS വറോഡ് LP | Govt. | 85 | 109 | 194 | - | - | 4 |
| 5 | GLPS കോട്ടായി LP | Govt. | 100 | 98 | 198 | - | - | 6 |
| 6 | ALPS കരിയാംകോട് LP | എയ്ഡഡ് | 71 | 90 | 161 | - | - | 6 |
| 7 | ALPS കീഴത്തൂർ | എയ്ഡഡ് | 68 | 84 | 152 | - | - | 5 |
| | | | 2874 | 1937 | 3811 | - | - | 121 |

## പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC | % | ആകെ | SC | % | ആകെ | SC | % |
| 272 | 268 | - | 1261 | 385 | - | 1278 | 362 | - |

## വെൽഫെയർ ഹോസ്റ്റൽ:-

കോട്ടായി സ്കൂളിനോട് അനുബന്ധിച്ച് ഒരു ഹരിജൻ വെൽഫെയർ ഹോസ്റ്റൽ നടക്കുന്നുണ്ട്. ആദ്യകാലത്ത് വാടക കെട്ടിടത്തിൽ നടത്തിയിരുന്ന ഈ ഹോസ്റ്റൽ 1982 ൽ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി. ആകെ 16 മുറികളുള്ള ഈ സ്ഥാപനത്തിൽ 50 കുട്ടികൾക്ക് താമസിക്കുവാൻ സൗകര്യമുണ്ട്. ഇവരുടെ സൗകര്യങ്ങൾക്കായി 5 ജീവനക്കാരുടെ സേവനവും ഉണ്ട്. സ്കൂളിലെ അദ്ധ്യയനത്തിനു പുറമെ കണക്ക്, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ വിഷയങ്ങളിൽ പ്രത്യേക ട്യൂഷനും നൽകി വരുന്നു.

## ഇംഗ്ലീഷ്മീഡിയം സ്കൂൾ:-

കോട്ടായി പഞ്ചായത്തിൽ നിന്നും അടുത്ത പഞ്ചായത്തുകളായ പെരുങ്ങോട്ടുകുറുശ്ശിയിലെ St. Paul's സ്ക്കൂളിലേക്കും, മാത്തൂരിലെ Poiner സക്കൂളിലേക്കുമായി 250 ഓളം കുട്ടികൾ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി പോകുന്നുണ്ട്.

## ഉപരിപഠനം:-

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. പത്താം ക്ലാസ് പാസാകുന്നതോടെ വളരെ ദൂരെയുള്ള പാലക്കാട്, ആലത്തൂർ, നെന്മാറ, ചിറ്റൂർ, ഒറ്റപ്പാലം എന്നീ പ്രദേശങ്ങളിലുള്ള കോളേജുകളെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ ഈ പഞ്ചായത്തിൽ ഒരു പോളിടെക്നിക്, കോളേജ് എന്നിവ ഒഴിച്ചു കൂടാൻ പറ്റാത്തതാകുന്നു.

പഞ്ചായത്തിൽ രണ്ടു പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ S.S.L.C. തോറ്റവർക്കും, സ്ക്കൂളിൽ പോകുന്നവർക്കും വേണ്ടിയുള്ള ട്യൂഷൻ ഏർപ്പാടുമാത്രമേ ഉള്ളൂ. P.D.C. നാമമാത്രമായി പ്രവർത്തിക്കുന്നുണ്ട്.

## തൊഴിൽ പരിശീലനം:-

കോട്ടായിൽ ടൈപ്പ്റൈറ്റിംഗ് പഠിപ്പിക്കുന്ന 4 സ്ഥാപനങ്ങൾ ഉണ്ട്. ഏകദേശം 120 ഓളം പേർ അവിടെനിന്ന് പരിശീലനം നടത്തിവരുന്നുണ്ട്. ഷോർട്ട്ഹാന്റ് പരിശീലനവും നടക്കുന്നുണ്ട്. കോട്ടായി ഹൈസ്ക്കൂളിൽ PTA യുടെ നേതൃത്വത്തിൽ ഒരു പ്രീ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറി വിദ്യാലയങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

## അംഗൻവാടി:-

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടത്തുന്ന അംഗൻവാടികളിൽ 3 to 5 വയസ്സിനും ഇടയിൽ പ്രായമുള്ള കുറെ കുട്ടികൾ അംഗൻവാടികളിൽ പോകുന്നുണ്ട്. ഇവിടെ ആകെ 11 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇനി 9 അംഗൻവാടികൾ കൂടി പഞ്ചായത്തിൽ ഉണ്ടാവണം.

## അദ്ധ്യാപകർ:-

ഈ പഞ്ചായത്തതിർത്തിയിലുള്ള സ്ക്കൂളുകളിൽ ജോലി ചെയ്യുന്ന 121 അദ്ധ്യാപകരിൽ 20 പേർ മാത്രമേ തദ്ദേശീയരായിട്ടുള്ളൂ. ബാക്കിയുള്ളവരെല്ലാം തന്നെ പല സ്ഥലങ്ങളിൽ നിന്നും വന്ന് ജോലി ചെയ്ത് പോകുന്നവരാണ്.

## സാക്ഷരത:-

പഞ്ചായത്തിൽ ഇത്രയെല്ലാം വിദ്യാലയങ്ങൾ ഉണ്ടായിട്ടും നിരക്ഷരത അൽപ്പമായെങ്കിലും ഉണ്ട്. 1988 ൽ ആരംഭിച്ച സാക്ഷരതായജ്ഞത്തിന്റെ ഫലമായി സാക്ഷരത നേടിയെടുക്കാൻ കഴിഞ്ഞെങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത കാരണം നവ സാക്ഷരിൽ പലരും നിരക്ഷരരുടെ കയത്തിലേക്ക് വീണ്ടും ആണ്ടുപോവുകയാണ്.

## പുരോഗതി:-

പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു സ്ക്കൂൾ കോംപ്ലക്സ് നിലവിൽ ഉണ്ടെങ്കിലും അതിന്റെ ഗുണങ്ങൾ എല്ലാ വിദ്യാർത്ഥികളിലും അനുഭവവേദ്യമായിട്ടില്ല. ചില ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ സ്കൂളിൽ പോകുന്ന 25% ത്തിൽ അധികം വരുന്ന വിദ്യാർത്ഥികൾക്കും അക്ഷര, അക്കജ്ഞാനത്തിന്റെ തോത് വളരെ താഴ്ന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്കൂളുകളിൽ അദ്ധ്യയനം നടത്താൻ നിർബന്ധിതരായിതീരുന്ന വിദ്യാർത്ഥികൾ എല്ലാ തലങ്ങളിലും പിൻതള്ളപ്പെട്ടു പോവുകയാണ്. ഈ അവസരത്തിൽ സ്ക്കൂളുകളെ ഉന്നതനിലവാരത്തിൽ എത്തിക്കുന്നതിന് രക്ഷിതാക്കളും അദ്ധ്യാപകരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്.

P.T.A യുടെ പ്രവർത്തനം കോട്ടായി ഹൈസ്ക്കൂളിലും, G.L.P.S. പുളിനെല്ലിയിലും സ്തുത്യർഹമാണ്. ഹൈസ്ക്കൂളിൽ P.T.A സ്ക്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ആവുന്നത്ര സഹായിക്കുന്നുണ്ട്. P.T.A. യുടെ വകയായി കുട്ടികൾക്കായി ഒരു water tank കെട്ടി കുടിവെള്ള സൗകര്യം ചെയ്തു കൊടുത്തു. കൂടാതെ വർഷാവർഷം കേടുവരുന്ന ബഞ്ച്, ഡസ്ക് നന്നാക്കൽ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സഹായം ഫോൺബിൽ, ഇലക്ട്രിസിറ്റി ബിൽ കൊടുക്കൽ എന്നിവയും, P.T.A

ഏറ്റെടുത്ത് നടത്തുന്നുണ്ട്. കുട്ടികളുടെ അച്ചടക്കത്തിന്റെ കാര്യത്തിലും വേണ്ടത്ര പിന്തുണ നൽകുന്നുണ്ട്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന കാര്യത്തിൽ കോട്ടായി പഞ്ചായത്ത് മുൻ നിരയിൽ തന്നെയുണ്ട് G.L.P.S. കോട്ടായിൽ അവിടത്തെ NSS കരയോഗക്കാർ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മൂന്ന് കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നുണ്ട്. G.L.P.S. പൂളിനെല്ലിയിൽ മിടുക്കരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിൽ മാതൃകപരമായി തന്നെ അവിടത്തെ P.T.A. പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികളുടെ പേർ നോട്ടീസ് ബോർഡിൽ വെക്കുന്നു.

## കോട്ടായി ഗ്രാമപഞ്ചായത്ത് :-

കോട്ടായി പഞ്ചായത്തിൻ മേൽ പറഞ്ഞ എല്ലാ സ്കൂളിലെയുംകുട്ടികൾക്കായി ഉയർന്ന മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി നല്ല പ്രോത്സാഹനങ്ങൾ നൽകിവരുന്നുണ്ട്. ഗ്രാമസഭകളിലൂടെ വിദ്യാഭ്യാസത്തെപ്പറ്റി സജീവമായ ചർച്ചകൾ നടന്നു. അക്കാഡമിക് നിലവാര തകർച്ചയെപ്പറ്റി ഏവരും ഉൽക്കണ്ഠാകുലരായിരുന്നു. പാഠപുസ്തകങ്ങൾ കിട്ടുന്നതിലുള്ള കാലതാമസം, അദ്ധ്യാപക നിയമനത്തിനുള്ള താമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതിക സാഹചര്യങ്ങൾ, നിലവിലുള്ള സ്കൂളുകളുടെ UP gradation, പുതിയ സ്കൂളുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, ഉച്ചക്കഞ്ഞി വിതരണം, അദ്ധ്യാപക രക്ഷാകർതൃസമിതി, കുട്ടികളുടെ കൂട്ടക്ലാസ്കയറ്റം, ഇത്യാദി വിഷയങ്ങളെ സംബന്ധിച്ചും ഗ്രാമസഭകളിൽ ഗൗരവമായി ചർച്ചകൾ നടന്നിട്ടുണ്ട്. 3 ഗവ: L.P. സ്ക്കൂൾ പ്രവർത്തിക്കുന്നത് സ്വകാര്യ വ്യക്തികളുടെയാണ്. അവർക്ക് കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും താല്പര്യക്കുറവ് പരമാർശിക്കപ്പെട്ടു. രണ്ട് മാനേജ്മെന്റ് സ്ക്കൂൾ നടത്തുന്നതിൽ പോരായ്മകൾ ഉണ്ടെന്ന് ചൂണ്ടികാണിക്കപ്പെട്ടു. പഞ്ചായത്തിന്റെ മിക്ക സ്ക്കൂളുകളിലെയും അക്കാഡമിക് സൗകര്യങ്ങൾ ശോചനീയമാണ്. ഓരോ വിദ്യാർത്ഥിക്കും, മാനസികമായും ശാരീരികമായും ഉത്തേജനം നൽകുന്ന തരത്തിലായിരിക്കണം സ്ക്കൂൾ അന്തരീക്ഷം. ക്ലാസ്മുറികളുടെ ഘടന, നല്ല ഫർണീച്ചറുകൾ, ബോർഡ്, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, ലബോറട്ടറി മുതലായവ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത.

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് റൂം P.T.A. പ്രവർത്തിക്കാറുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 7 | - | 5 | 1 | 3 | 2 | 3 | 0 | 0 | 1 | 6 | 6 | 7 |
| ഇല്ലാത്തത് | - | | 2 | 6 | പരിമിതം | 5 | 4 | 7 | 7 | 6 | - | 1 | - |

നമ്മുടെ സ്ക്കൂളുകളെ സംബന്ധിച്ച് പ്രധാന പ്രശ്നം ദൃശ്യശ്രവ്യ പഠനോപകരണങ്ങളുടെ കുറവുതന്നെയാണ്. ഇതിന്ന് ഒരു പരിഹാരം കാണുകയാണെങ്കിൽ കുട്ടികൾക്ക് നേരിൽ കണ്ടു പഠിക്കുവാനും മനസ്സിലാക്കുവാനും കഴിയും.

കോട്ടായി ഗവൺമെന്റ് ഹൈസ്ക്കൂളിൽ കെട്ടിടങ്ങളുടെ പരിമിതി മൂലം ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിലുള്ളത്. നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ ക്ലാസ്സ്മുറികൾ നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യത പട്ടികയിൽ ചേർത്തിരിക്കുന്നു.

## ഭൗതിക സാഹചര്യങ്ങൾ:-

| സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | അദ്ധ്യാപകർ | ക്ലാസ് മുറി | സ്റ്റാഫ് മുറി | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | ചുറ്റുമതിൽ | കളിസ്ഥലം |
|---|---|---|---|---|---|---|---|---|---|---|
| G.H.S. കോട്ടായി | 1912 | 65 | 34 | ഉണ്ട് | 3 | 3 | പൈപ്പ്, കിണർ | ഉണ്ട് | ഉണ്ട് | 2½ ഏക്കർ |
| AUPS ചമ്പ്രകുളം | 999 | 30 | 24 | ഉണ്ട് | 2 | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല |
| GLPS വറോഡ് | 195 | 5 | 4 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4000 ച.'' |
| GLPS പുളിനെല്ലി | 154 | 4 | 6 | ഇല്ല | 3 | ഇല്ല | കിണർ | ഇല്ല | ഉണ്ട് | 10 സെന്റ് |
| GLPS കോട്ടായി | 198 | 6 | 8 | ഇല്ല | ഇല്ല | ഇല്ല | കിണർ | ഇല്ല | ഇല്ല | 2096 ച.മീ. |
| ALPS കരിയാംകോട് | 161 | 6 | 6 | ഉണ്ട് | ഉണ്ട് | ഇല്ല | കിണർ | ഉണ്ട് | ഇല്ല | 80 സെന്റ് |
| ALPS കിഴത്തൂർ | - | - | - | ഇല്ല | - | - | കിണർ | ഇല്ല | ഇല്ല | - |

മൂത്രപ്പുര ഇല്ലാത്ത ഒരു സ്കൂൾ ഉണ്ട്. ഹൈസ്ക്കൂളിൽ കക്കൂസ് ഉണ്ടെങ്കിലും അവ പര്യാപ്തമല്ല. മറ്റുസ്ക്കൂളുകളിൽ കക്കൂസുകൾ ഒന്നും തന്നെയില്ല.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. ഹൈസ്ക്കൂളിലെ കഴിഞ്ഞ നാലുവർഷത്തെ S.S.L.C. വിജയ ശതമാനം പട്ടികയിൽ ചേർത്തിരിക്കുന്നു.

## അക്കാഡമിക് നിലവാരം

**S.S.L.C.**

| കൊല്ലം | 92-'93 | 93-'94 | 94-'95 | 95-'96 |
|---|---|---|---|---|
| പരീക്ഷക്ക് ഇരുന്നവർ | 389 | 368 | 364 | 388 |
| വിജയശതമാനം | 21.7% | 22.5% | 23% | 20.6% |

96-97 വർഷത്തിൽ നടത്തിയ പാദവർഷ പരീക്ഷയിൽ 3 മുതൽ 10 വരെയുള്ള കുട്ടികളുടെ മാർക്ക് പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|
| | | 30% താഴെ | 30%-40% മാർക്ക് നേടിയവർ | 40%-50% മാർക്ക് നേടിയവർ | 50%-60% മാർക്ക് നേടിയവർ | 60%ത്തിൽ കൂടുതൽ മാർക്ക് നേടിയവർ |
| 3 | 302 | 65 | 54 | 78 | 32 | 73 |
| 4 | 306 | 82 | 49 | 67 | 56 | 52 |
| 5 | 429 | 125 | 106 | 92 | 72 | 34 |
| 6 | 435 | 142 | 125 | 108 | 35 | 25 |
| 7 | 433 | 120 | 125 | 78 | 70 | 40 |
| 8 | 469 | 172 | 116 | 84 | 62 | 35 |
| 9 | 462 | 196 | 98 | 76 | 60 | 32 |
| 10 | 347 | 114 | 84 | 64 | 58 | 26 |

നിരവധി കാരണങ്ങളാൽ വിദ്യാഭ്യാസ നിലവാരം താഴുന്നതിന് കാരണമായി ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഗവർമെന്റ് സ്ക്കൂളുകളിൽ അദ്ധ്യാപകരുടെ നിയമനം വൈകുന്നത് ഒരു കാരണമാണ്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതവും വേറൊരു കാരണമായി പറയാം. കോട്ടായി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവരായതിനാൽ കൃഷിപ്പണി സമയത്ത് ധാരാളം വിദ്യാർത്ഥികൾ ക്ലാസുകളിൽ എത്താറില്ല. ആ സമയങ്ങളിൽ പഠിപ്പിച്ച പാഠങ്ങൾ അവർക്ക് വീണ്ടെടുക്കാൻ മിക്കപ്പോഴും സാധിക്കാറില്ല. ഇങ്ങിനെയുള്ള കുട്ടികളാണ് അഭ്യസ്ഥ വിദ്യരായ നിരക്ഷരർ.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒന്നാം വാർഡിലെ കാളികാവ് പ്രദേശത്ത് ഒരു L.P. സ്ക്കൂൾ ആരംഭിക്കുക.
2. G.L.P.S. കോട്ടായി, G.L.P.S. പുളിനെല്ലി എന്നീ സ്ക്കൂളുകൾ U.P. സ്ക്കൂളായി ഉയർത്തുക.
3. നിലവിലുള്ള എല്ലാ സ്ക്കൂളുകളിലും പ്രാഥമികാവശ്യങ്ങൾക്ക് മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കുക.
4. കോട്ടായി ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തുക.
5. L.P. സ്ക്കൂളുകൾ കേന്ദ്രീകരിച്ച് പ്രീ പ്രൈമറികൾ ആരംഭിക്കുക.
6. എല്ലാ വാർഡിലും അംഗൻവാടികൾ 1000 ആൾക്ക് ഒന്ന് എന്ന തോതിൽ സ്ഥാപിക്കുക.
7. സ്ക്കൂൾ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
8. അദ്ധ്യയന വർഷം ആരംഭിച്ച് ഒരാഴ്ചയ്ക്കകം പാഠപുസ്തകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
9. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക.
10. ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ അരി, പയർ മുതലായവ കോട്ടായി മാവേലിസ്റ്റോറിൽ നിന്നും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
11. സ്ക്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടത്തുക.
12. കോട്ടായിൽ പുളിനെല്ലി കേന്ദ്രീകരിച്ച് ഒരു കോളേജ് ആരംഭിക്കുക.

13. പഞ്ചായത്ത് കേന്ദ്രീകരിച്ച് കമ്പ്യൂട്ടർ കോഴ്സ്, അഗ്രികൾച്ചർ കോഴ്സ് എന്നിവ തുടങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തുക.
14. സ്ക്കൂളുകളിൽ നോട്ടു പുസ്തകം, കുടനിർമ്മാണം എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക.
15. ഇപ്പോൾ നിർജ്ജീവമായി ഇരിക്കുന്ന സ്ക്കൂൾ കോംപ്ലക്സ് സജീവമാക്കുക.
16. പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ പഠനത്തേയും, പ്രവർത്തനത്തേയും ഉത്തേജിപ്പിക്കാവുന്നതാണ്. സ്പോർട്സുകൾ, ക്ലബുകൾ, സാഹിത്യസമാജങ്ങൾ, പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ടം കായിക പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവ സ്ക്കൂളുകൾ ഏറ്റെടുത്ത് നടത്തണം.
17. മാസാന്തര പരീക്ഷകളും, ചുരുങ്ങിയത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും P.T.A. യോഗങ്ങളും നടത്തണം.

അദ്ധ്യാപകരുടേയും, രക്ഷിതാക്കളുടേയും, വിദ്യാർത്ഥികളുടേയും ഒത്തുചേർന്നുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസമേഖലയിലെ ഇന്നത്തെ ശോചനീയാവസ്ഥ ഇല്ലാതാക്കാൻ നമുക്ക് സാധിക്കും. നമ്മുടെ നാടിന്റെ നല്ലൊരു നാളേയ്ക്ക് ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിന് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.



# 5.V കുടിവെള്ളവും പൊതുജനാരോഗ്യവും

ഭൂമിയിൽ ഇന്നു ലഭിക്കുന്നത് ആകെയുള്ള ജലത്തിൽ ആകെയുള്ള ജലത്തിന്റെ 0.01% മാത്രമാണ്. ദൈനംദിന ആവശ്യങ്ങൾക്ക് ആവശ്യമായ ജലം വളരെക്കുറവായേ ലഭിക്കുന്നുള്ളൂ. പഞ്ചായത്തിലെ 99% ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. അനവധി സ്വകാര്യ വ്യക്തികൾക്കു കീഴിൽ കുളങ്ങൾ ഉണ്ടെങ്കിലും അവ പൂർണ്ണമായി കുടിക്കാനുള്ള ആവശ്യത്തിനു ഉപയോഗിക്കാൻ കഴിയാത്തതാണ്. പഞ്ചായത്തിൽ ആകെ 48 എണ്ണം പഞ്ചായത്ത് കിണറുകളുണ്ട്. ഭാരതപുഴയുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിൽ വെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടാറില്ല. സാധാരണയായി മാർച്ച്-ഏപ്രിൽ മാസങ്ങളാവുമ്പോഴേക്കും കുടിവെള്ള പ്രശ്നം വളരെയേറെ രൂക്ഷമാവാറുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് പൈപ്പുകളിലൂടെ കുടിവെള്ളം എത്തിക്കാൻ പൂർണ്ണമായി കഴിഞ്ഞിട്ടില്ല. ചില പ്രദേശങ്ങളിൽ മാത്രമേ പൈപ്പുകളിലൂടെ വെള്ളം എത്തിക്കാൻ കഴിയുന്നുള്ളു. പഞ്ചായത്തിലെ തന്നെ ആവശ്യത്തിന് ഉതകുന്ന രീതിയിൽ ടാങ്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. വാട്ടർ അതോറിറ്റിയുടെ ഒരു HP പമ്പ്സെറ്റ് ഒന്നാം വാർഡിലെ മുട്ടിക്കടവിനു സമീപം പ്രവർത്തിപ്പിക്കുന്നുണ്ട്. അതിൽ നിന്നുമാണ് കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നത്. പഞ്ചായത്തിലെ 3645 വീടുകളിൽ 80% വീടുകൾക്കും ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടാറില്ല. എന്നാൽ 20% ത്തോളം ജനങ്ങളുടെ വെള്ളപ്രശ്നം വളരെയേറെ രൂക്ഷമാണ്. പഞ്ചായത്തിൽ ആകെ 58 കുളങ്ങൾ ഉണ്ട്. ഈ കുളങ്ങൾ അത്രയും സർക്കാർ ഏറ്റെടുത്ത് കുളങ്ങളുടെ നാലതിരുകളും സംരക്ഷിച്ചു ഉപയോഗപ്രദമാക്കുകയാണെങ്കിൽ ജലക്ഷാമം പരിഹരിക്കാൻ ഒരു നല്ല മാർഗ്ഗമാണ്. ഓരോ കുളങ്ങൾക്കും വറ്റാത്ത ഉറവ് ഉണ്ട്. ഇവ സംരക്ഷിച്ചാൽ നാളത്തെ തലമുറക്ക് മതിയായ അളവ് ശുദ്ധജലം കിട്ടും. വാർഡുകളിലെ കുളങ്ങളുടെ കണക്ക് ചുവടെ കൊടുക്കുന്നു.

| വാർഡ് | 10 to 20 | 20 to 30 | 30 to 40 | 40 to 50 | 50 നു മുകളിൽ | ആകെ |
|---|---|---|---|---|---|---|
| 1 | 2 | 1 | 1 | 1 | - | 5 |
| 2 | 2 | 1 | 2 | 2 | 1 | 8 |
| 3 | 2 | 1 | - | 2 | 1 | 6 |
| 4 | 1 | 2 | 2 | 1 | - | 6 |
| 5 | 1 | 1 | 2 | 2 | - | 6 |
| 6 | - | - | 1 | 1 | 1 | 3 |
| 7 | 2 | 1 | 2 | 3 | 2 | 10 |
| 8 | - | 2 | - | 1 | - | 3 |
| 9 | - | 2 | 2 | - | 2 | 6 |
| 10 | 2 | - | 2 | - | 1 | 5 |

പഞ്ചായത്തിൽ ആകെ 46 പൊതുകിണറും ഒരു ടാങ്കും, 23 ബോർവെൽകളും 58 പൊതു ടാപ്പുകളും ഉണ്ട്. ഇതിൽ പൊതുകിണർ പൊതുവെ സംരക്ഷിക്കപ്പെടുന്നതും ഉപയോഗപ്രദവുമാണ് എന്നാൽ ടാങ്കിൽ നിന്നുള്ള ജലവിതരണം തൃപ്തികരമല്ല. പഞ്ചായത്തിൽ ആകെ 58 പൊതു ടാപ്പുകൾ ഉണ്ട്. എങ്കിൽപ്പോലും അഞ്ചാം വാർഡിലെ മുസ്ലീം തറയിലെ ജലപ്രശ്നം പരിഹരിക്കാൻ പൂർണ്ണമായി കഴിഞ്ഞിട്ടില്ല. 23 ബോർവെൽ ഉണ്ട് അത് കൃത്യമായി റിപ്പയർ ചെയ്യാൻ പഞ്ചായത്ത് ശ്രദ്ധിക്കാറുണ്ട്. മൊത്തം ജലവിതാനത്തിൽ ബോർവെൽ വിപരീതഫലം ഉണ്ടാക്കുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ താഴെ പറയും നിർദ്ദേശങ്ങൾ ഗ്രാമസഭകളിലൂടെ വരികയുണ്ടായി.

I (a) ചേന്ദം പൊറ്റ ഭാഗത്ത് 2 ടാപ്പുകൾ ആവശ്യമാണ്.

(b) വലിയമ്മകാവ്, പയറ്റുപറമ്പ്, കൂത്തലക്കാട് എന്നിവിടങ്ങളിൽ വലിയ ജലക്ഷാമം ഉള്ളതുകൊണ്ട് അവിടെ ഓരോ പൊതുകിണർ വേണം.

(c) കാളികാവിൽ തടയണ നിർമ്മിക്കുക എങ്കിൽ ആ പ്രദേശത്തുള്ള 200 കുടുംബങ്ങളുടെ ജലക്ഷാമം പരിഹരിക്കാം. പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലേക്കുള്ള വെള്ളം വിതരണം ചെയ്യുന്നതിനുതകുകയും ചെയ്യും.

II മുല്ലക്കര ലക്ഷം വീടിനടുത്തായി GLPS കോട്ടായിനും ഉപകാര പ്രദമാവും വിധം ഒരു കുഴൽകിണർ സ്ഥാപിക്കണം.

III മണ്ഡലക്കോട് ഭാഗത്തേക്ക് പൈപ്പ് ലൈൻ എത്തിക്കുക മണ്ഡലക്കോട് ആശാരിത്തറ, കുന്നം ചാത്തം പറമ്പ്, ചേറുംക്കോട്, വടക്കുമുറി എന്നീ പ്രദേശങ്ങളിൽ ഒരു പൊതു കിണർ സ്ഥാപിക്കണം.

IV ഗവ: ഹൈസ്ക്കൂളിൽ പൊതു ടാപ്പ് നിർമ്മിക്കുക. പനങ്കാവിൽ പുതിയ പൊതുകിണർ കുഴിക്കണം പെരുംകുളം വൃത്തിയാക്കി ശുദ്ധജല വിതരണ കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

V കീഴത്തൂർ പ്രദേശത്ത് ജലക്ഷാമം പരിഹരിക്കാൻ കീഴത്തൂർ പള്ളിക്കു സമീപം ഒരു ടാങ്ക് നിർമ്മിക്കുക. പുതിയ ഒരു മോട്ടോർ പുഴയുടെ ഭാഗത്ത് സ്ഥാപിച്ച് അതിൽ നിന്നും വെള്ളം ഉപയോഗപ്പെടുത്തുക. കൂളിമം തടയണ നിർമ്മിച്ചാൽ ചെറുതായ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

Vi പൈപ്പുലൈനുകൾ വീടുകൾക്ക് കണക്ഷൻ നൽകണം പരാതിയുണ്ടായാൽ ഉടൻ നേരാക്കി നൽകണം. ഏവർക്കും ഉപയോഗപ്രദമായ രീതിയിൽ കോട്ടായി സെന്ററിൽ ഒരു പൊതുടാപ്പ് നിർമ്മിക്കുക. Tank ദിവസേന ശുചീകരിക്കുക.

VII നിലവിലുള്ള എല്ലാ ഭാഗങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിക്കുക അതുവഴി ശുദ്ധജലം വിതരണം ചെയ്യുക. നിലവിലുള്ള കിണറുകളുടേയും കുഴൽ കിണറുകളുടേയും അറ്റകുറ്റപണി നടത്തുകയും പുതിയവ അനുവദിക്കുകയും ചെയ്യുക.

VIII കണ്ടത്താർ കുളത്തെ ഉപയോഗപ്പെടുത്തി വാർഡിലെ എല്ലാവീടുകൾക്കും ശുദ്ധജലം എത്തിച്ചു കൊടുക്കാൻ പാകത്തിൽ ഒരു സ്കീം ഉണ്ടാക്കാവുന്നതാണ്. കീഴത്തൂർ സ്ക്കൂളിനു സമീപം ടാപ്പുകൾ സ്ഥാപിക്കണം, പൊതു കിണറുകൾ സംരക്ഷിക്കണം.

IX കല്ലേക്കാട് പ്രദേശത്തെ വെള്ള പ്രശ്നം പരിഹരിക്കുക. കുന്നം പറമ്പ്, വെങ്ങോലക്കളം, കറുവക്കുളം, പൂവക്കോട്, ആശാരിതറ, കുണ്ടമാറി, ചമ്പക്കുളം, കല്ലേക്കാട്, പാറലാംപടി കുന്നത്ത്, വടക്കേ

കുണ്ടമാറി, ചെറുകുണ്ടിൽ, വറോഡ്, ചേവ എന്നീ പ്രദേശത്ത് പൊതുകിണർ സ്ഥാപിക്കണം.

X പത്താം വാർഡിൽ പൈപ്പുകളിലൂടെ ജലവിതരണം നടത്താനുള്ള സംവിധാനം ഉണ്ടാക്കണം. പൊതുകിണർ ജലസമൃദ്ധമല്ല. ഇതു പരിഹരിക്കാനുള്ള സംവിധാനം കാണണം.

### പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ:

★ പാഴായിപ്പോവുന്ന മഴവെള്ളം സംരക്ഷിക്കാൻ ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുത്തിയും വരമ്പുകളിട്ടും, ജലസംഭരണം വർദ്ധിപ്പിക്കുക.

★ പ്രകൃതിയിലുള്ള സ്വാഭാവിക സ്രോതസ്സുകൾ, കുളങ്ങൾ എന്നിവ സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കുക.

★ നിലവിലുള്ള തോടുകളുടെ വൃഷ്ടി പ്രദേശത്ത് കൂടുതൽ ജലം സംഭരിക്കാനുള്ള മാർഗ്ഗംസ്വീകരിക്കുക.

★ കുഴൽക്കിണറുകൾ നിയന്ത്രിക്കുക.

★ ജല മലിനീകരണം തടയുക.

★ ജലം അമൂല്യമാണെന്ന ബോധം ജനങ്ങളിൽ വളർത്താൻ ആവശ്യമായ ബോധവൽക്കരണ സംരംഭങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകുക.

## പൊതുജനാരോഗ്യം:

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു നാടിന്റെ സമ്പത്ത്. നാടിന്റെ ഭാവി രൂപപ്പെടുത്താൻ ബുദ്ധിയും ശക്തിയും പ്രയോഗിച്ച് അർപ്പണ ബോധത്തോടെയുള്ള ഒരു ജനതയുടെ മുന്നേറ്റമാണ് വികസനത്തിന്റെ അടിത്തറ. നാം ആർജ്ജിച്ചെടുക്കേണ്ടുന്ന ശക്തി നമ്മുടെ സമൂഹത്തിന്റെ ഓജസ്സിന്റെ പ്രതീകമാണ്. നാളെകളെ സംബന്ധിച്ച പ്രതീക്ഷയുടെ പ്രകാശ ഗോപുരമാകാൻ നാടിന്റെ ആരോഗ്യത്തിനും കഴിയും. നാടിന്റെ വികാസത്തിന് കൂച്ചുവിലങ്ങിടാനും നാടിന്റെ ഐശ്വര്യത്തെ പുറകോട്ടു വലിക്കാനും തയ്യാറാവുന്ന ശക്തികൾക്ക് എന്നും വിഘാതം നിന്നിരിക്കുക ആരോഗ്യമാണ്.

കോട്ടായിന്റെ പൊതുജനാരോഗ്യ ചരിത്രം ആരംഭിക്കുന്നത് 1930 കളിലാണ്. അതിനുശേഷം നമ്മുടെ പഞ്ചായത്തിനും തൊട്ടയൽപ്പക്ക പഞ്ചായത്തുകാർക്കും വളരെയേറെ സേവനം നടത്തിയ ഈ ആതുരാലയം ആരംഭിച്ചത് 1938 ൽ ആണ്. സ്വന്തമായ സ്ഥലമില്ലാതെ, ആവശ്യത്തിനു സൗകര്യങ്ങളില്ലാതെ കിടന്ന നമ്മുടെ ആശുപത്രി ഇന്ന് ബുദ്ധിമുട്ടുകളും കുറവുകളും ഉണ്ടെങ്കിലും ബഹുദൂരം മുന്നോട്ടു വന്നിട്ടുണ്ട്. ആശുപത്രിയുടെ ഉടമസ്ഥത ഡോ. എ.ബി. മേനോന്റെ കയ്യിലായിരുന്നു. ആശുപത്രിയെന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചത് 1938 ലാണ്. ആദ്യകാല പഞ്ചായത്തിന്റെ വികാസത്തിലേക്കുള്ള ആദ്യ ചുവടുവെപ്പാണ് ഈ ആശുപത്രി.

ആശുപത്രിയുടെ പ്രധാനകെട്ടിടം 1948 ൽ കാശ്മീർ യുദ്ധത്തിൽ മരിച്ച മേജർ A.K. രാമസ്വാമിയുടെ സ്മരണാർത്ഥം നിർമ്മിച്ചതാണ്. അദ്ദേഹത്തിന്റെ ആത്മത്യാഗത്തിന്റെ പ്രതീകമായ ഈ കെട്ടിടവും സേവന രംഗത്ത് തല ഉയർത്തി നിൽക്കുന്നു. മേജർ രാമസ്വാമിയുടെ സ്മാരകാർത്ഥം ശ്രീമതി അയിലം സുബ്ബലക്ഷ്മി അമ്മാൾ പണി കഴിപ്പിച്ചതാണ് പ്രസ്തുത കെട്ടിടം. അയൽ പഞ്ചായത്തുകാർക്കു കൂടി ഉപയോഗപ്രദമായ ഈ ആശുപത്രി സ്വകാര്യ വ്യക്തിയുടെ കീഴിൽ ആയതിനാൽ വികസനം പൂർണ്ണമാകാൻ ഒരുപാട് സാങ്കേതിക വൈഷമ്യങ്ങൾ ഉണ്ടായിരുന്നു. കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിലും പുതിയ കെട്ടിടം പണിയുന്നതിലും നേരിട്ട പ്രയാസങ്ങൾ പരിഹരിക്കാൻ 27.1.1988 ൽ അധികാരത്തിൽ വന്ന പഞ്ചായത്ത് ബോർഡ് തീരുമാനിച്ചു. അതിനനുസരണം ഒരു പുനരുദ്ധാരണ കമ്മിറ്റി രൂപീകരിച്ചു. ശ്രീ കെ. അപ്പുണ്ണി കൺവീനർ ആയിക്കൊണ്ട് രൂപീകരിക്കപ്പെട്ട പുനരുദ്ധാരണ കമ്മിറ്റി ഇന്നാട്ടിലെ

ജനങ്ങളെകണ്ട് നേരിൽ സഹായം അഭ്യർത്ഥിച്ച് ഒന്നര ലക്ഷം രൂപ പിരിച്ചെടുത്ത് സ്ഥലം ഉടമക്ക് നൽകി ആശുപത്രി ഏറ്റെടുത്തു മഹത്തായ ജനകീയ മുന്നേറ്റത്തെ വിജയിപ്പിക്കാറുള്ള കോട്ടായിലെ പ്രബുദ്ധരായ ജനതയുടെ ഒരു ഉദാഹരണമായിരുന്നു അത്. അതിനോടനുബന്ധമായി തന്നെ ഡോ. എ.ബി. മേനോൻ, കുളങ്ങര ചിന്നമ്മ, കോട്ടായി സർവ്വീസ് സഹകരണ ബാങ്ക് എന്നിവരും IP വാർഡുകൾ വീതം സംഭാവന ചെയ്തിട്ടുണ്ട്.

ആശുപത്രിയോടനുബന്ധമായി തന്നെ ഒരു വനിതകൾക്കായുള്ള 10 ബെഡുള്ള ഒരു വാർഡും ആശുപത്രിയും പ്രവർത്തിക്കുന്നു. പുനരുദ്ധാരണ സമിതി വാങ്ങിയ ആശുപത്രി കെട്ടിടവും സ്ഥലവും അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ 21.10.1990 ൽ സർക്കാരിലേക്ക് ഏറ്റെടുത്തു.

നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം കോട്ടായി പഞ്ചായത്തിലെ നാലാം വാർഡിലാണ് പ്രവർത്തിക്കുന്നത്. ആശുപത്രിയിൽ സൗകര്യമുള്ള ഒരു ഓപറേഷൻ തിയ്യേറ്ററുണ്ട്. ആശുപത്രി ജീവനക്കാരായി പതിനൊന്നു പേർ പ്രവർത്തിക്കുന്നു. ഫീൽഡ് സ്റ്റാഫായി പത്ത്പേരും ആകെ 21 സ്റ്റാഫുണ്ട്. ആശുപത്രിക്ക് ചുറ്റുമതിലും കിണറും മോട്ടോർ കണക്ഷനും വൈദ്യുതിയും ലഭ്യമാണ്. ആകെ 20 രോഗികളെ കിടത്തി ചികത്സിക്കാനുള്ള സൗകര്യമുണ്ട്.

**ആശുപത്രിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സബ്സെന്ററുകളുടെ വിവരം:-**

| | |
|---|---|
| I.P.P. സെന്റർ പുളിനെല്ലി | വാർഡ് ഒമ്പതിൽ സ്ഥിതി ചെയ്യുന്നു. |
| F.W.C. വറോഡ് | വാർഡ് 4 |
| വറോഡ് | F.W.C. യുടെ കീഴിൽ IJPHN, IJHI |
| മുല്ലക്കര | F.W.C. യുടെ കീഴിൽ IJPHN, IJHI |
| കോട്ടായി | ICDS. IJPHNw |
| ലെപ്രസി ഇൻസ്പെക്ടർ 1 | |

അങ്ങിനെ കോട്ടായി ആശുപത്രിയുടെ കീഴിൽ 5 JPHN ഉം 2 JHI ഉം ഒരു ലേഡി ഹെൽത്ത് ഇൻസ്പെകറും ഒരു ഹെൽത്ത് ഇൻസ്പെക്ടറും പ്രവർത്തിക്കുന്നു. കോട്ടായി പഞ്ചായത്തിലേക്ക് അനുവദിച്ച നാല് സബ്സെന്ററുകളിൽ രണ്ട് എണ്ണത്തിനുമാത്രമേ സ്വന്തമായ കെട്ടിടം ഉള്ളൂ. ഈ രണ്ടെണ്ണത്തിൽ വറോഡ് സബ്സെന്റർ താമസയോഗ്യമല്ല. മുല്ലക്കരയ്ക്കും ICDS കോട്ടായ്ക്കും സ്വന്തമായ കെട്ടിടം ഇല്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെങ്കിൽ കെട്ടിടം അനിവാര്യമാണ്.

നമ്മുടെ സർക്കാർ ആശുപത്രിക്കു പുറമെ ഒരു സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു. ആധുനിക സജ്ജീകരണങ്ങൾ ഇല്ലെങ്കിലും ഒരുപാട് ജനങ്ങൾ ഈ ആശുപത്രിയെ സമീപിക്കാറുണ്ട്. ഇതിനു പുറമെ നാല് ആയുർവ്വേദ ഡോക്ടറും ഒരു ഹോമിയോ ഡോക്ടറും 6 അലോപ്പതി ഡോക്ടർമാരും ഉണ്ട്. എങ്കിൽ പോലും സാധാരണക്കാർ പ്രധാനമായും ആശ്രയിക്കുന്നത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തെയാണ്. ആവശ്യമായ സൗകര്യങ്ങൾ ഇല്ല എന്ന പരിമിതിയാണ് ആശുപത്രി പ്രവർത്തനത്തിൽ നേരിടേണ്ടിവരുന്ന പ്രധാന വെല്ലുവിളി. നാടൻ ചികത്സാ രീതികളും പരമ്പരാഗത ചികിത്സാ രീതികളും നാമമാത്രമായി പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ നടക്കുന്നുണ്ട്. നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പ്രതിവർഷം 18000 രോഗികൾ ചികിത്സക്കായി എത്തുന്നുണ്ട്. ഇവരിൽ മുഴുവൻ പേരും കോട്ടായി പഞ്ചായത്തുകാരല്ല എങ്കിൽ പോലും നമ്മുടെ പ്രാഥമിക

കേന്ദ്രത്തിന്റെ വികസനത്തിന്റെ അനിവാര്യത ഈ സംഖ്യ വെളിപ്പെടുത്തുന്നു. കോട്ടായി പഞ്ചായത്തിന്റെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തകരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് പഞ്ചായത്തിൽ പ്രധാനമായും ജലജന്യരോഗങ്ങളും, വായുജന്യ രോഗങ്ങളും പ്രാണിജന്യ രോഗങ്ങളും ത്വക്കുരോഗങ്ങളുമാണ് കണ്ടു വരാറുള്ളത്. കുഷ്ഠരോഗ നിവാരണത്തിനായുള്ള തീവ്രപ്രയത്നം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ നടന്നു വരുന്നുണ്ട്.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനെ സംബന്ധിച്ചിടത്തോളം ചികിത്സയേക്കാൾ പ്രാധാന്യം പ്രതിരോധ പ്രവർത്തനങ്ങൾക്കാണ്. മാതൃശിശു സംരക്ഷണം, കുടുംബക്ഷേമം, വിദ്യാലയാരോഗ്യം, രോഗപ്രതിരോധം, പകർച്ചവ്യാധി നിയന്ത്രണം, ആരോഗ്യവിദ്യാഭ്യാസം, ജനന മരണ വിവരങ്ങൾ ശേഖരിക്കലും റിപ്പോർട്ട് ചെയ്യലും, പരിസര ശുചീകരണം, ദേശീയ ആരോഗ്യ പരിപാടി എന്നീ മേഖലകളിൽ ഈ പ്രാഥമിക ആരോഗ്യ കേന്ദ്രം മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്.

ഗർഭിണികളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേകം ക്ലിനിക്കുകൾ നടത്താറുണ്ട്. ഈ ക്ലിനിക്കുകളിൽ 6 മാരകമായ രോഗങ്ങൾക്കുള്ള കുത്തിവെപ്പുകളും അമ്മയേയും കുഞ്ഞിനേയും 'കുതിരസന്നി'യെന്ന രോഗത്തിൽ നിന്നും രക്ഷിക്കാനുള്ള കുത്തിവെയ്പ്പും നടത്തുന്നു. ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും 75 മുതൽ 100 വരെയുള്ള കുട്ടികൾ ആഴ്ചയിൽ കുത്തിവെപ്പുകൾ സ്വീകരിക്കുന്നു. അന്ധത നിവാരണത്തിനായുള്ള വിറ്റാമിൻ 'A' നൽകുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലൂടെ പഞ്ചായത്തിലെ 11 അംഗൻ വാടികളിലും പ്രതിരോധ കുത്തിവെപ്പുകളും ആരോഗ്യ ക്ലാസ്സുകളും നൽകുന്നുണ്ട്.

പ്രാഥമിക ആരോഗ്യത്തിനു കീഴിൽ മഹിള സ്വസ്ഥസംഘ് (M.S.S) പ്രവർത്തിക്കുന്നുണ്ട്. കുഷ്ഠരോഗ പ്രദേശങ്ങളിൽ രോഗത്തെ നിയന്ത്രണ വിധേയമാക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി SET സെന്റർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

## ജനന നിരക്ക്:-

ഊർജ്ജിതമായ കുടുംബക്ഷേമരംഗത്തെ പ്രവർത്തനപരമായി 2000 ആണ്ടോടെ പൂർത്തീകരിക്കേണ്ട ലക്ഷ്യം നാം ഇപ്പോൾ തന്നെ നേടിക്കഴിഞ്ഞു. നമ്മുടെ പഞ്ചായത്തിലെ 94-95 ലെ ജനനനിരക്ക് 12.1 ഉം 95-96 ലെ ജനനനിരക്ക് 11.3 ആയും രേഖപ്പെടുത്തുന്നു. ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് ജനനനിരക്ക് കുറയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നതാണ്. 95-96 വർഷത്തിൽ മൊത്തം ജനനം 244 ആണ്.

## മരണ നിരക്ക്:-

ഇന്ത്യയിലെ മരണ നിരക്ക് 1000 ത്തിന് 14 ഉം കേരളത്തിന്റേത് 5.9 ഉം ആണ്. നമ്മുടെ പഞ്ചായത്തിലേയും മരണനിരക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 95-96 ലെ മരണ നിരക്ക് 5 ആണ്. 95-96 ലെ മൊത്തം മരണം 111 ആണ്.

## ശിശുമരണ നിരക്ക്:-

ഇന്ത്യയിലെ ശിശുമരണ നിരക്ക് 1000 ത്തിന് 85 ആണ്. കേരളത്തിലേത് 1000 ത്തിന് 13 ഉം ആണ്. എന്നാൽ നമ്മുടെ പഞ്ചായത്തിലേത് 1000 ത്തിന് 8 മാത്രമാണ്. കഴിഞ്ഞ വർഷം പഞ്ചായത്തിൽ രണ്ടു ശിശുമരണം ഉണ്ടായിട്ടുണ്ട്. തൂക്കം കുറഞ്ഞ കുട്ടികളുടെ ജനനം പൊതുവെ കുറവാണ്.

മാതൃമരണം കഴിഞ്ഞ വർഷം പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. കേരളത്തിലെ മാതൃ മരണ നിരക്ക് 0.8 ആണ്.

**ശുചിത്വം:-**

പഞ്ചായത്തിലെ ശുചിത്വത്തിന്റെ കാര്യത്തിൽ നാം മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുണ്ട്. എങ്കിൽ പോലും പൊതു ജനത്തിന്റെ ശുചിത്വ പരിപാലനത്തിൽ നാം ബഹുദൂരം മുന്നോട്ടു പോവേണ്ടതുണ്ട്. പഞ്ചായത്ത് റോഡിന്റെ അഴുക്കുചാലുകൾ വൃത്തിയാക്കിയിട്ടുണ്ട്. ദിവസവും വൃത്തിയാക്കുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല. ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള സംവിധാനം നാം ഉണ്ടാക്കേണ്ടതുണ്ട്.

**കക്കൂസ്:-**

എല്ലാവർക്കും അത്യന്താപേക്ഷിതമായ കക്കൂസ് ഇന്ന് നമുക്ക് പൂർണ്ണമായും നേടിയെടുക്കാൻ സാധിച്ചില്ല. പഞ്ചായത്തിൽ ആകെ 3845 വീടുണ്ട്. എന്നാൽ 60% ത്തോളം ജനങ്ങൾക്കുമാത്രമേ കക്കൂസുകൾ ഉള്ളൂ. പഞ്ചായത്തിൽ 1954 ൽ ഒരു പൊതുകക്കൂസ് നിർമ്മിച്ചെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. പൊതുകക്കൂസ് സംരംഭം വിജയകരമല്ല. കക്കൂസില്ലാത്തതിന്റെ ഫലമായി വയറിളക്കരോഗവും വിരശല്യവും ധാരാളം കണ്ടു വരുന്നു. എല്ലാ വീടിനും ഒരു കക്കൂസ് എന്നത് യാഥാർത്ഥ്യമാക്കുകയാണെങ്കിൽ പല സാംക്രമിക രോഗങ്ങളും തടയാനാവും.

## ആരോഗ്യരംഗത്തെ മാറ്റത്തിനുള്ള ചില നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുക.
2. പഞ്ചായത്ത് സ്ഥലം നൽകിയിരിക്കുന്ന സ്ഥലത്ത് അടിയന്തിരമായി ഒരു ആയുർവ്വേദ ആശുപത്രി ആരംഭിക്കുക.
3. നിലവിലുള്ള P.H.C.യെ ഉയർത്തി ഹോസ്പിറ്റൽ ആക്കുക.
4. എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ചപ്പുചവറുകൾ നിക്ഷേപിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.
5. എല്ലാവീടുകൾക്കും കക്കൂസ് എന്ന ലക്ഷ്യത്തിലേക്ക് 1998 ഓടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുക.
6. കോട്ടായി സെന്ററിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
7. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ എന്നിവിടങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാകുന്നു.
8. എല്ലാ സബ് സെന്ററുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
9. കൊതുക് നിവാരണത്തിനു വേണ്ടി ആരോഗ്യ പ്രവർത്തകരേയും സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തി ആന്റി ലാർവ തെളിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
10. പൊതുജനാരോഗ്യത്തെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ നിരന്തരം നടത്തുക.
11. കുഷ്ഠ രോഗം മാറിയിട്ടുള്ളവരെ പുനരധിവസിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
12. കോട്ടായി പ്രാഥമിക കേന്ദ്രത്തിൽ ആധുനിക സജ്ജീകരണത്തോടുകൂടി ഒരു ലാബോറട്ടറി തുടങ്ങുക.
13. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തന സമിതി വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ JHI, JPHN അംഗൻവാടി വർക്കർ എന്നിവർ ഉൾപ്പെടെ ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.
14. സ്ക്കൂളുകളിൽ ആറുമാസത്തിലൊരിക്കൽ മെഡിക്കൽ ചെക്കപ്പ് നടത്തണം.
15. മാരകമായ അസുഖങ്ങൾ വന്ന രോഗികൾക്ക് വിറ്റാമിൻ ഗുളികകൾ നൽകണം.

**പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതി വിശേഷവും:-**

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | സർക്കാർ സ്ഥാപനം | സ്വകാര്യ | | | |
| I | ഇല്ല | ഇല്ല | പനി, വയറിളക്കം, ചിക്കൻപോക്സ്, ദന്തരോഗം | കുട്ടികൾക്ക് കുത്തിവെപ്പുകൾ നടത്താറുണ്ട്. കിണറുകൾ ക്ലോറിനേഷൻ ചെയ്യാറുണ്ട് | പ്രാഥമിക ചികിത്സക്കായി സബ്സെന്റർ സ്ഥാപിക്കുക. |
| II | - | - | " | ആരോഗ്യ ക്ലാസ്സ് നടത്താറുണ്ട് | സബ് സെന്റർ വേണം |
| III | - | ആയുർവ്വേദം | വയറിളക്കം,ചിക്കൻപോക്സ്, കുഷ്ഠരോഗം | ആരോഗ്യ ക്ലാസ്സ് നടത്താറുണ്ട് | സബ് സെന്റർ ഇല്ല. സ്ഥാപിക്കേണ്ടത് ആവശ്യമാണ്. |
| IV | കോട്ടായി P.H.C. വറോഡ് സബ് സെന്റർ | ഇല്ല | വയറിളക്കം പനി, കുഷ്ഠരോഗം, ദന്തരോഗം | പ്രതിരോധകുത്തിവെപ്പ് നടത്താറുണ്ട്. സബ്സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല. | P.H.C വേണം. സബ്സെന്റർ വൃത്തിയാക്കണം. കുടിവെള്ളം ലഭ്യമാക്കാനുള്ള സൗകര്യം ചെയ്യണം. |
| V | ഇല്ല | സ്വകാര്യ ആശുപത്രി ഹോമിയോ, ആയുർവ്വേദം | വയറിളക്കം, കുഷ്ഠരോഗം, ദന്തരോഗം | പ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട്. സബ്സെന്ററിന്റെ കുറവും. | സബ്സെന്റർ വേണം. |
| VI | ഇല്ല | പുപ്പള്ളി ബാലചികിത്സ ആയുർവ്വേദം | വയറിളക്കം, തൊക്ക് രോഗങ്ങൾ | പ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട്. | സബ്സെന്റർ വേണം. |
| VII | - | - | വയറിളക്കം, മന്ത്, കുഷ്ഠരോഗം | പ്രതിരോധ കുത്തിവെപ്പും. ആരോഗ്യ ക്ലാസ്സും നടത്താറുണ്ട്. | സബ്സെന്റർ വേണം. |
| VIII | - | " | വയറിളക്കം, പനി, മഞ്ഞപിത്തം. | പ്രതിരോധ കുത്തിവെപ്പും. ആരോഗ്യ ക്ലാസ്സും നടത്താറുണ്ട്. | സബ്സെന്റർ വേണം. |
| IX | സബ്സെന്റർ I.P.P. പുളിനെല്ലി | ഇല്ല | വയറിളക്കം, പനി, മഞ്ഞപിത്തം. | പ്രതിരോധ കുത്തിവെപ്പും. ആരോഗ്യ ക്ലാസ്സും നടത്താറുണ്ട്. | സബ്സെന്റർ വൃത്തിയാക്കണം. കുടിവെള്ളം പരിഹരിക്കണം. |
| X | ഇല്ല | ഇല്ല | വയറിളക്കം, പനി, മഞ്ഞപിത്തം. | പ്രതിരോധ കുത്തിവെപ്പും. ആരോഗ്യ ക്ലാസ്സും നടത്താറുണ്ട്. | സബ്സെന്റർ വൃത്തിയാക്കണം. കുടിവെള്ളം പരിഹരിക്കണം. |





## 5. VI ഗതാഗതം:

ഓരോ പ്രദേശത്തിന്റേയും വികസനത്തിന്റെ ചരിത്രത്തിൽ നാഴികകല്ലുകളാണ് ഗതാഗതമാർഗ്ഗങ്ങൾ. സാംസ്ക്കാരിക പിന്തുടർച്ചക്കും, സാംസ്ക്കാരിക വിനിമയത്തിനും ചരിത്രത്തിൽ സ്തുത്യർഹമായ സ്ഥാനമാണ് റോഡുകൾ നേടിയെടുത്തിട്ടുള്ളത്. കാലഘട്ടത്തിന്റെ അനിവാര്യതകളെ ഉൾകൊണ്ടുകൊണ്ട് പാരമ്പര്യത്തിന്റെ നിഷ്ഠകളെ പ്രചരിപ്പിക്കാനും, തകർക്കാനും, നേതൃത്വപരമായ സംഭാവന നൽകിയ ഗതാഗത സൗകര്യങ്ങൾ പിൽക്കാലത്ത് പുരോഗമനത്തിന്റെ സ്മാരകശിലകൾ ആവുന്നു. കോട്ടായി പഞ്ചായത്തിന് സുസംഘടിതമായ ഒരു ഗതാഗതമാർഗ്ഗത്തിന്റെ ചരിത്രമുണ്ട്. 18 മൈൽ നടന്ന് വാണിയം കുളത്തിലും 7 മൈൽ നടന്ന് പാലക്കാട്ടും വ്യാപാര ബന്ധങ്ങൾ സ്ഥാപിച്ച് വിപുലപ്പെടുത്തിയ മനോഹരമായ ഓർമ്മകൾ ഇന്നും പഴമക്കാർ സ്മരിക്കുന്നുണ്ട്. വ്യാപാര ബന്ധങ്ങൾ വിപുലപ്പെടുത്താൻ പുരോഗമനത്തിന്റെ ദാഹവുമായി നാം വളരെ വേഗത്തിൽ ഗതാഗത പുരോഗതിക്കു നാന്ദ്യം കുറിച്ചിട്ടുണ്ട്. നമ്മുടെ പൂർവ്വികർ ഗതാഗതത്തിന്റെ അനിവാര്യതയുടെ ഉൾക്കാമ്പ് കണ്ടറിഞ്ഞവരാണ്. അതുകൊണ്ടു തന്നെ പഞ്ചായത്തോളം പഴക്കമുള്ളതാണ് പഞ്ചായത്തിന്റേയും റോഡിന്റേയും ചരിത്രം ചരിത്രത്തിന്റെ പ്രയാണത്തോടൊപ്പം നാം നീങ്ങി ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്ത് റോഡ് ആദ്യം കേട്ടുണർന്നത് ടിപ്പുസുൽത്താന്റെ കുതിരകുളമ്പടി നാദമായിരിക്കാം. നമ്മുടെ പഞ്ചായത്തിന്റെ വടക്കൻ അതിർത്തിയിലൂടെ ടിപ്പു സുൽത്താൻ കടന്നുപോയിട്ടുണ്ടാവും എന്ന് വിശ്വസിക്കാം.

1934 കളിൽ പഞ്ചായത്തു രൂപീകരിക്കുമ്പോൾ തന്നെ സാമാന്യം ഭേദപ്പെട്ട റോഡുകൾ നമുക്കുണ്ടായിരുന്നു. 1880 കളിൽ കണ്ടെടുത്ത റവന്യൂ മാപ്പിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് വ്യാപാര ബന്ധത്തിന് ആവശ്യമായ റോഡ് ഗതാഗതം നിലനിന്നിരുന്നു എന്നാണ്. പാലക്കാട്ടേക്ക് പോവുന്ന ടിപ്പുസുൽത്താൻ റോഡും പെരുങ്ങോട്ടുകുറുശ്ശി, കുത്തനൂർ, മാത്തൂർ പഞ്ചായത്തുകളും തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന റോഡുകൾ ആദ്യകാലത്തു തന്നെ നിലനിന്നിരുന്നു. പക്ഷെ ഇത്രയൊന്നും വികാസം പ്രാപിച്ചിരുന്നില്ല. 1940 കളിലും 1950 കളിലും പൂർത്തിയാവുന്നതോടെ റോഡിന്റെ വികസനം ഒരു കുതിച്ചു ചാട്ടം നടത്തുകയായിരുന്നു. 1934 ലെ പഞ്ചായത്ത് മിനുട്സിൽ 200 രൂപ ചിലവാക്കി റോഡ് നിർമ്മിച്ചതിന്റെ രേഖ കണ്ടെത്താൻ കഴിഞ്ഞു. ഇപ്പോൾ പഞ്ചായത്തിന്റെ വടക്കു വശത്തുകൂടെ പോവുന്ന റോഡും, തെക്ക് വശത്തു കൂടെയും. പടിഞ്ഞാറ് വശത്ത് കൂടെയും പോവുന്ന ടാർ ചെയ്ത റോഡും അയൽ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കാൻ സഹായിക്കുന്നു. ടാർ ചെയ്ത റോഡുകളുടെ സംരക്ഷണം കൃത്യമായി നടക്കുന്നില്ല. ടാർചെയ്യേണ്ട റോഡുകൾ നിലവിലുണ്ട്. കുത്തനൂർ പഞ്ചായത്തിലേക്ക് നാലു കി.മീ. കൊണ്ട് ഇപ്പോൾ കോട്ടായി പഞ്ചായത്ത് നിവാസികൾക്ക് എത്താൻ

കഴിയും. റോഡിന്റെ അനിവാര്യതയുള്ള പ്രദേശത്ത് ജനകീയ സഹകരണത്തോടെ റോഡ് നിർമ്മിക്കാൻ വേണ്ട മുൻകൈ എടുക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ടാർചെയ്ത റോഡുകളുടെ വിവരവും സ്വഭാവവും താഴെ കൊടുക്കുന്നു.

**കോട്ടായി പഞ്ചായത്തിലെ നിലവിൽ ഉള്ള**
**പഞ്ചായത്ത് റോഡുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**
**1995 - 96**

(കി. മി.)

**1.കോൺക്രീറ്റ് റോഡ്:** ഇല്ല

**2.ടാറിങ്ങ്:**

| | |
|---|---|
| 1) കരിയങ്കോട് റോഡ് | 3.218 |
| 2) ചേന്ദങ്കാട് റോഡ് | 3.822 |
| 3) കീഴത്തൂർ റോഡ് | 1.208 |
| 4) മേക്കോണാം റോഡ് | 2.414 |
| 5) മാത്തൂർ അഗ്രഹാരം പുളിനെല്ലി റോഡ് | 2.210 |
| ആകെ | 12.872 |

**3. മെറ്റലിട്ട റോഡുകൾ:**

| | |
|---|---|
| 1) കോട്ടായി മാർക്കറ്റ് റോഡ് | 1.609 |
| 2) കരിയങ്കോട് നായർതറ റോഡ് | 1.208 |
| 3) തെക്കേക്കാട് വറോഡ് പരക്കാഞ്ചേരി റോഡ് | 3.245 |
| 4) കോട്ടായി മുട്ടിക്കടവ് റോഡ് | 0.604 |
| 5) മേലാറ്റിൻകര റോഡ് | 1.208 |
| 6) കൂത്തലക്കാട് റോഡ് | 0.240 |
| 7) ഓടനൂർ വലിയപറമ്പ് റോഡ് | 0.700 |
| ആകെ | 8.814 |

4. **4.മൺ റോഡുകൾ:**

| | |
|---|---|
| 1) കണ്ടത്താർകാവ് റോഡ് | 1.208 |
| 2) വടുകത്തറ റോഡ് | 1.609 |
| 3) അള്ളനൂർകാവ് റോഡ് | 0.604 |
| 4) കമ്മാന്തറ റോഡ് | 0.604 |
| 5) പുളിനെല്ലി നായർതറ റോഡ് | 1.208 |
| 6) വറോട്ടിൻ പുറം റോഡ് | 0.604 |

| | |
|---|---|
| 7) പനങ്കൂടം റോഡ് | 0.604 |
| 8) ചെമ്പരത്തിയാംമ്പറമ്പ് റോഡ് | 1.050 |
| 9) പൂക്കോട് ഹരിജൻ കോളനി റോഡ് | 0.380 |
| 10) പൊള്ളെക്കാട് ഹരിജൻ കോളനി റോഡ് | 0.450 |
| 11) ചെറുകുളം കോട്ടമ്പലം റോഡ് | 0.475 |
| 12) മുല്ലക്കര മേലെപ്പുര റോഡ് | 0.200 |
| 13) മുല്ലക്കര കുന്നമ്പറമ്പ് റോഡ് | 0.120 |
| 14) കുന്നമ്പറമ്പ് മുതുകാട് ഹരിജൻ കോളനി | 0.195 |
| 15) മേലെപ്പുര മണ്ഡലപ്പുര റോഡ് | 0.140 |
| 16) ചേലക്കാട് വലിയമ്മക്കാവ് റോഡ് | 0.300 |
| 17) വലിയമ്മക്കാവ് കൊറ്റമംഗലം റോഡ് | 0.384 |
| 18) ഓടനൂർ ഹരിജൻ കോളനി റോഡ് | 0.650 |
| 19) പുല്ലാനിക്കാട് റോഡ് | 0.115 |
| 20) കെ.സി.എം. മെമ്മോറിയൽ മയിലാടി കാവുതിയോട് പനങ്കര റോഡ് | 0.400 |
| 21) കിഴക്കേക്കര റോഡ് | 0.450 |
| 22) നടുവത്ത് പാടം റോഡ് | 0.403 |
| 23) കരിയാംകോട്, മുല്ലരിത്തൊടി റോഡ് | 0.604 |
| ആകെ | 12, 758 |

മേൽ പട്ടികയിൽ നിന്നും ടാർചെയ്ത റോഡിന്റെ പൊതുവായ ഗുണനിലവാരം മനസ്സിലാക്കാവുന്നതാണ്. ഇത്രയും ഗുണം ഉണ്ടായിട്ടും അറ്റകുറ്റപ്പണികൾ കൃത്യമായും നടക്കാതിരിക്കുക നിമിത്തം ടാർ റോഡുകൾ സഞ്ചാര യോഗ്യമല്ലാതെ ആയിരിക്കുന്നു.

പഞ്ചായത്തിൽ തീരെ ഇല്ലാത്ത ഒരു സംഗതിയാണ് റെയിൽ ഗതാഗതം. അതിനുള്ള സാദ്ധ്യത ഇല്ല. നമ്മുടെ പഞ്ചായത്ത് അതിർത്തിയിലൂടെ റെയിൽ ഗതാഗതം ഉണ്ട്. മറ്റൊരു ഗതാഗതമാർഗ്ഗം തോണിയാണ്. തോണിയിലൂടെ ജനങ്ങളെ കയറ്റി അക്കരെ തുഴഞ്ഞെത്തിക്കുന്ന ഒരു ഗതാഗത മാർഗ്ഗം പഞ്ചായത്തിൽ രണ്ടിടത്തായി ഉണ്ട്. ഇപ്പോൾ പുഴയിൽ മണൽ വാരൽ നിമിത്തം അമിതമായ വെള്ളം വരാത്തതുകൊണ്ട് തോണിയുടെ ഉപയോഗം തീരെ കുറഞ്ഞു വന്നിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ തോണിയിലൂടെ പഞ്ചായത്തിന് കിട്ടിയ വരുമാനം താഴെ പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതേയുള്ളു.

| | | | | |
|---|---|---|---|---|
| 1. | മുട്ടിക്കടവ് | 1993-94 | 1994-95 | 1995-96 |
| | | 385 | 125 | 125 |

ബസ് സൗകര്യം വർദ്ധിക്കുക നിമിത്തം ഇന്ന് സാധാരണയായി തോണിയെ ആശ്രയിക്കുന്നത് കുറഞ്ഞുവരുന്നുണ്ട്. കാളികാവിലും മുട്ടികടവിലുമാണ് തോണി ഉപയോഗിക്കുന്നത്. ഇത് പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗമേ അല്ലാത്തതുകൊണ്ട് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കാളികാവ് പാലത്തിന്റെ പണിപൂർത്തിയാവുകയാണെങ്കിൽ മുട്ടികടവിൽ മാത്രമായിരിക്കും തോണി. ഇന്ന് സാധാരണയായി തോണിയെ ഉപയോഗിക്കുന്നത് പുഴയിൽ മണൽ കോരലിനാണ്.

പഞ്ചായത്തിന്റെ റോഡിന്റെ ഗുണപരമായ വളർച്ച 1950 കളിൽ ആരംഭിച്ചെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ ആ സമയത്തു തന്നെ ആദ്യമായി കോട്ടായിലൂടെ ഓടിയ ബസ്സ് NBT,PCT എന്നിവയായിരുന്നു. തുടർന്ന് ബസ്സുകളുടെ പ്രവാഹമായി ഇപ്പോൾ 29 എണ്ണം ബസ്സുകൾ കോട്ടായിലൂടെ കടന്നു പോവുന്നു. ഇത്രയൊക്കെ ബസ്സ് സൗകര്യം ഉണ്ടെങ്കിലും ഇന്ന് വിദ്യാർത്ഥികൾക്കും, ഉദ്യോഗസ്ഥർക്കും യാത്രാ ദുരിതം ഏറെയുണ്ട്. ചേന്ദംകാട്, കരിയാംകോട്, പുളിനെല്ലി, കാളികാവ് എന്നീ പ്രദേശങ്ങൾ സഞ്ചാര യോഗ്യമായ റോഡുകൾ ഉണ്ടെങ്കിലും ബസ്സുകൾ ഇല്ലാത്തത് യാത്രാ ദുരിതം വർദ്ധിപ്പിക്കുന്നു.

ഗതാഗത സൗകര്യം വർദ്ധിച്ചതുകൊണ്ട് തന്നെ കുഴൽമന്ദം ബ്ലോക്കിൽ ഏറ്റവും അധികം ഓട്ടോറിക്ഷകൾ ഓടുന്നത് കോട്ടായിലാണ്. കോട്ടായിൽ ആകെ 50 എണ്ണം ഓട്ടോ റിക്ഷകളുണ്ട്. ദിനം പ്രതി 10,000 രൂപയോളം ഇവിടെ ഓട്ടോറിക്ഷക്കുവേണ്ടി ഉപയോഗിക്കുന്നു. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ഗതാഗതസൗകര്യം വിപുലപെടുത്തുവാൻ തക്ക സാഹചര്യം കോട്ടായിലുണ്ട്. ഓട്ടോറിക്ഷകൾ സ്വയംതൊഴിൽ മാതൃകയിൽ തൊഴിൽരഹിതരായ ചെറുപ്പക്കാർ വാങ്ങിക്കുന്നതും, റോഡുകളുടെ ഗതാഗത സൗകര്യവും, പഞ്ചായത്തിന്റെ വാഹന സൗകര്യം വർദ്ധിപ്പിക്കുന്നതാണ്. പഞ്ചായത്തിൽ ആകെ 30.572 k.m. പക്ക റോഡുകളും 5.500 k.m. മെറ്റൽ റോഡുകളും ഉണ്ട്. പഞ്ചായത്തിന്റെ അധികാര പരിധിയിൽ 12 k.m. ദൂരം നീളവും PWD ക്കു കീഴിൽ 14.50 k.m. ദൂരവും ഉണ്ട്. പഞ്ചായത്തിലൂടെ N.H. കടന്നു പോവുന്നില്ല. പഞ്ചായത്തിൽ ആകെ 73.072 k.m. റോഡ് സൗകര്യം ഉണ്ട്. ഗ്രാമസഭകളിൽ ഉയർന്നു വന്ന റോഡുകളുടെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നുണ്ട്. പഞ്ചായത്തിൽ കൂടെ കടന്നു പോവുന്ന 29 ബസ്സുകളും 50 ഓട്ടോറിക്ഷകളും — കാറുകളും — ജീപ്പുകളും 50 കാളവണ്ടികൾ ഉൾപ്പടെ പഞ്ചായത്തിന്റെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു.

പഞ്ചായത്തിൽ സാംസ്ക്കാരിക നിലയത്തിനോട് അടുത്തായി പഞ്ചായത്ത ഭൂമിയിൽ ഒരു ബസ് സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കണം.

കോട്ടായി പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റാൻ ഉതകുന്ന വിധത്തിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കാനുള്ളത് കാളികാവ് പാലത്തിന്റെ നിർമ്മാണത്തിലൂടെ പൂർത്തിയാകും. കുഴൽമന്ദത്തിൽ നിന്നും വരുന്നവർക്കും പാലക്കാടിൽ നിന്ന് ഒറ്റപ്പാലത്തേക്ക് പോവുന്നവർക്കും കോട്ടായിൽ നിന്ന് പത്തിരിപ്പാല പ്രദേശത്തേക്ക് പോവുന്നതുമായ ആയിരക്കണക്കിനാളുകൾക്ക് ഏകദേശം 20 k.m. വരെ ലഭിക്കാൻ കഴിയുന്ന കാളികാവ് പാലത്തിന്റെ പണി പൂർത്തിയായാൽ മങ്കര, പാളി, കോട്ടായി, പിരായിരി, പെരുങ്ങോട്ടുകുർശ്ശി, മാത്തൂർ പഞ്ചായത്തുകൾക്ക് ഗുണകരമായിരിക്കും. പഞ്ചായത്തിന്റെ വ്യവസായിക വളർച്ചയ്ക്കും സമൂലമായ മാറ്റത്തിനും കാളികാവ് പാലം സ്തുത്യർഹമായ സേവനം

നടത്തുമെന്നതിൽ യാതൊരു സംശയവും ഇല്ല. പഞ്ചായത്തിൽ വികസനം വരുത്തേണ്ട റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

**വാർഡ് - I**

**റോഡുകളെ സംബന്ധിച്ച വിവിരം:**

1. ഏറെക്കാലമായി ടാർ ചെയ്യിട്ടില്ലാത്ത മുണ്ടിയൻകാവ് തെക്കിൻകര റോഡ് ടാർ ചെയ്യേണ്ടത് ഏറ്റവും ആവശ്യമാണ്.
2. കോട്ടായി പെരുങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൂത്തലക്കാട് റോഡ് റീമെറ്റലിങ്ങ് നടത്തി ടാർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.
3. മുട്ടിക്കടവ് വലിയമ്മകാവ് റോഡിന്റെ അവസ്ഥ ദയനീയമാണ്. ഉടനെ മെറ്റലിങ്ങ് നടത്തേണ്ടതാണ്.
4. വലിയമ്മകാവ്വരെ വരുന്ന മുട്ടികടവ് റോഡ് പയിറ്റ്പറമ്പ് കോളനിവരെ എത്തിച്ചുകിട്ടുകയാണെങ്കിൽ ശ്മശാനത്തിലേക്ക് പോകുന്നതിനും കൃഷിക്കാർക്കും സൗകര്യമാണ്. സത്രം കോളനി റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം. മുട്ടിക്കടവ് ഭാഗത്തു നിന്നും ചുള്ളിയിലേക്ക് പോകുന്ന നടവഴി വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.

**വാർഡ് - II**

1. ചിമ്പ പറമ്പ് റോഡ് സൈഡ് കെട്ടി ടാർ ചെയ്യുവാനും മഠത്തിൻപടിറോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.
2. പെരുംകുളങ്ങര ചേന്ദകാട് റോഡ് ഗതാഗതയോഗ്യമാക്കി മാറ്റി ബസ് സർവ്വീസ് പുനരാരംഭിക്കണം.
3. മുല്ലക്കര മുതുകാട്ടു പറമ്പ് റോഡ് ചെറുകുളം മെയിൻ റോഡിൽ എത്തിക്കണം.
4. ചേന്ദകാട് മേക്കോണം റോഡ് ഗതാഗതയോഗ്യമാക്കണം.
5. ചേന്ദകാട് അയറോഡ് റോഡ് ഗതാഗതയോഗ്യമാക്കണം.
6. ചിമ്പ പറമ്പ് റോഡ് ഓടനൂർകാട് വഴി L.G. റോഡുമായി ബന്ധിപ്പിക്കണം.
7. കീഴത്തൂരിൽ നിന്നും മഠത്തിൻപടി വരും വഴി ചിമ്പ പറമ്പുമായി ബന്ധപ്പെടുത്തി ഒരു റോഡ് ഉണ്ടാക്കണം. കീഴത്തൂർ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
8. കൈതകുളം ഭാഗത്തേക്ക് പുതിയ റോഡു ഉണ്ടാക്കണം.
9. ചെമ്പൈ ശിവക്ഷേത്രത്തിന്റെ മുൻവശത്ത് നിന്ന് വടക്കോട്ടു പോവുന്ന റോഡ് അറ്റകുറ്റപണി നടത്തണം.
10. കിഴക്കും പാടം ഭാഗത്തേക്ക് ഒരു റോഡ് വേണം.
11. മുല്ലക്കര റോഡ് അടിയന്തിരമായി നന്നാക്കണം.
12. ചേന്ദകാട് അമ്പാട്ട് പടി റോഡ് നിർമ്മിക്കണം. പൂതപറമ്പ് റോഡ് നന്നാക്കുവാൻ വേണ്ട നടപടി ആരംഭിക്കണം.
13. മുതുകാട്ട് പറമ്പിലേക്കുള്ള റോഡ് അടിയന്തിരമായി നന്നാക്കണം.
14. ചേന്ദംകാട് പിലാപ്പത്തൂർ കൈത റോഡ് ഗതാഗതയോഗ്യമാക്കണം.
15. ചേന്ദൻകാട്ട് നിന്ന് പരുത്തിപുള്ളിയിലേക്ക് പോവുന്ന റോഡ് ഗതാഗതയോഗ്യമാക്കണം.

വാർഡ് - III

1. പെരുംകുളങ്ങര ചേന്ദംകാട് വഴി, കോട്ടചന്ത റോഡ് നന്നാക്കി ബസ്സ് ഓടിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.
2. ചേന്ദംകാട് തെക്കിൻ പാടം റോഡ് ഗതാഗത യോഗ്യമാക്കണം.
3. പെരുംകുളം മാർക്കറ്റ് റോഡിൽ നിന്നു് കീരിക്കാട് പ്രദേശത്തുനിന്നും സർക്കാർ പുറമ്പോക്ക് ഭൂമിയിൽ കൂടി പുളിമണ്ണങ്കൽ പ്രദേശത്തേക്ക് അടിയന്തിരമായി നടപ്പാത ശരിയാക്കി തരുവാൻ താല്പര്യപ്പെടുന്നു
4. മാർക്കറ്റ് റോഡ് നന്നാക്കി സഞ്ചാരയോഗ്യമാക്കണം.

വാർഡ് - IV

1. മാരിയമ്മൻ കോവിലിൽ നിന്ന് കൈപ്പോത്ത്‌വരെയുള്ള റോഡ് പണിപൂർത്തിയാക്കുക.
2. ചെമ്പൈമുതൽ പെരുംകുളങ്ങര വരെയുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
3. പെരുംകുളങ്ങര റോഡിൽ നിന്ന് മങ്ങാട്, കാരക്കാട് ഭാഗത്തേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
4. ചമ്പ്രകുളം ഹരിജൻ കോളനിയിലെ നിലവിലുള്ള റോഡ് വീതികൂട്ടി ടാറിങ്ങ് ചെയ്ത് ഗതാഗതയോഗ്യമാക്കി തീർക്കണം.

വാർഡ് - V

1. കീഴത്തൂർ ഭഗവതി റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.
2. കീഴത്തൂർ പള്ളിറോഡ്, ലക്ഷംവീട് കോളനി റോഡ് കൊല്ലങ്കോട്ടുകളം റോഡ്, കൂളിമഠം എന്നീ റോഡുകൾ വീതികൂട്ടുകയും ഗതാഗതയോഗ്യമാക്കുക.
3. അയ്യകുളം, വലിയപറമ്പ്, കോഴിക്കോട് റോഡ് ചുള്ളിവരെ ദീർഘിപ്പിക്കുകയും നിലവിലുള്ളത് ടാർചെയ്യുകയും ചെയ്യണം.
4. ചുള്ളി-കൊറ്റമംഗലം ബന്ധിപ്പിക്കുന്ന പാലം വീതികൂട്ടി വാഹന ഗതാഗതം യോഗ്യമാക്കണം.
5. 5-ാം വാർഡിലെ മുഴുവൻ റോഡും അറ്റകുറ്റ പണികൾ നടത്തണം. വാഹന ഗതാഗതയോഗ്യമാക്കുകയും വേണം.

വാർഡ് - VI

1. ശാസ്താപുരം വാനിക്കര റോഡും അനുബന്ധ റോഡുകളും വാഹന ഗതാഗതത്തിന് ഉതകുംവിധം വീതികൂട്ടി ടാർ ചെയ്യണം.
2. അടിയന്തിരമായി മേജർ രാമസ്വാമി റോഡ് അറ്റകുറ്റ പണി ചെയ്യണം.
3. കോട്ടായി മൃഗാശുപത്രിക്ക് പിൻവശമുള്ള റോഡ് വീതികൂട്ടണം.
4. ചമ്പ്രകുളം അയ്യപ്പൻകാവിന്ന് മുൻവശത്തുകൂടി പോകുന്ന Link റോഡുകൾ വീതികൂട്ടി മെറ്റൽ ചെയ്യണം.
5. മേജർ റോഡിൽ നിന്ന് പോകുന്ന പുതുവായിൽ റോഡ് വാഹന ഗതാഗതയോഗ്യമാക്കണം.

### വാർഡ് - VII

1. കരിയങ്കോട്, ചെമ്പരത്തിയാം പറമ്പ്, കണ്ണച്ചി പറമ്പ് റോഡ് നിർമ്മിക്കണം.
2. മുല്ലരിതൊടി, വല്ലടിക്കാടുള്ള മുസ്ലീംപള്ളിയിലേക്ക് ഒരു റോഡ് നിർമ്മിക്കണം.
3. കരിയങ്കോട് സ്ക്കൂളിനേയും, ചെമ്പരത്തിയാംപറമ്പിനേയും ബന്ധിപ്പിക്കുന്ന ഒരു പുതിയ റോഡ് നിർമ്മിക്കുക.
4. കരിയക്കോട്, പുളിന്തറ റോഡ് റീ ടാറിങ്ങ് നടത്തി ബസ്റൂട്ട് പുനസ്ഥാപിക്കുക.

### വാർഡ് - VIII

1. കിഴക്കേക്കര റോഡ് മെറ്റലിങ്ങും ടാറും ചെയ്യുക.
2. വറോഡ് സ്ക്കൂളിന്റെ അവിടുന്ന് തുടങ്ങി തെക്കെകാട്ടുവഴി പുളിനെല്ലി റോഡ് ടാർ ചെയ്യുക.
3. അള്ളനൂർ റോഡ് മെറ്റലിട്ട് ടാർചെയ്യണം.
4. കണ്ണച്ചിപറമ്പ് കമ്മാന്തറ റോഡ് മെറ്റലിട്ട് ടാർചെയ്യണം.
5. തെക്കേക്കാട്ട് പടി മുക്കിൽ നിന്ന് അമ്പലത്തിലേക്കുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കണം.
6. നടുവത്ത്പാടം, ശാസ്താപുരം കണ്ണച്ചിപറമ്പ് റോഡ് ടാർ ചെയ്യണം.
7. കോലാക്കളം ഹരിജൻ കോളനി റോഡ് വികസിപ്പിച്ച് ടാർ ചെയ്യണം.
8. തുവരകാട് ഹരിജൻ കോളനി റോഡ് മെറ്റലിട്ട് ടാർ ചെയ്യണം.
9. ഞാറ്റുപറമ്പ്, കിഴക്കുഭാഗത്തേക്കുള്ള, അള്ളനികാവ് പാടത്തിലേക്കുള്ള റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

### വാർഡ് - IX

1. പൂവ്വക്കോട് റോഡ് മെറൽ ചെയ്ത് ടാർ ചെയ്യുക. ക്ഷേത്രത്തിനടുത്ത് ഏതാണ്ട് 50 m. ഇതിൽ ഉൾപ്പെടുത്തുക.
2. പരിക്കഞ്ചേരി കറുവകുളം റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
3. കുണ്ടൻമാറി ഹരിജൻ കോളനി റോഡ് പാടംവരെ വീതികൂട്ടി മെറ്റൽ ചെയ്ത് ടാർ ചെയ്യുക. പ്രസ്തുത റോഡ് അള്ളനൂർ റോഡിൽ ബന്ധിപ്പിക്കുക.
4. കല്ലേക്കാട് പാർളാം പടി റോഡ് വീതികൂട്ടി മെറ്റൽ ചെയ്ത് ടാർചെയ്യുക.
5. കുന്നംപറമ്പ് റോഡ് വറോഡ്വരെ വീതികൂട്ടി മെറ്റൽ ചെയ്യുക.
6. വറോഡിൽ നിന്ന് കാഞ്ഞളൂർ ഭാഗത്തേക്കുള്ള റോഡ് വീതികൂട്ടി മെറ്റൽ ചെയ്യുക.
7. വെങ്ങോലകളം ഹരിജൻ കോളനിയിലേക്കുള്ള റോഡ് മെറ്റൽചെയ്ത് ടാർചെയ്യുക.
8. കോട്ടായി മേക്കണാംകുളം റോഡിന്റെ പണി പൂർത്തിയാക്കുക.
9. മേക്കണാകുളം മത്തൂർ റോഡ് റിപ്പയർ ചെയ്യുക.
10. കിഴക്കേക്കര റോഡ് വീതികൂട്ടി ടാർ ചെയ്യുക.
11. ചെറുകുണ്ട് ഹരിജൻ ഭവനങ്ങളിലേക്കുള്ള വഴി വീതികൂട്ടുക.

വാർഡ് - X

1. തെക്കിൻകാട് പൊാളളക്കാട്ട് പടി റോഡ് മെറ്റലിട്ട് ടാർചെയ്ത് ഗതാഗത യോഗ്യമാക്കി തീർക്കുക. തൊട്ടടുത്ത കല്ലംപറമ്പിലേക്ക് റോഡുണ്ടാക്കണം.
2. പുളിയൻകാട്ടിൽ നിന്ന് കൊണ്ടിശ്ശേരിയിലേക്കുള്ള റോഡ് മെറ്റൽചെയ്ത് ടാർ ചെയ്യുക.
3. ലക്ഷംവീട് റോഡ് മെറ്റൽചെയ്ത് ടാർചെയ്യുകയും പാടം വഴി പുളിയൻകാട് റോഡിൽ കൊണ്ടു ചേർക്കുകയും ചെയ്യുക.
4. വേങ്ങറംകോട് റോഡ് മെറ്റൽചെയ്ത് ടാർചെയ്യുക. പടിഞ്ഞാറെ വേങ്ങറംകോട് റോഡ് മെറ്റലിട്ട് ടാർ ചെയ്യുക.
5. പടിഞ്ഞാറെ ചേവയിൽ ഹരിജൻ കോളനിയിലേക്ക് റോഡ് (പോസ്റ്റാഫീസിനു വടക്കോട്ട്) കൊണ്ടുവരിക.
6. കുണ്ടംമാറിയിലേക്കുള്ള ഹരിജൻ കോളനി റോഡ് ഗതാഗതയോഗ്യമാക്കി തീർക്കുക.
7 മയിലാടി, കാവതിയോട്, പനങ്കര റോഡ് മെറ്റൽചെയ്യും ടാർചെയ്യും ഗതാഗതയോഗ്യമാക്കി തീർക്കുക.
8. മയിലാടി കല്ലേക്കാട് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കി തീർക്കുക.
9. ചേവയിൽ നിന്നും കല്ലംതുറുവ വഴി പുളിനെല്ലി സ്ക്കൂളിലേക്ക് റോഡ് കൊണ്ടുവന്ന് ഗതാഗതയോഗ്യമാക്കി തീർക്കുക.
10. മേക്കണാംകുളം പുളിനെല്ലി റോഡിന്റെ പണി പൂർത്തീകരിക്കുക. പ്രസ്തുത റോഡിന്റെ പാടത്തുള്ള വളവുകൾ വീതികൂട്ടി സൈഡ് കെട്ടുക.
11. പുളിനെല്ലി മേക്കണാംകുളം റോഡിന്റെ അറ്റത്തുള്ള പാലം പൊളിച്ച് വീതികൂട്ടി നിർമ്മിക്കുക.
12. ചെറുകുണ്ട് ഹരിജൻ വീടികളിലേക്കുള്ള വഴി വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
13. മുത്തംപറമ്പ് റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക. ചെറൂളി ഭാഗത്തേക്കുള്ള റോഡ് വീതികൂട്ടുക.

മാർക്കറ്റ്:

കോട്ടായിപഞ്ചായത്തിലെ ആദ്യകാല കച്ചവടം ഉണ്ടാക്കിയെടുത്ത കാർഷിക ഉല്പന്നങ്ങളെ തലച്ചുമടാക്കി പാലക്കാട്ടേക്കും വാണിയാംകുളത്തേക്കും നടന്ന് വിറ്റുകൊണ്ടായിരുന്നു വളരെയേറെ പ്രസിദ്ധമായ ഒരു ആഴ്ചച്ചന്ത നമ്മുടെ പഞ്ചായത്ത് അതിർത്തിക്കടുത്ത് ഉണ്ടായിരുന്നു. കോട്ടച്ചന്ത എന്നറിയപ്പെടുന്ന ഈ കച്ചവടകേന്ദ്രം പാലക്കാടു തന്നെ പ്രസിദ്ധമായിരുന്നു. വിശാലമായ പ്രവർത്തന പരിധിയിലുള്ള പ്രസ്തുത വ്യാപാരകേന്ദ്രം ഇപ്പോൾ തീരെ പ്രവർത്തിക്കുന്നില്ല.

പ്രധാനമായും നെല്ല്, പച്ചക്കറി, ഇഞ്ചി, വാഴ, നാളികേരം എന്നിവയാണ് കച്ചവടത്തിനായി മറ്റു പ്രദേശങ്ങളിലേക്ക് നമ്മുടെ പഞ്ചായത്തിൽ നിന്നും കയറ്റി അയക്കുന്നത്. ഇപ്പോൾ കോട്ടായി പഞ്ചായത്തിൽ ഒരു ആഴ്ചച്ചന്ത പ്രവർത്തിക്കുന്നുണ്ട്. എങ്കിൽ പോലും വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിനുപുറമെ ആഴ്ചയിൽ ഒരിക്കൽ പാതയോരത്ത് എത്തുന്ന കച്ചവടക്കാരും ഉണ്ട്. സൈക്കിളിൽ മീൻ പുതുനഗരത്തിൽ നിന്നും പാലക്കാട്ടു നിന്നും കൊണ്ട് വന്ന് വില്പന നടത്തുന്നു. തലച്ചുമടായി വീടുകളിൽ ഇന്നും പച്ചക്കറി എത്തിക്കുന്ന കച്ചവടക്കാർ ധാരാളമായി കാണാൻ കഴിയുന്നു. പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിയ ചന്തയിൽനിന്നും ഒരു വർഷത്തെ വരവ്

50 രൂപമാത്രമാണ്. സീസണിൽ ഏറ്റവും അധികം ഉല്പാദിപ്പിക്കുന്ന പച്ചക്കറി വിതരണം ചെയ്യാനുള്ള സൗകര്യം വളരെയേറെ കുറവാണ്. പാലക്കാട്ടേക്ക് ബസ്സിൽ കൊണ്ടുപോയി വിറ്റു വരുമ്പോഴേക്കും ലാഭം വളരെ തുച്ഛമായേ കിട്ടുകയുള്ളൂ. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പച്ചക്കറിസ്റ്റാൾ ആരംഭിക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ. ഉല്പന്നങ്ങൾ വാങ്ങാനും വിൽക്കാനും ഉള്ള സൗകര്യം ലഭിക്കുകയാണെങ്കിൽ കർഷകർക്ക് വളരെ ഉപകാരപ്രദമാകും.

പഞ്ചായത്ത്വക ചന്ത ദിവസവും പ്രവർത്തിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം. എങ്കിൽ നല്ല സാധനങ്ങൾ വാങ്ങിക്കുവാൻ കഴിയും. നിലവിലുള്ള ചന്ത വിപുലപ്പെടുത്തിയാൽ മാത്രമേ ഇത് നടക്കുകയുള്ളൂ. മത്സ്യം, ഇറച്ചി എന്നിവയുടെ കച്ചവടം തൃപ്തികരമല്ല. മത്സ്യം വിൽക്കാനുള്ള മീൻ ചന്ത ആരംഭിക്കേണ്ടതാണ്. കശാപ്പുശാലകൾ കൃത്യമായി പരിശോദനക്ക് വിധേയമാക്കുകയും മാംസവും ചന്തകളിലൂടെ ലഭ്യമാക്കുകയും വേണം.

ചന്തകൾ എന്നും വികാസത്തിന്റെ സൂചനകളാണ്. സൗകര്യപ്രദമായ സ്ഥലത്ത് ചന്തകളാരംഭിച്ചാൽ സാധാരണക്കാർക്ക് വീട്ടുസാധനങ്ങൾ കൃത്യമായി വാങ്ങാൻ കഴിയും.

## ഊർജ്ജം:

കോട്ടായി പഞ്ചായത്തിലെ വൈദ്യുതിയുടെ ചരിത്രം ആരംഭിക്കുന്നത് 1950 കളിലാണ്. ആദ്യമായി തെരുവു വിളക്കുകൾ കത്തിയതും, വീടുകളിൽ വൈദ്യുതി വിളക്കുകൾ മിന്നിയതും അതിശയത്തോടെയാണ് കോട്ടായി ജനത നോക്കി കണ്ടത്. മനസ്സിന്റെ അന്ധകാരത്തിലേക്ക് പകർന്ന പ്രകാശത്തെ ഉപയുക്തമാക്കി സാംസ്ക്കാരത്തിന്റെ വെള്ളിവെളിച്ചം വിതറിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് കോട്ടായിൽ ആകെ 1788 വീടുകളിൽ വൈദ്യുതിയുണ്ട്. കോട്ടായിന്റെ മുഖഛായ മാറ്റാൻതക്ക വിധത്തിൽ വ്യവസായ പുരോഗതിക്ക് സാദ്ധ്യയുണ്ട്. ആ സാദ്ധ്യതയെ ഉപയോഗപ്പെടുത്താൻ വൈദ്യുതിക്ക് മാത്രമേ സഹായം ചെയ്യാൻ കഴിയുകയുള്ളൂ. നമുക്ക് വളരെയേറെ ഉള്ളതും എന്നാൽ ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന മറ്റൊരു ഊർജ്ജസ്രോതസ്സാണ് വിറക്. ഭക്ഷണാവശ്യത്തിനുള്ള വിറക് മുഴുവൻ നാം തന്നെ ഉപയോഗപ്പെടുത്തി വൻ മരങ്ങൾ ആകെ മുറിച്ച് മാറ്റി വനത്തിന്റെ സന്തുലിതാവസ്ഥ തന്നെ തകരാറിലാകുന്നു. പണ്ട് റോഡിന്റെ ഇരുവശവും മരം വെച്ചുപിടിപ്പിക്കുന്ന സ്വഭാവം നേതൃത്വപരമായി ഏറ്റെടുക്കാൻ പഞ്ചായത്ത് ഭരണസമിതിക്ക് കഴിഞ്ഞിട്ടും മൊത്തത്തിൽ വൻനശീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിലും ഇത്തരത്തിൽ മരം നശീകരണം നടന്നിട്ടുണ്ട്. ഇഷ്ടിക നിർമ്മാണത്തിന്നും, കളിമൺപാത്ര നിർമ്മാണത്തിന്നും വിറക് ധാരാളം ഉപയോഗപ്പെടുത്തുന്നു. ഇതുമൂലം വിറകിനുപോലും മറ്റു പഞ്ചായത്തുകളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ഇപ്പോൾ.

കോട്ടായി പഞ്ചായത്തിൽ വൈദ്യുതിയുടെ കാര്യത്തിൽ എല്ലാ പ്രദേശത്തും വൈദ്യുതി പൂർണ്ണമായി എത്തിയിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും തെരുവു വിളക്കുകൾ കത്തുന്നുണ്ട്. നിലവിലുള്ള തെരുവുവുവിളക്കുകൾ കത്താതെ ഇരിക്കുന്ന അവസ്ഥയും ഉണ്ട്.

കാർഷികാവശ്യത്തിനായി കോട്ടായിൽ 15 H.P. പമ്പ് സെറ്റ് സ്ഥാപിച്ച് വെള്ളം ഉയോഗിക്കുന്നു. ഇതുമൂലം ഏകദേശം 100 ഏക്കർ നെൽകൃഷിക്ക് ഉപയോഗപ്രദമാണ്. മറ്റ് ഒരുപാട് കർഷകർ കൃഷി ആവശ്യത്തിനായി മോട്ടോർ വെച്ച് വൈദ്യുതിയെ ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ ആകെ 12 സോഡിയം വേപ്പർ ലാംബുകളും 86 ട്യൂബുകളും 325 ബൾബുകളും മറ്റുള്ള 95 വിളക്കുകളും പ്രവർത്തിക്കുന്നുണ്ട്. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനു മുൻപ് മണ്ണെണ്ണ വിളക്കുകൾ ഉപയോഗിച്ച്

തെരുവ് വിളക്കുകളായി ഉപയോഗിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ജലസേചനത്തിനായി ജലസേചന വകുപ്പിന്റെ കീഴിൽ രണ്ട് പമ്പ് ഹൗസ് നിലവിലുണ്ട്. അതിലേക്ക് ആവശ്യമായി വൈദ്യുതി ഇന്ന് ലഭിക്കുന്നില്ല.

## പഞ്ചായത്തിലെ വൈദ്യുതികണക്ഷനെ പറ്റിയുള്ള വിവരം:

**നിലവിലുള്ള ഉപഭോക്താക്കൾ**

| | |
|---|---|
| ഗാർഹികം | 1788 |
| വ്യാപാരം | 212 |
| വ്യവസായം | 50 |
| കാർഷികം | 150 |

**സ്ട്രീറ്റ് ലൈറ്റുകൾ:**

| | |
|---|---|
| 40 W | 329 എണ്ണം |
| 60 W | 9 " |
| 250 W | 12 " |

**വൈദ്യുതീകരിച്ച കോളനികൾ - 28 എണ്ണം**

| തൻവർഷത്തെ | കണക്ഷൻ |
|---|---|
| ഓർഡിനറി | 11 |
| OTP | 31 |
| OYEC | 55 |

തെരുവു വിളക്കുകൾ കത്തിക്കുന്നതിന് പഞ്ചായത്തിൽ നിന്നും 9607 രൂപ പ്രതിമാസം നൽകുന്നുണ്ട്. 418 വിളക്കുകൾക്കായാണ് ഇത്രയും സംഖ്യ നൽകുന്നത്. ആകെ പഞ്ചായത്തിലെ 57 ഹരിജൻ കോളനികളിൽ 29 കോളനികൾ കൂടി വൈദ്യുതി എത്താൻ ബാക്കി നിൽക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 19 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇനിയും വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാൻ ശ്രമിക്കണം.

**പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോമറുകൾ:**

| No. | പേര് | Capacity |
|---|---|---|
| 1. | ചെമ്പരത്തിക്കാട് | 110 KVA |
| 2. | തുവരക്കാട് | 100 " |
| 3. | കരിയംങ്കോട് | 110 " |
| 4. | മേജർ റോഡ് | 150 " |
| 5. | കോട്ടായി | 100 " |
| 6. | മേക്കണാം കുളം | 63 " |
| 7. | കാവതിയോട് | 50 " |
| 8. | പുളിനെല്ലി | 63 " |
| 9. | എരുകുളം | 100 " |
| 10 | കിഴക്കേക്കര | 50 " |
| 11. | ചന്ദ്രകുളം | 63 " |
| 12. | പെരുംകുളങ്ങര | 63 " |
| 13. | പൂതാട്ടുകുളം | 160 " |
| 14. | വലിയപറമ്പ് | 160 " |
| 15. | കാളികാവ് | 100 " |
| 16. | കൂത്തലക്കാട് | 63 " |
| 17. | വാവുള്ളിയാൽ | 100 " |
| 18. | മുട്ടിക്കടവ് | 100 " |
| 19. | മാരിയമ്മൻ കോവിൽ | 63 " |

ഊർജ്ജരംഗത്ത് നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നത് എല്ലാ ഗ്രാമസഭകളിലും ഗൗരവമായ ചർച്ച ഉയർന്നു വരികയുണ്ടായി. ഊർജ്ജ വിതരണത്തിന്റെയും ദുർവ്യായവും നിയന്ത്രിക്കാൻ ആവശ്യമായ ബോധവൽക്കരണ ശ്രമം സംഘടിതമായി നടത്തേണ്ടതുണ്ട്. അനാവശ്യമായി ഉപയോഗിക്കുന്ന വിളക്കുകളെ സംബന്ധിച്ചും വൈദ്യുതിയെ സംബന്ധിച്ചും ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്.

I. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ശാസ്ത്രീയമായ പഠനത്തിലൂടെ ആവശ്യമായ സ്ഥലങ്ങളിലൊക്കെ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

II. വൈദ്യുതിക്കായി അപേക്ഷ നൽകിയവർക്ക് കൃത്യമായി കഴിവതും വേഗത്തിൽ കണക്ഷൻ നൽകുവാനുള്ള സംവിധാനം ഉണ്ടാക്കണം.

III. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുത ശക്തിക്ക് പൂർണ്ണമായ ഇളവ് നൽകാൻ കഴിയണം. എങ്കിൽ മാത്രമേ നാം ഉദ്ദേശിക്കുന്ന ഗുണം കാർഷിക രംഗത്ത് നേടിയെടുക്കാൻ കഴിയുകയുള്ളൂ.

IV. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. അതിനായി അനുമതി നൽകുമ്പോൾ വൈദ്യുതി ശക്തി കുറവുമാത്രം വേണ്ടിവരുന്ന വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കണം.

V. വ്യവസായിക വളർച്ചക്ക് സാദ്ധ്യതയുള്ള പഞ്ചായത്തായതിനാൽ പുളിനെല്ലി പ്രദേശത്ത് ഒരു 110 KV സബ് സ്റ്റേഷൻ സ്ഥാപിക്കണം. നിലവിൽ നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് പാളി സബ് സ്റ്റേഷനെയാണ്.

VI. തെരുവുവിളക്കുകൾ സമയബന്ധിതമായി പ്രവർത്തിപ്പിക്കാൻ വേണ്ട ജാഗ്രത കൈകൊള്ളേണ്ടതാണ്. തെരുവിളക്കുകൾ കഴിവതും വൈദ്യുതശക്തി കുറവ് ആവശ്യം വരുന്ന ലൈറ്റുകൾ ആക്കണം.

VII. സോളാർ ലൈറ്റുകൾ പ്രായോഗികമാക്കണം. അത്തരം സംരംഭങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ നൽകാൻ കഴിയണം.

VIII. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ ഗവേഷണം നടത്തുകയാണെങ്കിൽ 5, 6, 7 വാർഡുകളെ കേന്ദ്രീകരിച്ച് ഓടനൂരിൽ അതിനുള്ള സംവിധാനം കണ്ടെത്തുകയാണെങ്കിൽ വളരെയേറെ ഗുണം ചെയ്യും.

IX. പ്രസരണ നഷ്ടത്തിന്റെ കാര്യത്തിൽ പ്രധാന പങ്കുവഹിക്കുന്ന മരങ്ങൾ ലൈനിനു താഴെ സ്ഥാപിക്കാൻ അനുവദിക്കാതിരിക്കണം.

X. ഊന്നൽ നൽകേണ്ടത് വൈദ്യുതി ഉപയോഗത്തിൽ വരുത്തേണ്ട നിയന്ത്രണങ്ങളെ പറ്റിയാണ്.

XI. ബയോഗ്യാസ് പ്ലാന്റുകൾ പരമാവധി വീട്ടുകാർക്ക് ഉപയോഗപ്രദമാക്കണം.

XII. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

XIII. ദക്ഷതയുള്ള അടുപ്പുകൾ ഉപയോഗിക്കുക. ഇന്ധനലാഭം നേടിതരാൻ കഴിയുന്ന പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ഏർപാടു ചെയ്യണം.

XIV. മരം സംരക്ഷിക്കാനും മരംവെച്ച് വളർത്താനുമുള്ള നേതൃത്വപരമായ പങ്ക് പഞ്ചായത്ത് ഏറ്റെടുക്കണം. ആയതുകൊണ്ട് ഊർജ്ജ സംരക്ഷണത്തിന് വളരെയേറെ മുന്നോട്ടു പോകുവാൻ കഴിയും.



# പാർപ്പിടം:

കോട്ടായി പഞ്ചായത്തിലെ പാർപ്പിടം ഇല്ലാത്ത പ്രശ്നം രൂക്ഷമല്ല. പാർപ്പിടത്തിന്റെ കാര്യത്തിൽ നാം ബഹുദൂരം മുന്നിൽ പോയിട്ടുണ്ട്. എങ്കിൽ പോലും പഞ്ചായത്തിലെ മുഴുവൻ വീടുകളും ഓടിട്ടതാണെന്ന് അവകാശപ്പെടാൻ കഴിയില്ല. രണ്ടു വില്ലേജുകളിൽ ആയി ആകെ 3658 വീടുകളുണ്ട്. ഇതിൽ 585 വീടുകൾ ഓലമേഞ്ഞതാണ്. ഇതു കൂടാതെ ജീർണ്ണാവസ്ഥയിൽ നാശത്തെ അഭിമുഖീകരിക്കുന്ന വീടുകളും പഞ്ചായത്തിലുണ്ട്. 1988 വർഷത്തിനു ശേഷമാണ് കാര്യമായി വീടുകൾ നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കാർഷക തൊഴിലാളികളും ഇടത്തരം കർഷകരും തിങ്ങി പാർക്കുന്ന നമ്മുടെ പഞ്ചായത്തിൽ വലിയ ടെറസ്സു വീടുകളുടെ എണ്ണം പരിമിതമാണ്. ഇടത്തരം ഓടുമേഞ്ഞ വീടുകളാണ് ഏറ്റവും അധികം ഉള്ളത്. ആഡംബരപൂർവ്വം വീട് നിർമ്മിക്കുന്നതിനോട് വിമുഖത പ്രകടിപ്പിക്കുന്നവരാണ് ഭൂരിപക്ഷം കോട്ടായിലെ ജനങ്ങളും. ഒരേ വീടുകളിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നത് വളരെയേറെ ഉണ്ട്. അത്തരം താഴ്ന്ന വരുമാനമുള്ളവർക്കു കൂടി വീടുവെച്ച് നൽകുക എന്നത് വലിയ കാര്യമാണ്.

ദൈനംദിന ജീവിത ചിലവുകൾക്കുപോലും നിവൃത്തിയില്ലാതെ വിഷമിക്കുന്ന സാധാരണകാർക്ക് ഒരു വീടുവെക്കൽ ഒരു സ്വപ്നവുമായി നിലനിൽക്കെ പ്രധാനമായും വീടുകൾ നിർമ്മിക്കാൻ ആശ്രയിക്കുന്നത് സർക്കാരിനെയും മറ്റ് പദ്ധതികളെയും ആണ്. എന്നാൽ ഭവനനിർമ്മാണ പദ്ധതി പ്രകാരം വായ്പ എടുക്കൽ ഭാരിച്ച പ്രയാസകരമാണ്. വായ്പ വ്യവസ്ഥകൾ ഉദാരമാക്കി എല്ലാവർക്കും വായ്പ എടുക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കണം. വിവിധ പദ്ധതികളിലൂടെ സർക്കാർ നൽകുന്ന വീടുകൾ സമൂഹത്തിലെ വളരെ താഴ്ന്ന വരുമാനക്കാർക്കു മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ സഹായം വളരെ പരിമിതമാണ്. എട്ടാം പദ്ധതി കാലത്ത് കുഴൽമന്ദം വികസന ബ്ലോക്ക് മുഖേന കോട്ടായി പഞ്ചായത്തിൽ IAY, JRY, MWS പദ്ധതികളിലൂടെ താഴ്ന്ന വരുമാനക്കാരായ 247 കുടുംബങ്ങൾക്ക് വീടു നൽകിയിട്ടുണ്ട്. ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ ഇത് തീർത്തും അപര്യാപ്തമാണെന്ന് പറഞ്ഞുകൂട. എങ്കിലും കൂടുതൽ സഹായ പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ ആവശ്യമായി വന്നിരിക്കുന്നു. മറ്റൊരു കാര്യം 1994-95 വർഷവരെ ഈ സഹായങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ട ആളുകൾക്കുമാത്രമായിരുന്നെങ്കിലും 1995-96 വർഷം മുതൽ താഴ്ന്ന വരുമാനക്കാരായ എല്ലാവിഭാഗം ആളുകൾക്കും ഇത് ലഭ്യമാക്കി തുടങ്ങി.

ഭവന നിർമ്മാണത്തിന് ഇപ്പോൾ നേരിടുന്ന ഭീമമായ ചെലവ് പരിഗണിക്കുമ്പോൾ സർക്കാർ സഹായം തീർത്തും അപര്യാപ്തമാണ്. 8-ാം പദ്ധതിയുടെ ആദ്യവർഷങ്ങളിൽ ഒരു വീട് നിർമ്മിക്കുന്നതിന് 14500 രൂപയും 1994-95 മുതൽ 15800 രൂപയുമാണ് നൽകിയിരുന്നത്. വളരെ താഴ്ന്ന വരുമാനക്കാരനായ സാധാരണക്കാരന് ഇപ്പോൾ വീടു നിർമ്മിക്കുന്നതിന് ആവശ്യമായ ഭീമമായ ചെലവിന് ഇതൊരു ആശ്വാസമാകുന്നില്ല. വിദഗ്ദ്ധ തൊഴിലാളികൾക്കും അവിദഗ്ദ്ധ തൊഴിലാളികൾക്കും കൂലി നിരക്കിലുണ്ടായ ക്രമാതീതമായ വർദ്ധനവും, ഇഷ്ടിക, സിമന്റ് തുടങ്ങിയ വിലവർദ്ധനവും സാധാരണക്കാരന്റെ സ്വന്തമായ വീട് എന്ന സങ്കല്പത്തിന് മങ്ങലേല്പിക്കുന്നത്. ഈ വർഷം മുതൽ സർക്കാർ വീടുകളുടെ തുക 15800 രൂപയിൽ നിന്നും 22000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. പഞ്ചായത്തിൽ നിർമ്മിച്ചിരിക്കുന്ന രാജീവ് ദശലക്ഷം പദ്ധതിയിലെ വീടുകൾ വിതരണം ചെയ്യാനിരിക്കുന്നത് ഗൗരവപരമായി പരിശോധിക്കേണ്ടതാണ്. അസംസ്കൃത വസ്തുക്കളുടെ വിലകയറ്റം തടയുകയും സർക്കാർ സഹായം വർദ്ധിപ്പിക്കുകയും ചെയ്താൽ നിർമ്മാണത്തിനു വരുന്ന ഭാരിച്ച ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പ ലഭിക്കുന്നതിനുള്ള

സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കണം.

**പാർപ്പിടനിർമ്മാണ രംഗത്ത് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:**

1. അസംസ്കൃത സാധനങ്ങളുടെ വില നിയന്ത്രിക്കുകയും സർക്കാർ ധനസഹായം ഇപ്പോൾ ഉള്ളതിൽ നിന്ന് 35000 രൂപയായി വർദ്ധിപ്പിക്കയും ചെയ്യുക.
2. സർക്കാർ വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
3. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
4. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന നിർമ്മാണത്തിന് വായ്പാ സൗകര്യം അനുവദിക്കുക.
5. ചുരുങ്ങിയ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിത കേന്ദ്ര തുടങ്ങിയവയുടെ ഉപദേശം തേടുക.
6. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
7. സ്വന്തമായി കൈവശം ഭൂമി ഇല്ലാത്തവർക്ക് സർക്കാർ പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തുവാൻ സൗകര്യം ചെയ്യുക.
8. ഷെൽട്ടർ അപ്ഗ്രഡേഷൻ പദ്ധതികൾ നടപ്പാക്കുക.
9. ഗ്രാമീണ ഭവന നിർമ്മാണത്തിന് സ്ഥലങ്ങൾ ഏറ്റെടുക്കുക. അവ ഭവനരഹിതർക്ക് വിതരണം നടത്തുകയും ചെയ്യുക.

**സാമൂഹ്യക്ഷേമം:**

നിലവിലുള്ള സാമ്പത്തിക സാസ്ക്കാരിക രംഗത്തുള്ള അസമത്വങ്ങൾ അവസാനിപ്പിച്ചുകൊണ്ട് ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുള്ള ക്ഷേമ പദ്ധതികളാണ് ഇതിലൂടെ വിവക്ഷിക്കുന്നത്. അതല്ലെങ്കിൽ ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള ഒരു തീവ്രയത്ന പരിപാടി എന്നു പറയാം. പൂർണ്ണമായി കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളും സഹകരണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. സ്വാതന്ത്ര്യം ലഭിച്ചതുമുതൽ ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള പദ്ധതി മുന്നോട്ടു വെച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര വിജയത്തിലെത്താൻ കഴിയാതെ പോയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗത്തേയും വനിതകളേയും പുരോഗമിപ്പിക്കാനുള്ള പദ്ധതികളും നിലവിലുണ്ട്. ഐശ്വര്യപൂർണ്ണമായ ഒരു മുന്നേറ്റത്തിന് അനിവാര്യമായ കാൽവെപ്പാണ് ക്ഷേമ പദ്ധതിയിലൂടെ അർത്ഥമാക്കുന്നത്. പഞ്ചായത്തിലെ ചെറിയ ഒരളവ് ജനങ്ങൾ മാത്രമെ ഇത്തരത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങളെ പറ്റി മനസ്സിലാക്കുന്നുള്ളു. ക്ഷേമ പ്രവർത്തനങ്ങൾ അപര്യാപ്തമാകാനുള്ള മറ്റൊരു പ്രധാന കാരണം ഇതു തന്നെയാണ്. പട്ടികജാതി ക്ഷേമബോർഡിൽ നിന്നും വനിതാ ക്ഷേമബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യത്തേക്കാൾ അധികം ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കുന്നത് ബ്ലോക്ക് ഡവലപ്മെന്റ് മുഖേനയുള്ള വികസന പ്രവർത്തനങ്ങളാണ്. നമ്മുടേത് കൂഴൽമന്ദമാണ് കേന്ദ്രം. കേന്ദ്രസംസ്ഥാന സർക്കാറുകൾ മുഖേന നടപ്പാക്കുന്ന പല പദ്ധതികളും വിജയിക്കാതിരിക്കാനുള്ള ഒരു കാരണം അനാവശ്യമായ സാങ്കേതികത്വം പ്രകടിപ്പിക്കുന്നത് യഥാർത്ഥ ഗുണഭോക്താവിന് പദ്ധതി പൂർണ്ണമായി എത്താതിരിക്കാൻ വഴി തെളിയിക്കുന്നുണ്ട്. മേൽ സൂചിപ്പിച്ചപദ്ധതികളെ പറ്റി ബോധവാന്മാരല്ല എന്ന കാര്യവും പദ്ധതികളെ ജനങ്ങളിൽ നിന്നും അകറ്റുന്നു.

തൊഴിലാളികളുടെ ഉന്നമനത്തിനായി പല ക്ഷേമനിധി ബോർഡുകളും നിലവിലുണ്ട്. കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, തയ്യൽ കൈതൊഴിലാക്കിയവർ, മറ്റു കൈതൊഴിലുകൾ ചെയ്യുന്നവർ എന്നിവരെയെല്ലാം അംഗങ്ങളായി ചേർത്തുകൊണ്ട് വിവിധ ക്ഷേമനിധി ബോർഡുകൾ നിലനിൽക്കുന്നു. പക്ഷേ ഈ രംഗത്തും ശക്തമായ ബോധവൽക്കരണത്തിന്റെ അപര്യാപ്തത മുഴച്ചു കാണുന്നുണ്ട്.

പട്ടികജാതിയിൽ പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന കോർപ്പറേഷൻ നിലവിലുണ്ട്. ഇതിന്റെ ആസ്ഥാനം പാലക്കാട് ആയതിനാൽ ഇവിടുത്തെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നു. സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ഭവന നിർമ്മാണ വായ്പ നൽകിയും പ്രശംസനീയമായ സേവനം കാഴ്ച വെക്കുന്നു.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായ ചലനം സൃഷ്ടിക്കുന്നത് ഗ്രാമവികസന വകുപ്പിലൂടെ കൈകാര്യം ചെയ്യുന്ന വിവിധ പദ്ധതികളാണ് ഇതിൽ ഏറ്റവും പ്രധാനമർഹിക്കുന്നത് സംയോജിത ഗ്രാമവികസന പദ്ധതിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് അനുവദിക്കുന്ന വായ്പകളാണ്. ഈ

പദ്ധതിയിലൂടെ എട്ടാം പദ്ധതികാലത്ത് കോട്ടായി പഞ്ചായത്തിൽ നൽകിയിട്ടുള്ള വായ്പയുടെ കണക്ക് ചുവടെ കൊടുക്കുന്നു.

| വർഷം | പട്ടികജാതി | ആകെ | വനിത | സബ്സിഡി | ലോൺ |
|---|---|---|---|---|---|
| 1992-93 | 32 | 51 | 25 | 1,97,557 | 2,68,699 |
| 1993-94 | 42 | 56 | 32 | 1,85,921 | 2,41,337 |
| 1994-95 | 34 | 42 | 22 | 2,31,041 | 3,07,584 |
| 1995-96 | 19 | 30 | 16 | 1,60,000 | 3,30,590 |

ഈ പട്ടിക പരിശോധിച്ചാൽ ഓരോ വർഷവും സഹായധനം കിട്ടികൊണ്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ കുറവു വരുന്നതായി കാണാം. എങ്കിലും എട്ടാം പദ്ധതി കാലത്ത് ഇതുവരെയായി 179 കുടുംബങ്ങളെ ഈ പദ്ധതിയിലൂടെ സഹായിച്ചതായി കണക്കുകൾ കാണിക്കുന്നു. കോട്ടായി പഞ്ചായത്തിൽ 2VEO സർക്കിളിലുകളായി IRDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2057 ആണ്.

ഈ പദ്ധതി പരിപൂർണ്ണ വിജയമാണ് എന്ന് പറയുവാൻ പ്രയാസമാണ്. കാരണം ഇപ്പോൾ ദാരിദ്രരേഖക്ക് താഴെ വരുമാനമുള്ള വാർഷിക വരുമാനം 11,000 രൂപയാണ്. ഇത് ഉയർത്തേണ്ടതും ഏകദേശം 20,000 രൂപയെങ്കിലും ആക്കേണ്ടതുമാണ്. കൂടാതെ ഇത്തരം ക്ഷേമപരിപാടികളെപ്പറ്റി കാര്യമായ ബോധവൽക്കരണം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ സാധിക്കണം എന്നാലെ നാം ഉദ്ദേശിച്ച ഫലം കിട്ടുകയുള്ളൂ. IRDP സർവ്വേ ലിസ്റ്റിൽ അർഹരായ പലരും ഉൾപ്പെടാതിരിക്കുകയും അനർഹരായവർ കടന്നുകൂടുകയും ചെയ്യുന്നു. ഇത് കാര്യമായി പരിശോധിക്കേണ്ടതാണ്. അതുകൊണ്ട് തന്നെ IRDP സർവ്വേ ലിസ്റ്റ് കാലാനുസൃതമായി പുതുക്കേണ്ടതാണ്.

ഇതിനെല്ലാം പുറമെ സബ്സിഡി ഉൾപ്പെടെ ഉള്ള ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ വിജയിക്കാൻ അത്യന്താപേക്ഷിതമായി ഉണ്ടാകേണ്ടത് ബാങ്കുകളുടെ സഹകരണമാണ്. പക്ഷെ പലപ്പോഴും ദേശസാൽകൃത ബാങ്കുകൾ പോലും ഇതിനെതിരെ മുഖം തിരിക്കാറുണ്ട്. ഇത്തരം നടപടികൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കേണ്ടുണ്ട്. കാലാനുസൃതമായി നിയമഭേദഗതി വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

## സ്ത്രീകളുടെ സാമൂഹ്യക്ഷേമവും DWCRA പദ്ധതിയും

ഏതൊരു വികസന പ്രക്രിയയിലും സ്ത്രീകളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ദ്വിമുഖമായ ചൂഷണത്തിൽ അടിമത്വത്തിന്റെ നുകം പേറേണ്ടിവന്ന സ്ത്രീയെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക്

ഉയർത്താനും അവർക്ക് ആവശ്യമായ ജീവിതസാഹചര്യങ്ങൾ ഒരുക്കാനും വേണ്ട സഹായം പദ്ധതികളിലൂടെ കാണേണ്ടതുണ്ട്. ഇത്തരം വനിത ക്ഷേമ പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കാൻ ആവശ്യമായ പ്രചോദനം നൽകുന്നതിൽ ഗ്രാമ പഞ്ചായത്ത് ക്രിയാത്മക നേതൃത്വം വഹിക്കേണ്ടതാണ്.

മൊത്തം കേരളത്തിലെന്നപോലെ കോട്ടായി ഗ്രാമ പഞ്ചായത്തിനു കീഴിലും സ്ത്രീകളുടെ എണ്ണമാണ് മുൻപിൽ നിൽക്കുന്നത്. പഞ്ചായത്തിലെ ആകെ പുരുഷന്മാർ 9216 ആവുമ്പോൾ പഞ്ചായത്തിലെ ആകെ സ്ത്രീകൾ 9853 പേരാണ്. പക്ഷെ ഈ വ്യത്യാസം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കാണാൻ കഴിയുന്നില്ല. ഇവിടെ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 70.30% മാണ് എന്നാൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 64.40% മാത്രമാണ്. തൊഴിൽ രംഗത്തും ഈ ഏറ്റക്കുറച്ചിൽ വ്യക്തമായി കാണുന്നു.

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്ത്രീകളെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിന്നും വിദ്യാഭ്യാസപരമായി മുന്നോട്ടു കൊണ്ടുവരുന്നതിന്നും കാര്യമായ ബോധവൽക്കരണമാണ് ആവശ്യം. ഇതിന് പൊതു പ്രവർത്തകരുടെ സേവനം അനിവാര്യമാണ്. സ്ത്രീകളിൽ വിദ്യാഭ്യാസപരമായി പുരോഗതി ഉണ്ടായെങ്കിൽ മാത്രമേ വികസനം എന്ന ലക്ഷ്യം യാഥാർത്ഥ്യമാവുകയുള്ളു.

ഗ്രാമീണ സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി ഒരു പ്രദേശത്തെ പത്തോ അതിലധികമോ സ്ത്രീകളെ ഒരുമിച്ച് ചേർത്ത് പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. കോട്ടായി പഞ്ചായത്തിൽ ഇതേവരെ 5 DWCRA യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. പക്ഷെ ഇതിൽ പ്രവർത്തനം ഉള്ളത് 4 യൂണിറ്റുകളൾ മാത്രമാണ്. ഇതിൽ ഒരു യൂണിറ്റ് മൺപാത്ര യൂണിറ്റും മറ്റുള്ളവയെല്ലാം തന്നെ പശുവളർത്തൽ യൂണിറ്റുമാണ്.

ഈ യൂണിറ്റുകളുടെ പ്രവർത്തനത്തെ പറ്റി പറയുകയാണെങ്കിൽ ഇതിൽ നല്ലനിലയിൽ പ്രവർത്തിക്കുന്നത് പുളിനെല്ലിയിലെ മൺപാത്ര നിർമ്മാണ യൂണിറ്റാണ്. കോഴിയോട്, പനങ്കാവ് തുടങ്ങിയ സ്ഥലങ്ങളിലുള്ള യൂണിറ്റുകൾ അംഗങ്ങളുടെ കൊഴിഞ്ഞുപോക്കിനെ തുടർന്ന് സ്തംഭനാവസ്ഥയിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. ഇതിനുള്ള പ്രധാന കാരണം അംഗങ്ങൾ തമ്മിലുള്ള അനൈക്യമാണ്. അതുകൊണ്ട് തന്നെ സമാന ചിന്താഗതിക്കാരായ താല്പര്യമുള്ളവരെ കണ്ടെത്തുകയും അനുയോജ്യമായ യൂണിറ്റുകളാരംഭിക്കുവാൻ ശ്രദ്ധിക്കുകയും വേണം. യൂണിറ്റുകളുടെ പ്രവർത്തനം സസൂഷ്മം നിരീക്ഷിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണം. ഉല്പാദക വസ്തുക്കൾ വിറ്റഴിക്കാനുള്ള മാർക്കറ്റ് ഏർപ്പെടുത്തേണ്ടതാണ്.

**DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം**

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | ഡയറി യൂണിറ്റ് | 1993-94 | 10 | |
| III | മധുരപലഹാര നിർമ്മാണം | 1985-86 | - | പ്രവർത്തന രഹിതമാണ് |
| | | | | . |

| | | | | |
|---|---|---|---|---|
| IV | ഡയറി യൂണിറ്റ് | 1993-94 | 06 | ഭാഗികമായി പ്രവർത്തിക്കുന്നു |
| VI | ഡയറി യൂണിറ്റ് | 1995-96 | 10 | പ്രവർത്തനം തുടരുന്നു |
| IX | മൺപാത്ര നിർമ്മാണം | 1984-85 | 19 | പ്രവർത്തനം നടക്കുന്നുണ്ട് |

## ട്രൈസം:

സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഗ്രാമീണ മേഖലയിലുള്ള 18 മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണ് ട്രൈസം.

കോട്ടായി പഞ്ചായത്തിൽ എട്ടാം പദ്ധതികാലത്ത് ഈ പരിപാടിയിലൂടെ 15 ആളുകൾ വിവിധ തൊഴിലുകളിൽ പരിശീലനം പൂർത്തിയാക്കി പുറത്തു വന്നിട്ടുണ്ട്. പക്ഷെ ഇതിൽ ഒരാൾ പോലൂ സ്വന്തമായി തൊഴിൽ കണ്ടെത്തിയിട്ടില്ല എന്നുള്ളത് ചിന്തിപ്പിക്കുന്ന ഒരു കാര്യമാണ്. ട്രൈസം പദ്ധതിയിലൂടെ പരിശീലനം നേടി പുറത്ത് വരുന്ന ഒരാൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് കാര്യമായ വില ലഭിക്കുന്നില്ല എന്നതും ഈ ട്രയിനിംഗിന്റെ അപര്യാപ്തതയെ കാണിക്കുന്നു.

ട്രൈസം ട്രെയിനിങ്ങിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള സമയപരിധി കോഴ്സിനനുസൃതമായി രണ്ടുവർഷംവരെയെങ്കിലും നീട്ടേണ്ടതാണ്. ഇതുമൂലം തൊഴിലിനെക്കുറിച്ച് വ്യക്തമായ അറിവ് ലഭിക്കുന്നതിന് വിദ്യാർത്ഥിയെ സഹായിക്കുന്നു. അതുപോലെ ട്രയിനിങ്ങ് കഴിഞ്ഞുവരുന്ന ആളുകൾക്ക് IRDP പദ്ധതിയിൽ മുൻഗണന നൽകി തൊഴിൽ കണ്ടെത്തുന്നതിന് സർക്കാർ നൽകിയിട്ടുള്ള അവസരം ചൂഷണം ചെയ്യുന്നതിന് സാധിക്കണം. ഈ പദ്ധതിയിലൂടെ കൂടുതൽ ആളുകൾക്ക് ട്രയിനിങ്ങ് നൽകുന്നതിന് അവസരം സൃഷ്ടിക്കണം.

## ട്യൂൾകിറ്റ്:

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക രീതിയിലുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ട്യൂൾകിറ്റ്. എട്ടാം പദ്ധതികാലത്ത് കോട്ടായി പഞ്ചായത്തിൽ കുഴൽമന്ദം വികസന ബ്ലോക്കു വഴി 17 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിലൂടെ നവീന തൊഴിലുപകരണങ്ങൾ നൽകിയിട്ടുണ്ട്. അർഹമായ 70 കുടുംബങ്ങൾ ഇനിയും നിലനിൽക്കെ ഈ പദ്ധതിയിലൂടെ കൂടുതൽ ആളുകൾക്ക് സഹായം എത്തിക്കുവാൻ ശ്രമിക്കേണ്ടതാണ്. അതുപോലെ സമയാ സമയങ്ങളിൽ പണിയായുധങ്ങൾ വിതരണം ചെയ്യുന്നതിന്നും ശ്രദ്ധിക്കണം. ഈ പദ്ധതിയുടെ ഗുണവശങ്ങളെകുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ ഇപ്പോഴും അജ്ഞരാണെന്നുള്ളതിനാൽ ബോധവൽക്കരണവും അത്യാവശ്യമാണ്.

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2 | ലെയ്ത്ത് വർക്ക് | 01 | | 01 | - |
| 4 | ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് ട്രാക്ടർ ആന്റ് ടില്ലർ | 01 | 01 | - | |
| 6 | വെൽഡിംഗ്, ഇലക്ട്രിക്കൽ, പ്ലംബിംഗ്, ലെയ്ത്ത് വർക്സ്, ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് ട്രാക്ടർ ആന്റ് ടില്ലർ. | 06 | 01 | 02 | 03 |
| 7 | ഇലക്ട്രിക്കൽ | 01 | | | 01 |
| 8 | പ്ലംബിംഗ്, ഇലക്ട്രിക്കൽ ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് ട്രാക്ടർ & ടില്ലർ, വെൽഡിംഗ്. | 08 | 01 | | 05 |

ഗ്രാമ പ്രദേശങ്ങളിലെ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുവേണ്ടി കക്കൂസ് നിർമ്മിക്കുവാൻ സഹായം നൽകുന്ന പദ്ധതിയാണ് CRSP. കോളറ, ഛർദ്ദി, അതിസാരം തുടങ്ങിയ രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്ന നമ്മുടെ താലൂക്കിൽ ഈ പദ്ധതിക്ക് വളരെയധികം പ്രാധാന്യം ഉണ്ട്. എട്ടാം പദ്ധതികാലത്ത് കോട്ടായി പഞ്ചായത്തിൽ 75 പേർക്ക് ഈ പദ്ധതി പ്രകാരം കക്കൂസ് അനുവദിച്ചിട്ടുണ്ട്. ഇതിന്നായി 1,50,000 രൂപ വക കൊള്ളിച്ചിരിക്കുന്നു. പക്ഷെ ഈ പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കുമ്പോൾ ഇത് എവിടെയും എത്തിയിട്ടില്ല. പഞ്ചായത്തിലെ കക്കൂസില്ലാത്ത:

INSTITUTE OF ... ADMINISTRATION ... LIBRARY



4294

ഇത് സ്വന്തമായി നിർമ്മിക്കുവാൻ കഴിവില്ലാത്ത എല്ലാ കുടുംബങ്ങളെയും കക്കൂസ് നിർമ്മിക്കുവാൻ സഹായിക്കുക എന്നതായിരിക്കണം ലക്ഷ്യം. ഇപ്പോൾ ഇതിന്നായി നൽകി വരുന്ന ധനസഹായം 2,000 രൂപ മാത്രമാണ്. ഈ തുക 4,500 രൂപയായെങ്കിലും ഉയർത്തണം. അതുപോലെ ചിലവു കുറഞ്ഞ രീതിയിൽ രണ്ട് കുഴികളുള്ള കക്കൂസ് നിർമ്മിക്കുന്നതിന് ജനങ്ങൾ പലപ്പോഴും തയ്യാറാവുന്നില്ല. ഇതിനായി അവരിൽ ശക്തമായ ബോധവൽക്കരണ നടപടികൾ നടത്തുകയും ആവശ്യമാണ്.

## അംഗൻവാടികൾ:

കോട്ടായി പഞ്ചായത്തിൽ സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തനം കാഴ്ച വെക്കുന്ന 11 അംഗൻവാടികൾ നിലവിലുണ്ട്. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ലക്ഷ്യമെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇത് പ്രാപ്യമായിട്ടില്ല. മാത്രമല്ല അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അംഗൻവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.

ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സ്വന്തം കെട്ടിടം ഇല്ലാത്തവർക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചു നൽകണം. കളിപ്പാട്ടങ്ങളും മറ്റ് അവശ്യവസ്തുക്കളും വാങ്ങുന്നതിന് ശ്രദ്ധ ചെലുത്തണം. കുട്ടികൾക്ക് പോഷാകാഹാരത്തിനു നൽകുന്ന സംഖ്യ വർദ്ധിപ്പിക്കണം. അടുത്തകാലത്ത് പുകയില്ലാത്ത അടുപ്പുകൾ നൽകുന്നതിന് ചില നീക്കങ്ങൾ നടന്നുവെങ്കിലും അത് ഇനിയും നിർമ്മിച്ചിട്ടില്ല. എത്രയും പെട്ടെന്ന് അവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

1. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉയർത്തണം.
2. പൊതു പ്രവർത്തനത്തിൽ ഇവരുടെ സാന്നിദ്ധ്യം സജീവമാക്കുവാൻ ബോധവൽക്കരണം നടത്തണം.

   കോട്ടായി ഗ്രാമ പഞ്ചായത്തിൽ വിവിധ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവരുടെ വിവരം ചുവടെ ചേർക്കുന്നുണ്ട്. വിധവ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ വാർദ്ധക്യകാല പെൻഷൻ എന്നിവയാണ് പഞ്ചായത്തിൽ ഇന്നു നിലവിൽ ഉള്ള പ്രധാന പെൻഷനുകൾ. അർഹരായ ഒരുപാടുപേർ ഇന്നും അപേക്ഷ നൽകാതെ ഇരിക്കുന്നു. പെൻഷൻ അപേക്ഷ നൽകി കഴിഞ്ഞതിനു ശേഷമുള്ള അന്വേഷണങ്ങൾ അർഹരെ പെൻഷൻ പദ്ധതിയിൽ നിന്നും നീക്കി നിർത്തുന്നു വെന്ന വിമർശനം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പെൻഷൻ സമ്പ്രദായങ്ങൾക്ക് ഉള്ള മുഴുവൻ ചുമതലകളും പഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്. അനുവദിച്ച പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

## കോട്ടായി ഗ്രാമപഞ്ചായത്ത് Village No.II

**(2.5) പെൻഷനുകൾ ധനസഹായം സംബന്ധിച്ച വിവരങ്ങൾ**

## പെൻഷനുകൾ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ കലാകാര സാഹിത്യ | അവശ പെൻഷൻ | കായികതാര പെൻഷൻ | ക്ഷയരോഗ പെൻഷൻ | കുഷ്ഠരോഗ പെൻഷൻ | കാൻസർ രോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 1991-92 | 06 | 03 | 02 | | | | | | | | |
| 1992-93 | 04 | 04 | 01 | | | | | | | | |
| 1993-94 | | 03 | 01 | | | | | - | | | |
| 1994-95 | | 07 | 02 | | | | - | | | | |
| 1995-96 | - | 01 | 01 | | - | - | | | | | |
| ആകെ | 10 | 18 | 07 | | | | | - | - | | |
| 91-92 ന്യ | 20 | 40 | 33 | | | | | | | | |
| മുൻപ് | | | | | | | | | | | |
| അനുവദിച്ചത് | | | | | | | | | | | |
| ആകെ | 30 | 58 | 40 | | | | | | | | |

## പെൻഷനുകൾ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ കലാകാര സാഹിത്യ | അവശ പെൻഷൻ | കായികതാര പെൻഷൻ | ക്ഷയരോഗ പെൻഷൻ | കുഷ്ഠരോഗ പെൻഷൻ | കാൻസർ രോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| കോട്ടായി I | 39 | 101 | 81 | - | 2 | - | 1 | - | - | | |
| | | | | Details | | | | | | | |
| 91-92 | - | 02 | 04 | - | - | - | 03 | 07 | 01 | - | |
| 92-93 | 05 | 03 | - | - | - | | 01 | - | 01 | | - |
| 93-94 | 01 | 05 | - | - | - | - | 02 | - | - | | |
| 94-95 | 01 | 02 | 03 | | - | - | 01 | 03 | | | - |
| 95-96 | - | 06 | 04 | | - | - | - | - | - | - | |
| ആകെ | 07 | 18 | 11 | | - | - | 07 | 10 | 02 | - | - |
| 91-92 നു മുൻപ് അനുവദിച്ച ആകെ പെൻഷനുകളുടെ എണ്ണം | 32 | 83 | 70 | | 2 | | | | | | |
| ആകെ | 39 | 101 | 81 | - | 2 | - | | | | | |

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രധാനമായും ഉയർന്ന ഒരു പ്രശ്നം ഒരു 'വൃദ്ധസദന' ത്തിന്റെ ആവശ്യകതയാണ്. വൃദ്ധസദനം ഇന്നത്തെ പുതിയ ചുറ്റുപാടിൽ അനിവാര്യമായികൊണ്ടിരിക്കുന്ന. ക്ഷേമ പദ്ധതികൾ കൃത്യമായി ഗുണഭോക്താക്കളിൽ എത്താതിരിക്കുന്നത് പരിഹരിക്കേണ്ടതാണ്. കൃത്യമായ ബോധവൽക്കരണം അനിവാര്യമാക്കേണ്ടതാണ്.

## പൊതു വിതരണം:

കോട്ടായിൽ പൊതുവിതരണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് പുതിയ റേഷൻ ഷോപ്പുകൾ തുടങ്ങേണ്ടതുണ്ട്. ഒന്നാം വാർഡിൽ വലിയമ്മകാവിനടുത്ത് പുതിയതായി റേഷൻ ഷോപ്പ് തുടങ്ങണമെന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നു വന്നു. മുണ്ടിയൻ കാവിൽ അനുവദിച്ച റേഷൻകട ഉടൻ പ്രവർത്തിപ്പിക്കാനുള്ള നടപടിയും സ്വീകരിക്കണം. സാധാരണക്കാർ ഏറ്റവും അധികം ആശ്രയിക്കുന്നത് പൊതുവിതരണ ശാലകളെയാണ് എന്നതു കൊണ്ട് കാര്യക്ഷമമായ പ്രവർത്തനം നടത്താൻ വേണ്ട നിർദ്ദേശം പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാൻ നിയമ ഭേദഗതി ചെയ്യേണ്ടതാണ്. പുതിയ റേഷൻ കാർഡുകൾ ആരംഭിക്കാൻ പഞ്ചായത്തു മുഖേന അധികാരം നൽകേണ്ടതാണ്.



## 5. VII സംസ്ക്കാരം:

കേരളത്തിന്റെ തനതായ സാംസ്ക്കാരിക പൈതൃകമാകെ സ്വായത്തമാക്കുകുയും സ്വന്തമായ ശൈലിയോടെ അതാത് മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച കലാകാരന്മാരാൽ അനുഗ്രഹീതമായ പഞ്ചായത്താണ് കോട്ടായി ഗ്രാമപഞ്ചായത്ത്. അടിച്ചമർത്തലുകൾക്കും ജന്മിത്വത്തിന്റെ ദുഷ്പ്രവണതകൾക്കും എതിരായി കലാസാംസ്ക്കാരിക മുന്നേറ്റം ഉണ്ടാക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. വേദനയോടുകൂടി ജിവതയാഥാർത്ഥ്യത്തെ സമീപിക്കുമ്പോഴും പട്ടിണിപൂക്കുന്ന ഗ്രാമങ്ങളിൽ ചെറുത്തുനില്പിന്റേയും പ്രയാണത്തിന്റേയും സംഘഗാനം തീർക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ചരിത്രം കൃത്യമായി കണക്കാക്കാൻ കഴിയുന്നതല്ല. എങ്കിൽപോലും ആദ്യകാലങ്ങളിൽ തന്നെ സംഘടിതമായി സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതിന് വ്യക്തമായ ചരിത്രരേഖ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇന്നലകളുടെ സാംസ്ക്കാരിക പ്രവർത്തനം ആ സാമൂഹ്യ ചുറ്റുപാടുകളുടെ രേഖാചിത്രം നമുക്ക് തരുന്നു. വിവിധ മതസംഘടനകളും മതങ്ങളിലെ ജാതികളും തമ്മിലുള്ള സൗഹാർദ്ദപൂർണ്ണമായ സഹകരണം ഇന്നലകളുടെ സാംസ്ക്കാരികാവസ്ഥയെ തുറന്നു കാണിക്കുന്നു. ജന്മിത്വ സമ്പ്രദായത്തിന്റെ ചട്ടക്കൂടിൽ തളമിട്ടിരുന്ന ജനത കിട്ടുന്ന ഒഴിവു സമയങ്ങളെ ഉപയോഗപ്പെടുത്തി തനതായ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നുവെന്നത് ചരിത്രാന്വേഷകരെ അത്ഭുതപ്പെടുത്തുന്നു. ഈ റിപ്പോർട്ടിന്റെ ആരംഭത്തിൽ സൂചിപ്പിച്ച ജന്മികളായിരുന്നു ആകെയുള്ള പഞ്ചായത്തിന്റെ ഭൂമി കൈവശം വെച്ചിരുന്നത്. ഓരോ ജന്മിയും തന്റെ ഒഴിവു സമയത്തെ സമ്പുഷ്ടമാക്കാൻ ക്ഷേത്രകലകളുമായി ബന്ധപ്പെടുമായിരുന്നു. ഒരു പരിധിവരെ ആദ്യകാല സാംസ്ക്കാരിക പ്രവർത്തനം ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. നിലവിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ പരിശോധിച്ചാൽ ഈ സംഗതി വ്യക്തമാകും.

1940 കളുടെ അവസാനമാവുമ്പോഴേക്കും പഞ്ചായത്തിൽ ഒരു ലൈബ്രറി സ്ഥാപിക്കണമെന്നും ലോകത്തിന്റെ വാർത്തകൾ അറിയാനുള്ള മാദ്ധ്യമം വേണമെന്നുള്ള ആഗ്രവും അന്നത്തെ പഞ്ചായത്ത് മിനുട്സ്ബുക്കിൽ നിന്നും മനസ്സിലാക്കാം. ആദ്യമായി പഞ്ചായത്തിൽ വൈദ്യുതി എത്തിയ അതേ സമയത്തുതന്നെ ഒരു റേഡിയോ നമ്മുടെ പഞ്ചായത്തു വാങ്ങിച്ചു. അത് കേൾക്കാൻ ലോകത്തെ അറിയാൻ റേഡിയോകിയോസ്കിൽ എത്തുമായിരുന്നു. ജനങ്ങളിൽ വായനാശീലം വർദ്ധിപ്പിക്കാൻ ലൈബ്രറിപ്രവർത്തനം ആരംഭിച്ചു. ലഘുനാടകങ്ങൾ അവതരിപ്പിക്കലും അത് ആസ്വദിക്കാനുള്ള ബോധനിലവാരത്തിലേക്ക് എത്തിയ ജനങ്ങളുടെ എണ്ണം വളരെ അധികമായിരുന്നു.

പഞ്ചായത്തിന്റെ പേര് പുറം നാടുകളിലേക്ക് എത്തിക്കാൻ നേതൃത്വം നൽകിയ മഹത് വ്യക്തികളെ സ്മരിക്കേണ്ടത് അനിവാര്യമാണ്. പത്മഭൂഷൻ ലഭിച്ച ഗുരു കുഞ്ചുകുറുപ്പ് നമ്മുടെ പഞ്ചായത്തിൽ തന്നെ താമസിച്ച് കഥകളി അഭ്യസിപ്പിച്ചിരുന്നു. ദൂരദേശത്തു നിന്നുപോലും കഥകളിയെ സ്നേഹിക്കുന്നവർ വന്ന് ഇവിടെ താമസിച്ച് കഥകളി അഭ്യസിച്ചിരുന്നു. കളിയോഗക്കാരുമായി വിവിധ പ്രദേശങ്ങളിൽ നടന്ന് നമ്മുടെ പഞ്ചായത്തിന് യശസ്സ് ഉണ്ടാക്കിത്തരാൻ വളരെയേറെ പണിപ്പെട്ടിട്ടുണ്ട്. കുചേല വേഷത്തിൽ തനതായ സംഭാവന നൽകിയ ഗുരു കുഞ്ചുകുറുപ്പ് കഥകളി രംഗത്തേക്കും സ്തുത്യർഹമായ സംഭാവന നൽകിയിട്ടുണ്ട്.

മറ്റൊരു അനുഗ്രഹീതനായ കലാകാരൻ ലോക പ്രശസ്തി നേടിയ ചെമ്പൈ വൈദ്യനാഥ ഭാഗവതർ ആണ്. കർണ്ണാടകസംഗീതത്തിന് അദ്ദേഹം നൽകിയ സംഭാവന തലമുറകളോളം നിലനിൽക്കും. അദ്ദേഹം ജീവിച്ചിരുന്ന കാലത്തുപോലും ക്രിസ്തുൻ ഉൾപ്പെടെയുള്ള മതക്കാരിൽ താല്പര്യമുള്ളവർക്ക് ശിക്ഷണം നൽകി മാറ്റത്തിന്റെ കൊടുങ്കാറ്റ് വിതച്ചയാളാണ്. ഇന്ന് ലോകത്തെവിടെ പോയാലും കർണ്ണാടക സംഗീതത്തെ ബഹുമാനിക്കുന്നവർ നമ്മുടെ പഞ്ചായത്തിനെയും ബഹുമാനപുരസ്സരം മാത്രമേ നോക്കുകയുള്ളു. അദ്ദേഹത്തിന്റെ ശബ്ദത്തിൽ അനുഗൃഹീതമായ നമ്മുടെ പഞ്ചായത്തിൽ അദ്ദേഹത്തിന്റെ സ്മാരകാർത്ഥം സംഗീത ഉപാസകരെ അംഗീകരിക്കാൻ വേണ്ടി ഒരു സംഗീത വിദ്യാലയം സ്ഥാപിക്കേണ്ടതാണ്. ഇന്നും എല്ലാവർഷവും അദ്ദേഹത്തിന്റെ സ്മരണ പുതുക്കാൻ പ്രഗത്ഭരായ ശിഷ്യന്മാർ ഇവിടെ ഒത്തുചേരാറുണ്ട്.

പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രം കലാകാരന്മാരിൽ മാത്രം ഒതുക്കുന്നതല്ല. ആത്മസമർപ്പണത്തിന്റെ പാതയിൽ കെടാവിളക്കായി ജ്വലിച്ചുനിൽക്കുന്ന മേജർ രാമസ്വാമി സ്വജീവൻ നൽകി സഹയാത്രികന്റെ സ്വപ്നങ്ങളെ കാത്തു സൂക്ഷിക്കാൻ പരിശ്രമിച്ച ആളാണ്. രക്തസാക്ഷിത്വത്തിന്റെ ധന്യസ്മരണ ഇവിടത്തെ യുവജനങ്ങൾക്കിന്നും ആവേശമാണ്. സംസ്കൃത സാഹിത്യത്തിലും ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള സാമൂഹ്യ മുന്നേറ്റത്തിൽ അവിഭാജ്യഘടകമായിരുന്നു. ഓടന്നൂർ കെ.കെ. ചാത്തു. അദ്ദേഹത്തിന്റെ ജാതിദ്വൈത്വരി എന്ന സംസ്കൃത ഗ്രന്ഥം പ്രശസ്തവും പ്രൗഢവുമാണ്. പക്ഷെ പ്രസ്തുത ഗ്രന്ഥത്തിന് വേണ്ടത്ര പ്രചാരം കിട്ടാതെയിരുന്നതുകൊണ്ട് ശ്രദ്ധിക്കപ്പെടാതെ പോയി. പഴയകാല ജാതിവ്യവസ്ഥയുടെ സമഗ്രമായ പഠനമായിരുന്നു പ്രസ്തുത ഗ്രന്ഥം. വളർച്ചയുടെ നാളുകളിൽ ജാതിവ്യവസ്ഥക്ക് ഉണ്ടായ ഉൾപ്പിരിവുകൾ സൂക്ഷ്മമായി പരിശോധിക്കാൻ പ്രസ്തുത ഗ്രന്ഥത്തിന് കഴിഞ്ഞിട്ടുണ്ട്. മിതവാദി പത്രാധിപരായി പ്രവർത്തിച്ച മറ്റൊരു പ്രഗത്ഭൻ കോട്ടായി കുമാരൻ ആയിരുന്നു. ഈഴവ കോൺഫ്രൻസിൽ അംഗമായ അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയും മേഖലയും അനന്തവും പ്രൗഢവുമായിരുന്നു.

പഴയകാല സംസ്ക്കാരത്തിന്റെ മാറ്റുരയ്ക്കുന്ന കലാകായിക പ്രവർത്തനങ്ങളെ നമ്മെ ഉൾപ്പുളകമണിയിക്കുന്നു. ഇന്നലെകളിൽ ജോലിഭാരത്തിന്റെ വേദന അകറ്റാൻ മത്സരബുദ്ധിയുടെ കൂർമതയുമായി വളർത്തുമൃഗങ്ങളെ തമ്മിൽ മത്സരിപ്പിച്ച് വിജയം നേടി ആത്മസംതൃപ്തി അടഞ്ഞ ജനങ്ങളെ ഒരുപാടു കാണാൻ കഴിയുന്നു. കന്നുതെളി ഒരു ഉത്സവമാക്കി മാറ്റി ഈ നാടിന്റെ അഭിമാനമാക്കിയ തെളിമത്സരം ഇന്നും മുടങ്ങാതെ നടക്കുന്നു. തല ഉയർത്തി നടക്കുന്ന കാളക്കൂറ്റൻ മാർ ഒരു വലിയ സംസ്ക്കാരത്തിന്റെ പ്രതീകമായി കാണാൻ സാധിക്കുന്നു. മറ്റൊരു പ്രധാന കായിക വിനോദം തല്ല്മത്സരമായിരുന്നു. മുൻകാലത്ത് തല്ല് നടത്തി വിജയിക്കുക എന്നത് അഭിമാനത്തിന്റെ സാക്ഷ്യപത്രമായിരുന്നു. ഫുട്ബാൾ കളിയും വോളിബോൾ കളിയും ഇവിടത്തെ ജനതയുടെ ഭാഗമായിട്ടുണ്ട്.

ഉത്സവപറമ്പിൽ അടിതിമർന്നെത്തുന്ന പൂതനും, തിറയും ഇന്നും നിലനിൽക്കുന്നു. കോൽക്കളിയും, പാവക്കൂത്തും, പൊറാട്ടു നാടകവും ഇന്നലെകളുടെ സാംസ്കാരിക പ്രവർത്തനങ്ങളുടെ അവശിഷ്ടങ്ങളാണ്. അടിച്ചമർത്തലുകൾക്കെതിരെയുള്ള അദ്ധ്വാനിക്കുന്നവന്റെ സർഗാത്മകമായ പ്രതികരണമായിരുന്നു പൊറാട്ടുനാടകം. ഇന്നും എല്ലാ വർഷങ്ങളിലും പൊറാട്ടു നാടകം കൃത്യമായി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. പാവക്കൂത്തും, കോൽക്കളിയും, കഥകളിയും, ശീവേലിയും ഒക്കെ നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങളുടെ മാറ്റുരയ്ക്കുന്നു.

കോട്ടായി പഞ്ചായത്തിൽ ഹിന്ദുക്കളാണ് ഭൂരിപക്ഷം, മുസ്ലീം, ക്രിസ്ത്യൻ എന്നീ മതങ്ങളും ന്യൂനപക്ഷമായി ഇവിടെ നിലനിൽക്കുന്നു. അനവധി ആരാധനാലയങ്ങളും അനുഷ്ഠാനങ്ങളും ഉണ്ട്. ഇവിടത്തെ പ്രധാനപ്പെട്ട അമ്പലങ്ങൾചുവടെ ചേർക്കുന്നു.

## കോട്ടായി പഞ്ചായത്തിലെ അമ്പലങ്ങൾ:

1. ചന്ദ്രകുളം അയ്യപ്പൻകാവ്.
2. കണ്ടത്താർ കാവ്.
3. ശിവൻകോവിൽ
4. പെരുങ്കുളങ്ങര ഭഗവതി ക്ഷേത്രം.
5. വലിയമ്മക്കാവ് ഭഗവതി.
6. മുണ്ടിയൻ കാവ്.
7. ഇരട്ടം കുളങ്ങര.
8. കോത കുളങ്ങര ഭഗവതി.
9. അയിലംഗ്രാമം സുബ്രഹ്മണ്യ ക്ഷേത്രം.
10. അയ്യപ്പൻ കാവ് സുബ്രഹ്മണ്യൻ.
11. ചെമ്പൈ ഗ്രാമം ശിവക്ഷേത്രം.
12. ചുള്ളിയിൽ ശിവൻകോവിൽ.
13. അമ്മ തിരുവടി.
14. അയറോട്ടിൽ ശിവൻകോവിൽ.
15. പകരാവൂർ അഞ്ചുമൂർത്തി അമ്പലം.
16. കണ്ടത്ത് രാമൻ കോവിൽ.
17. കണ്ടത്താർ ഭഗവതി.
18. കൊറ്റുകുളങ്ങര ഭഗവതി.
19. അഞ്ചുമൂർത്തി ഭഗവതി.
20. അയ്യപ്പൻ കാവ് മേലെ ശിവക്ഷേത്രം.
21. മണ്ഡലക്കോട് അയ്യപ്പൻകാവ്.
22. പല്ലൂർകാവ് ഭഗവതി ക്ഷേത്രം.
23. കുംഭാരപാളയം മാരിയമ്മൻ കോവിൽ.

24. അയ്യൻകുളം ശിവക്ഷേത്രം.
25. കീഴത്തൂർ മുസ്ലീം പള്ളി.
26. ഓടനൂർ മുസ്ലീം പള്ളി.
27. ചെമ്പരത്തിയാം പറമ്പ് മുസ്ലീം പള്ളി.
28. ചുള്ളിയിൽ ചെറുമ സമുദായ ഭഗവതികാവ്.
29. പൊന്നയ്ക്കാം തൊടി മന്ന്.
30. മേക്കോണം മന്ന്.
31. പരുക്കഞ്ചേരി മന്ന്.
32. തെക്കേക്കര രാമമുത്തൻ കോവിൽ.
33. കൊല്ലംകോട്ടുകളം പട്ടികജാതി മന്ന്.
34. മേക്കനാം കുളം സുബ്രഹ്മണ്യൻ കോവിൽ.
35. കുണ്ടപറമ്പ് മുസ്ലീം പള്ളി.
36. പുളിനെല്ലി മുസ്ലീം പള്ളി.
37. കാഞ്ഞൂര് ശിവക്ഷേത്രം.
38. തുവരക്കാട് മന്ദ്.
39. പുളിന്തറ മണ്ണാർ ദൈവം.
40. കമ്മാന്തറ കണ്ടത്ത് രാമൻ കോവിൽ.
41. കോവിലങ്കിൽ സുബ്രഹ്മണ്യൻ കോവിൽ.
42. മുല്ലരിത്തൊടി കണ്ടാകർണൻ.
43. ഒടുങ്ങാട്ടുകാവ് ഭഗവതി.
44. മുല്ലക്കര അങ്ങോട്ടു ഭഗവതി.
45. മുണ്ടിയൻകാവ് വടുകത്തറ ദൈവം.
46. മേലാറ്റിൻകര ദേവീ ക്ഷേത്രം.
47. കോതകുളങ്ങര ഭഗവതി.
48. ചെറുകുളം പൊട്ടമ്പലം.
49. പല്ലൂർക്കാവ് മന്ദ്.

മുസ്ലീം ആരാധനാലയങ്ങൾ 4 എണ്ണമാണ് ഉള്ളത്. ക്രിസ്ത്യൻ പള്ളി കോട്ടായി പഞ്ചായത്തിൽ നിലവിൽ ഇല്ല. ഹിന്ദുമതത്തിലെ മറ്റുജാതി സംഘടനകൾക്കൊക്കെ സ്വന്തമായ സാമുദായികമായ സംഘടനകൾ ഉണ്ട്. മുസ്ലീം മതത്തിനിടയിൽ പ്രവർത്തിക്കുന്ന സംഘടനകളും നിലവിൽ ഉണ്ട്. മതസൗഹാർദ്ദപരമായ നിലപാടിൽ കോട്ടായി ജനത ഇന്ത്യക്കുതന്നെ മാതൃകയാണ്.

## വായനശാലകൾ, ക്ലബ്ബുകൾ:

വായനശാലകൾ സംസ്ക്കാരത്തിന്റെ വിത്തുകൾ പാകുന്നതിന്റെ നിർണ്ണായക ഘടകങ്ങൾ ആയിരുന്നു. അറിവു സമ്പാദിക്കുന്നതിന്റെ ചാലകശക്തികളായിരുന്നു വായനശാലകൾ. പുതിയ ലോകത്തേക്കുള്ള വഴികാട്ടിയായി ലൈബ്രറി പ്രസ്ഥാനം നിലനിന്നിരുന്നു. 1950 കൾ ആവുമ്പോഴേക്കും സംഘടിതമായ ഒരു ലൈബ്രറി കോട്ടായി പഞ്ചായത്തിനുണ്ടായിരുന്നു. എന്നാൽ പരിരക്ഷയിൽ വന്ന തകരാറു നിമിത്തം അവ ഇല്ലാതായി എന്നാൽ ഇപ്പോൾ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള ശ്രമം നടന്നുവരുന്നു. 1995-96 വർഷത്തിൽ 16329 രൂപ ലൈബ്രറിക്കായി പഞ്ചായത്ത് ചെലവഴിച്ചു. ഇത് ആകെ ചെലവിന്റെ 1.25% മാത്രമാണ്. ഇത് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഓരോ പ്രദേശത്തുമുള്ള വായനശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. പുളിനെല്ലിയിൽ ഒരു വായനശാല പ്രവർത്തിക്കുന്നുണ്ട്. തെക്കേക്കര, ചെറുകുളം, കൂത്തലക്കാട്, കീഴത്തൂർ, ചേന്ദംകാട്, കരിയംകോടി ചെമ്പരത്തിയാം പറമ്പ്, കല്ലേക്കാട് എന്നീ പ്രദേശങ്ങളിൽ ആണ് ഇപ്പോൾ ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. ക്ലബ്ബുകൾക്കുള്ള സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ വളരെയേറെ സഹായം ഇനിയും നൽകേണ്ടതുണ്ട്.

നല്ലൊരു കളിസ്ഥലം കോട്ടായി പഞ്ചായത്തിൽ ഉണ്ട്. ഇത് ഒരുപാട് ജനങ്ങൾ ഉപയോഗിക്കുന്നു. കൃത്യമായ പരിശീലനം നൽകാനുള്ള സംവിധാനത്തിന്റെ കുറവ് മറ്റൊരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

## നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ ഒരു ഹെൽത്ത് ക്ലബ്ബ് ആരംഭിക്കുക. ഇതിനുള്ള സ്ഥലവും മറ്റ് സൗകര്യങ്ങളും സാംസ്ക്കാരികനിലയത്തിനോടടുത്ത് കണ്ടെത്തുക.
2. ഓരോ വാർഡിലും ഓരോ ക്ലബ്ബുകൾ സ്ഥാപിക്കുക. അവക്കാവശ്യമായ പത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും പഞ്ചായത്ത് കണ്ടെത്തി നൽകണം.
3. സാംസ്ക്കാരികനിലയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ലൈബ്രറിയിൽ ഓരോ വർഷവും 25,000 രൂപയുടെ പുസ്തകം വാങ്ങാനുള്ള സംവിധാനം ഉണ്ടാക്കണം.
4. സ്ക്കൂളുകൾ കേന്ദ്രീകരിച്ച് സാഹിത്യ സമാജം പോലുള്ള പരിപാടികൾ മാസത്തിൽ ഒന്ന് എന്ന നിലയ്ക്ക് സംഘടിപ്പിച്ച് അതിന് ആവശ്യമായ പ്രോത്സാഹനം നൽകണം.
5. സമകാലീന വിഷയങ്ങളെ കേന്ദ്രീകരിച്ച് പ്രഗത്ഭരെ കൊണ്ടുവന്ന് സെമിനാറുകളും ചർച്ചാക്ലാസ്സുകളും രണ്ട് മാസത്തിൽ ഒരിക്കൽ നടപ്പാക്കണം.
6. പഞ്ചായത്തടിസ്ഥാനത്തിൽ കലാ-കായിക മത്സരങ്ങൾ നടത്തി കഴിവുള്ളവരെ കണ്ടെത്തി അവർക്കാവശ്യമായ പ്രോത്സാഹനം നൽകണം.
7. സ്ക്കൂളുകളെ കേന്ദ്രീകരിച്ച് ആറുമാസത്തിൽ ഒരിക്കൽ പഠനപര്യടനം സംഘടിപ്പിക്കണം.
8. വെക്കേഷണുകളിൽ കായികമായി കോച്ചിംഗ് ക്യാമ്പുകൾ നടത്തി മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി വളർത്തണം.
9. സ്വന്തമായി സ്ഥലമുള്ള എല്ലാ ക്ലബ്ബുകൾക്കും കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകണം.
10. ചെമ്പൈ കേന്ദ്രീകരിച്ച് ഒരു സംഗീതസ്കൂൾ നിർമ്മിക്കുക, കഥകളി അഭ്യസിപ്പിക്കുന്ന ഒരു കഥകളി സ്കൂൾ ആരംഭിക്കണം.



# 5. IX വനിതാരംഗം

കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊണ്ട് അന്തർദേശീയ രംഗത്തും, ദേശീയ രംഗത്തും വനിതകൾ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ സമൂല മാറ്റത്തിനു വേണ്ടി പോരാട്ടത്തിന് നേതൃത്വം ഏറ്റെടുക്കുമ്പോൾ പഴമയുടെ ചങ്ങലകെട്ടുകൾക്കകത്ത് നിന്നുകൊണ്ട് കോട്ടായി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വനിതകളും ഗൃഹഭരണവുമായി ഒതുങ്ങി കഴിയുന്ന സ്ഥിതി വിശേഷമാണ് കാണാൻ കഴിയുന്നത്.

സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തന മേഖലകളിൽ പഴയകാലത്ത് സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുൻകാലങ്ങളിൽ സ്ത്രീകൾ വളരെ വളരെ പുറകിലായിരുന്നു. ഉന്നതജാതിയിൽ പെട്ട സ്ത്രീകൾക്കു മാത്രമായിരുന്നു വിദ്യാഭ്യാസസൗകര്യം ഉണ്ടായിരുന്നത്. ഉന്നതകുലരായ സ്ത്രീകൾക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകിയിരുന്നത് കുടിപ്പള്ളിക്കൂടത്തിൽകൂടെ ആയിരുന്നു. പ്രാകൃതകാല ആചാരങ്ങളൊക്കെ ഈ പഞ്ചായത്തിലെ സ്ത്രീകളും അനുഭവിച്ചിട്ടുണ്ട്. ശൈശവവിവാഹം നിയമംമൂലം നിർത്തിയെങ്കിലും നമ്മുടെ പഞ്ചായത്തിൽ ആദ്യകാലത്ത് ശൈശവവിവാഹം നിലനിന്നിരുന്നു. 1991 ലെ സെൻസസ് പ്രകാരം ആകെ കോട്ടായി പഞ്ചായത്തിൽ 9853 സ്ത്രീകൾ ഉണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 52% ആണ്. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 65.36% വും ആണ്.

1920 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുളള സൗകര്യങ്ങൾ നിലവിൽ വന്നെങ്കിലും അടുക്കളക്കുള്ളിൽ ഒതുങ്ങിക്കൂടാനാണ് ഇവിടുത്തെ സ്ത്രീകൾക്ക് സാധിച്ചത്.

1964 ൽ ആണ് ആദ്യമായി ഒരു വനിതാമെമ്പർ പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ശ്രീമതി ലീല ബി നായർ ആണ് ആദ്യവനിതാ മെമ്പർ. 1930 കളിൽ ആരംഭിച്ച പുരോഗമന ആശയ ഫലമായി പരമാവധി പേർക്ക് വിദ്യാഭ്യാസ സൗകര്യം ഉണ്ടാകുകയും അതു ഉപയോഗപ്പെടുത്താനും കഴിഞ്ഞതുകൊണ്ട് വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിക്കുകയും ജോലി രംഗത്തേക്ക് ധാരാളം പേർ കടന്നുവരികയും ചെയ്തു.

തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| നമ്പർ | തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം. |
|---|---|---|---|
| 1 | കർഷകൻ | 58 | 515 |
| 2 | കർഷക തൊഴിലാളി | 1350 | 1815 |
| 3 | മൃഗസംരക്ഷണം | 33 | 755 |
| 4 | ചെറുകിട വ്യവസായം | 281 | 584 |
| 5 | കെട്ടിട നിർമ്മാണം | 215 | 480 |
| 6 | ഗതാഗത പ്രവർത്തനം | 5 | 315 |
| 7 | വ്യാപാരം | 47 | 1315 |
| 8 | മറ്റുള്ളവ | 501 | 1315 |

തൊഴിൽ മേഖലയിൽ സ്ത്രീകളെ അവഗണിക്കുന്നുണ്ട് എന്നതാണ് പട്ടികയിൽനിന്നും ബോദ്ധ്യപ്പെടുന്നത്. ഇതിന്നെതിരായി കൃഷി, ചെറുകിടവ്യവസായം, കുടിൽവ്യവസായം എന്നീ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ നേടിക്കൊടുക്കാൻ ബോധപൂർവ്വം ശ്രദ്ധിക്കണം. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ആവശ്യമായ സംഘടിത ശക്തിയുടെ അഭാവം വളരെയുണ്ട്. ഇപ്പോൾ നിലവിലുള്ള ജനാധിപത്യമഹിളാ അസോസിയേഷൻ, ജനാധിപത്യ മഹിളാസമാജം എന്നിവ സ്ത്രീകളെ സാമൂഹ്യമാറ്റത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നു.

വനിതകൾക്ക് മാത്രമായി രണ്ട് തൊഴിൽസ്ഥാപനങ്ങളും 30 WCRA യൂണിറ്റും രണ്ട് തുന്നൽ പരിശീലന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. എടുക്കുന്ന തൊഴിലിനുള്ള കൂലിയുടെ കാര്യം പരിശോധിച്ചാലും നല്ല വ്യത്യാസം നിലനിൽക്കുന്നുണ്ട്.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| | രൂപ | രൂപ |
| കർഷകതൊഴിലാളി | 30-35 | 60-70 |
| നിർമ്മാണതൊഴിലാളി | 40-45 | 80-100 |
| ഇഷ്ടിക തൊഴിലാളി | 30-40 | 50-75 |

സ്ത്രീകൾ മാത്രം പണിയെടുക്കുന്ന ഇടങ്ങളിൽ കൂലിനിരക്ക് വളരെ കുറവാണ്. സാമൂഹ്യ രംഗത്ത് വളരെ പിന്നിലായ സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ സാമൂഹ്യ മുന്നേറ്റത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടതാണ്. തൊഴിൽ മേഖലയിൽ അർഹമായ പങ്ക് ലഭിക്കാൻ കഴിയണം. ഏറ്റെടുത്ത ജോലികൾ കൃത്യമായും ഉത്തരവാദിത്വത്തോടും ചെയ്തു തീർക്കുമെങ്കിലും സ്വയം ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നു. പണി ഏറ്റെടുക്കാൻ സ്ത്രീകൾ കാണിക്കുന്ന താല്പര്യകുറവിനോടൊപ്പം തന്നെ പുരുഷൻ സ്ത്രീകൾക്ക് ജോലി ഏല്പിക്കുന്നതിലും വിമുഖത കാണിക്കുന്നുണ്ട്.

## വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ:

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിൽ ഒഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
2. സാമൂഹ്യ സേവനരംഗത്ത് സ്ത്രീകൾ പ്രവർത്തനരംഗത്തേക്ക് ധീരമായി കടന്നുവരുന്നില്ല.
3. സ്വയം തൊഴിൽ സംരംഭത്തിൽ സ്ത്രീകൾ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല.
4. ജോലി ചെയ്യുമ്പോൾ കിട്ടുന്ന കൂലിയിൽ വ്യത്യാസം നിലനിൽക്കുന്നു.
5. തൊഴിൽ രംഗത്ത് വേണ്ടത്ര ശാസ്ത്രീയ വിദ്യാഭ്യാസം കിട്ടുന്നില്ല.
6. തൊഴിൽ നിയമങ്ങൾ സ്ത്രീകൾക്ക് വേണ്ടത്ര പരിഗണന നൽകുന്നില്ല. അവയെപറ്റിയുള്ള പഠന ക്ലാസ്സുകൾ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
7. സാമ്പത്തിക ഞെരുക്കം മൂലം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ല.
8. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
9. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും സ്ത്രീകൾ അടിമപ്പെടുന്നു.

## പരിഹാരമാർഗ്ഗങ്ങൾ:

1. ഉല്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. വിഭവസാദ്ധ്യതയ്ക്കനുസൃതമായി തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക, അതിനുവേണ്ട പരിശീലന സംരംഭങ്ങൾ തുടങ്ങുക.
3. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുവാൻ ശ്രമിക്കുക.
4. തൊഴിലവസരങ്ങൾ, തൊഴിൽനിയമങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നൽകുക.
5. തൊഴിൽയൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക.
6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
7. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. കുട്ടികളുടെ ആരോഗ്യത്തിനും, വിനോദത്തിനും, വിശ്രമത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.
8. സ്ക്കൂളുകളിലെ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ സഹായം ചെയ്യുക.
9. കലാകായിക രംഗങ്ങളിൽ സ്ത്രീകളുടെ കഴിവ് ഉപയോഗപ്പെടുത്തുക.
10. ഓരോവാർഡിലും രണ്ട് വീതം D.W.C.R.A. യൂണിറ്റുകൾ ആരംഭിക്കുക.
11. സ്ക്കൂളുകളിൽ മാതൃസംഗമം വിപുലപ്പെടുത്തണം.
12. സ്ത്രീകളെ കാർഷിക മേഖലയിലേക്ക് ആകർഷിപ്പിക്കണം.
13. ഗാർഹികമായ ജോലികൾക്കുശേഷം കിട്ടുന്ന സമയത്തെ ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയണം.
14. സ്ത്രീകൾക്കെതിരായ അതിക്രമം തടയാൻ പഞ്ചായത്തതിർത്തിയിൽ സ്ക്വാഡുകൾ രൂപീകരിക്കണം.

## സാദ്ധ്യതകൾ:

1. സാമൂഹ്യരംഗത്തും പൊതുരംഗത്തും സാംസ്ക്കാരികരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കുവേണ്ടി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
2. പരമാവധി സ്ത്രീകളെ നേതൃത്വ രംഗത്തേക്ക് എത്തിക്കാൻ രാഷ്ട്രീയ പാർട്ടികളും ബഹുജന സംഘടനകളും ബോധപൂർവ്വം ശ്രമിക്കണം.
3. വനിതകളുടെ മാത്രം സംഘടനകൾ രൂപീകരിക്കുകയും തനതായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുകയും വേണം.
4. വനിതകൾക്കായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കണം.



## 5.X സഹകരണം:

സോഷ്യലിസത്തിന്റെ നല്ലവശങ്ങളും മുതലാളിത്വത്തിന്റെ ഗുണവശങ്ങളും സംയോജിപ്പിച്ച് മുന്നേറുന്ന ഒരു സംരംഭമാണ് സഹകരണമേഖല. സഹകരണമേഖലയിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ എന്ന വ്യത്യാസമില്ല. സഹകരണരംഗത്ത് സേവനത്തിനു ആനുപാതികമായാണ് പ്രതിഫലം ലഭിക്കുക. വർത്തമാനലോകത്ത് സമസ്തമേഖലകളിലും സഹകരണരംഗം വമ്പിച്ച മുന്നേറ്റം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലും കേരളത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണ് സഹകരണമേഖല ശക്തിപ്രാപിച്ചുവരുന്നത്. നിലവിൽ കേരളത്തിൽ സഹകരണമേഖല മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുൻപന്തിയിലാണ്. ക്രെഡിറ്റ്മേഖലയിൽ മറ്റു ദേശസാൽകൃത ബാങ്കുകൾക്കൊപ്പം തന്നെ സാമ്പത്തിക രംഗത്ത് ഇടപാടുകൾ നടത്തുന്നതിന് കേരളത്തിലെ സഹകരണ ബാങ്കുകൾ സാമ്പത്തികരംഗത്ത് മുന്നേറിയിട്ടുണ്ട്. കേരള ഗവൺമെന്റ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ അതിൽ നിർണ്ണായക പങ്കുവഹിക്കുന്നതിനും പദ്ധതി പ്രവർത്തനം വിജയിപ്പിക്കുന്നതിനും സഹകരണമേഖലക്ക് കാര്യമായ പങ്കുവഹിക്കുന്നതിന്നും കഴിയും.

1940 കാലഘട്ടങ്ങളിൽ ചെറുകിട കർഷകരും ഇടത്തരം കർഷകരും കൃഷിചെയ്യുന്നതിനാവശ്യമായ സാമ്പത്തിക മാർഗ്ഗം കണ്ടെത്തിയത് ഹുണ്ടിക കച്ചവടക്കാരിൽ നിന്നുമായിരുന്നു. അവർ ഈടാക്കിവന്ന പലിശ കർഷകന് താങ്ങാൻ കഴിയാതെ വരികയും കർഷകന്റെ ഋണബാദ്ധ്യത നാൾക്കുനാൾ വർദ്ധിച്ചുവരികയും കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയിലേക്ക് ചെന്നുചേരുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് കോട്ടായിലെ കർഷകർ ഒത്തുചേരുകയും തെക്കേക്കാട് വിശ്വനാഥന്റെ നേതൃത്വത്തിൽ ഒരു പ്രാഥമിക സഹകരണ സംഘം രൂപീകരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 31.7.1946 ൽ പ്രാഥമിക സഹകരണ സംഘം എന്ന പേരിൽ കർഷകരുടെ ഒരു സഹകരണ സ്ഥാപനം കോട്ടായി പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു.

ഇതേ കാലയളവിൽ കോട്ടായി പഞ്ചായത്തിലെ നൂറോളം ചെത്തുതൊഴിലാളികളുടെ നേതൃത്വത്തിൽ ഒരു പനംചക്കര സൊസൈറ്റി, സഹകരണാടിസ്ഥാനത്തിൽ കോട്ടായി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു. 1967 ൽ കള്ള്ഷാപ്പുകൾ നിലവിൽ വരുന്നതുവരെ പനയിൽ നിന്നും ഉല്പാദിപ്പിക്കുന്ന കള്ള് ചക്കരയാക്കി സൊസൈറ്റിയിൽ കൊണ്ടുപോയി വിറ്റാണ് പ്രസ്തുത തൊഴിലാളികൾ ഉപജീവനം കഴിച്ചിരുന്നത്. കള്ള്ഷാപ്പുകൾ നിലവിൽ വന്നതോടുകൂടി ഈ സൊസൈറ്റികളുടെ പ്രവർത്തനം നിശ്ചലമായി. T.C. രാമൻ എന്നയാളായിരുന്നു ഇതിന്റെ പ്രസിഡന്റ്.

## കോട്ടായി പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ:

| നമ്പർ | പേര് | പ്രവർത്തന പരിധി |
|---|---|---|
| 1 | കോട്ടായി സർവ്വീസ് സഹകരണ ബാങ്ക് | കോട്ടായി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും കുത്തനൂർ പഞ്ചായത്തിലെ കുത്തനൂർ II വില്ലേജിൽ മുഴുവൻ പ്രദേശവും |
| 2 | കോട്ടായി പട്ടികജാതി സഹകരണ സംഘം | കോട്ടായി പഞ്ചായത്ത് മുഴുവൻ പ്രദേശവും |
| 3 | ചെറുകുളം (അപ്കോസ്) | I, II, III വാർഡുകൾ |
| 4 | കണ്ണച്ചിപറമ്പ് അപ്കോസ് | കോട്ടായി പഞ്ചായത്തിലെ VII വാർഡ് |
| 5 | കോട്ടായി ക്ഷീര വ്യവസായ സഹകരണ സംഘം | IV, VI വാർഡുകൾ |
| 6 | കോട്ടായി സ്ക്കൂൾ സഹകരണ സംഘം | കോട്ടായി സ്ക്കൂളിലെ വിദ്യാർത്ഥികൾ |

## കോട്ടായി സർവ്വീസ് സഹകരണ ബാങ്ക്:

31.7.1946 ൽ റെജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 1956 ലെ ദേശീയ സഹകരണ നിയമം നിലവിൽ വരുന്നതുവരെ പ്രാഥമിക സഹകരണ സംഘമായാണ് പ്രവർത്തിച്ചത്. 1956 ലെ സഹകരണ നിയമം പാസ്സായപ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിർജ്ജീവമാണെന്നും എല്ലാ വിഭാഗം സഹകാരികളേയും ഉൾപ്പെടുത്തിക്കൊണ്ട് സർവ്വീസ് സഹകരണ ബാങ്കെന്നപേരിൽ പ്രവർത്തിക്കണമെന്ന തീരുമാനത്തിന്റെ പേരിൽ 1961 ൽ കോട്ടായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F 1223 എന്നപേരിൽ പ്രവർത്തനം തുടർന്നു. പ്രവർത്തനപരിധി കോട്ടായി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും കുത്തനൂർ പഞ്ചായത്തിലെ തോലനൂർ ഉൾപ്പെടുന്ന രണ്ടാം വില്ലേജും ഉൾപ്പെട്ടതാണ്. ആകെ അംഗങ്ങൾ 7325 അംഗീകൃത ഓഹരി മൂലധനം 26, 50, 000 രൂപയാണ്. ഇതിൽ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം വ്യക്തികളിൽ നിന്നും 'A' ക്ലാസ്സ് അംഗത്വഇനത്തിൽ 15, 96,216 രൂപയും സർക്കാരിൽനിന്ന് 'B' ക്ലാസ്സ് അംഗത്വ ഇനത്തിൽ 2,52, 418 രൂപയാണ്. ആകെ നിക്ഷേപം 4,34,73,525 രൂപയാണ്. ആകെ വായ്പ 3,96,61,385 രൂപയാണ്. ഇതിൽ അവധി ബാക്കി ഇനത്തിൽ 44,17,297 രൂപയാണ്.

## നിലവിലുള്ള പ്രവർത്തനങ്ങൾ:

വിവിധതരം നിക്ഷേപങ്ങൾ സ്വീകരിക്കുകയും കർഷകന്റെയും മറ്റു ചെറുകിട കർഷകന്റെയും ആവശ്യങ്ങൾക്കനുസൃതമായി ലോൺ നൽകുന്നു. നമ്മുടെ ജില്ലയിൽ തന്നെ മാതൃക എന്ന നിലയിൽ മരണാന്തരനിധിയെന്ന സ്കീം ബാങ്ക് നടത്തിവരുന്നുണ്ട്. ബാങ്കിന്റെ ഹെഡ്ഓഫീസിലും രണ്ട് ശാഖകളിലും

കൺസ്യൂമർ സ്റ്റോറുകൾ നടത്തുകയും അതുവഴി വളം, കീടനാശിനി, തുണിത്തരങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്യുന്നു. ഓണം, വിഷു എന്നീ ആഘോഷ വേളകളിൽ കർഷകരുടെ സഹായത്തിന് ഓണചന്ത, വിഷുചന്ത എന്നിവ നടത്തിവരാറുണ്ട്. സഹകരണമേഖലയിൽ സഹകാരികൾക്ക് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ മറ്റു ക്ഷേമപ്രവർത്തനങ്ങളും നടത്തി വരാറുണ്ട്.

## നിർദ്ദേശങ്ങൾ:

1. ഹയർ പർച്ചേസ് ലോൺ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
2. സിമന്റ് വില്പനനടത്തണം.
3. രാസവളങ്ങൾ, കീടനാശിനികൾ എന്നിവ കൃത്യമായ വിതരണത്തിന് സംവിധാനം ഉണ്ടാക്കണം.
4. 'വിസ'യുടെ അടിസ്ഥാനത്തിൽ വിദേശത്ത് ജോലിക്കു പോകുന്നവരെ സഹായിക്കാൻ ലോൺ നൽകണം.
5. കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
6. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകൾ ഉദാരമായ രീതിയിൽ നൽകുന്നതിന് വ്യവസ്ഥ ഉണ്ടാക്കുക.

## മറ്റുസഹകരണ സ്ഥാപനങ്ങൾ.

### ചെറുകുളം അപ്കോസ്:

കോട്ടായി പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകളാണ് പ്രവർത്തന പരിധി. 9.11.1988 റെജിസ്റ്റർ ചെയ്ത് 17.2.1989 ൽ പ്രവർത്തനം ആരംഭിച്ചു. 182 അംഗങ്ങളും 100 ലിറ്റർ പാലുമായി ആരംഭിച്ച സംഘത്ത് ഇപ്പോൾ 429 അംഗങ്ങളും 800 ലിറ്റർ പാലും സംഭരിക്കുന്നുണ്ട്. ക്ഷീരോല്പാദക രംഗത്ത് പുതിയ ഇനം പശുക്കളെ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ കൃത്രിമബീജദാന കേന്ദ്രം സംഘത്തിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരോല്പാദനത്തിന് സഹായകരമായ തീറ്റപ്പുല്ല്കൃഷി, കാലിതീറ്റവിതരണം എന്നിവ നടത്തി നടത്തിവരുന്നു. സ്ക്കൂൾ വിദ്യാർത്ഥികൾക്കും സംഘത്തിലെ അംഗങ്ങളുടെ മക്കൾക്കും പഠന പ്രോത്സാഹനത്തിന് ആവശ്യമായ സഹായം നൽകുന്നുണ്ട്. മറ്റു ബാങ്കുകളുമായി ബന്ധപ്പെട്ട് കർഷകർക്ക് പശുവാങ്ങുന്നതിന് ലോൺ സൗകര്യം സംഘം മുഖാന്തിരം നൽകി വരുന്നുണ്ട്. സംഘം ലാഭത്തിലാണ്.

### കണ്ണച്ചിപറമ്പ് അപ്കോസ്:

1990 ൽ റെജിസ്റ്റർ ചെയ്യുകയും 1991 ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടക്കത്തിൽ 120 അംഗങ്ങളും 75 ലിറ്റർ പാലുമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 159 അംഗങ്ങളും 325 ലിറ്റർ പാലും സംഭരിക്കുന്നുണ്ട്. കോട്ടായി പഞ്ചായത്തിലെ ഏഴാം വാർഡാണ് പ്രവർത്തനപരിധി. കൃത്രിമബീജദാന

കേന്ദ്രം, തീറ്റപ്പുൽകൃഷി, കാലിതീറ്റവിതരണം തുടങ്ങിയവ സംഘം നടത്തുന്ന പ്രവർത്തനങ്ങളാണ്. സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു. കർഷകർക്കാവശ്യമായ പശു വാങ്ങുന്നതിനുള്ള ലോൺ സൗകര്യം സംഘം മുഖേന നടപ്പാക്കുന്നുണ്ട്.

## കോട്ടായി ക്ഷീരവ്യവസായ സഹകരണസംഘം:

1977 ലാണ് റെജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. കോട്ടായി പഞ്ചായത്തിലെ IV, VI വാർഡുകളാണ് പ്രവർത്തനപരിധി. 400 ലിറ്റർ പാൽ സംഭരണം നടത്തുന്നുണ്ട്. സംഭരിക്കുന്ന പാലിന്റെ 80% വും പ്രാദേശികമായാണ് വില്പന നടത്തുന്നത്.

## കോട്ടായി പട്ടികജാതി സഹകരണ സംഘം:

1983 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. കോട്ടായി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും ഉൾക്കൊള്ളുന്നതാണ് പ്രവർത്തനപരിധി. പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റമാണ് സംഘത്തിന്റെ പ്രവർത്തനലക്ഷ്യം. ലോൺകുടിശ്ശിക ബാക്കിനിൽക്കുന്നതു കൊണ്ട് പ്രവർത്തനം വേണ്ടവിധത്തിൽ മുന്നോട്ടു നീക്കാൻ കഴിയുന്നില്ല. ഗവൺമെന്റിന്റെ പുതിയ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി പ്രവർത്തനം നല്ലരീതിയിൽ നടത്തുന്നതിന് ശ്രമിക്കണം.

## വിദ്യാർത്ഥി സഹകരണസംഘം:

ഗവൺമെന്റ് ഹൈസ്ക്കൂൾ കോട്ടായിലെ വിദ്യാർത്ഥികളെ ഉൾകൊള്ളിച്ച് പ്രവർത്തനം നടത്തുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളും, നോട്ടുപുസ്തകങ്ങളും, മറ്റുപഠന ഉപകരണങ്ങളും വാങ്ങി വിതരണം ചെയ്യുകയാണ് പ്രധാന ലക്ഷ്യം.

## പാൽ ഉല്പാദക സഹകരണ സംഘങ്ങൾ ഒറ്റനോട്ടത്തിൽ:

| നമ്പർ | പേര് | അംഗങ്ങൾ | ജീവനക്കാർ | സംഭരിക്കുന്ന പാൽ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|
| 1 | ചെറുകുളം അപ്കോസ് | 429 | 4 | 800 ലിറ്റർ | ലാഭം |
| 2 | കണ്ണച്ചി പറമ്പ് അപ്കോസ് | 159 | 3 | 325 ലിറ്റർ | ലാഭം |
| 3 | ക്ഷീരവ്യവസായ സഹകരണ സംഘം | - | - | 400 ലിറ്റർ | നഷ്ടം |

## ഇതര സഹകരണബാങ്കുകൾ:

കോട്ടായി പഞ്ചായത്തതിർത്തിയിൽ ആലത്തൂർ കാർഷിക വികസനബാങ്ക് വിവിധ ആവശ്യങ്ങൾക്കായി വായ്പകൾ നൽകുന്നുണ്ട്. കോട്ടായി പഞ്ചായത്തിൽ നിന്നും 98 അംഗങ്ങൾ കാർഷിക വികസനബാങ്കിൽ അംഗങ്ങളാണ്. കാർഷിക വികസനബാങ്കുകൾ ഈ പഞ്ചായത്തിൽ നൽകിയ വായ്പകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| എത്രപേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 5 പേർക്ക് | കാർഷിക ഉപകരണം വാങ്ങുന്നതിന് | 7,50,000 |
| 15 പേർക്ക് | പുരയിടം നിർമ്മിക്കുന്നതിന് | 7,50,000 |
| 20 പേർക്ക് | കിണർ കുഴിച്ച് മോട്ടോർ വെക്കുന്നതിന് | 3,00,000 |
| 3 പേർക്ക് | മിനി സ്കെയിൽ വ്യവസായം | 6,00,000 |
| 5 പേർക്ക് | സ്ഥലം വാങ്ങിക്കുന്നതിന് | 2,50,000 |
| 3 പേർക്ക് | റബ്ബർകൃഷി വികസനം | 6,00,000 |

ഹൗസിംഗ് സഹകരണ സംഘം മുഖേന കോട്ടായി പഞ്ചായത്തതിർത്തിയിൽ 7 ആളുകൾക്ക് വായ്പ നൽകിയിട്ടുണ്ട്. 8,75,000 രൂപ ഇതിലേക്കായി വായ്പ നൽകിയിട്ടുണ്ട്.

നിലവിലുള്ള സംവിധാനം മാറ്റുന്നതിന് ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ:

1. കാർഷികോല്പന്നങ്ങൾ വിപണനം നടത്താനുള്ള സംവിധാനം ഇപ്പോൾ തീരെ കുറവാണ്. ഇത് പരിഹരിക്കാൻ പഞ്ചായത്തിൽ നെല്ല് സംഭരണ സഹകരണ സംഘം രൂപീകരിക്കണം.
2. കുഴൽമന്ദം ബ്ലോക്കിൽ ഏറ്റവും അധികം പച്ചക്കറി ഉല്പാദിപ്പിക്കുന്നത് കോട്ടായിലാണ്. ആയതിനാൽ പഞ്ചായത്തിൽ ഒരു പച്ചക്കറിസംഭരണ വിപണന സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.
3. ദിനംപ്രതി 3500 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്ന പഞ്ചായത്തായതിനാൽ (പാൽ സംസ്ക്കരിച്ചുണ്ടാക്കുന്ന ഉല്പന്നങ്ങൾ) പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘം രൂപീകരിക്കണം.
4. പ്രതിദിനം 10 ടൺ ഉല്പാദക ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
5. സഹകരണാടിസ്ഥാനത്തിലുള്ള കേരകർഷക സഹകരണസംഘം ശക്തിപ്പെടുത്തണം.
6. നൂറ് വനിതകൾക്ക് തൊഴിൽ പരിശീലനം നൽകാൻ കഴിയുന്ന ടൈലറിംങ് സഹകരണ സംഘം രൂപീകരിക്കണം.
7. പരമ്പരാഗത വ്യവസായങ്ങളായ മൺപാത്രനിർമ്മാണം, കുട്ട, പരമ്പനെയ്ത്ത് സഹകരണ സംഘം രൂപീകരിക്കണം.
8. കോഴിവളർത്തൽ, മീൻവളർത്തൽ, ആടുവളർത്തൽ എന്നിവ സഹകരണാടിസ്ഥനത്തിൽ ആരംഭിക്കണം.
9. സ്വയം തൊഴിൽ കണ്ടെത്താൻ കഴിയുന്ന കുടിൽവ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
10. വായ്പകൾ തിരിച്ചടക്കാൻ ആവശ്യമായ ബോധവൽക്കരണക്ലാസ്സുകൾ നടത്തുക.



## 5.XI പട്ടികജാതി  പട്ടികവർഗ്ഗക്ഷേമം

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് കോട്ടായി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 6053 ആണ്. ഇതിൽ 2967 പേർ പുരുഷന്മാരും 3086 പേർ സ്ത്രീകളുമാണ്. ഇത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 31.74% വരും. കോട്ടായി ഗ്രാമ പഞ്ചായത്തിൽ 47 പട്ടിജാതി സങ്കേതങ്ങളുണ്ട്. സങ്കേതങ്ങളുടെ ജനസംഖ്യ, റോഡ്, വൈദ്യുതി എന്നിവ വിശദീകരിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

**പട്ടിക - I**

| | കോളനിയുടെ പേര് | വാർഡ് | കുടുംബം | ജനസംഖ്യ | റോഡ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | കുന്നംപറമ്പ് | I | 10 | 45 | x | | |
| 2. | കവറത്തറ | I | 13 | 76 | | | |
| 3. | കൂത്തലക്കാട് | I | 25 | 112 | | | |
| 4. | പാളയപറമ്പ് | I | 10 | 53 | | | x |
| 5. | പയറ്റുപറമ്പ് | I | 8 | 35 | x | x | x |
| 6. | പള്ളത്തുപുര | I | 22 | 102 | | | |
| 7. | ഫുള്ളി | I | 10 | 49 | x | | |
| 8. | മടയം പറമ്പ് | I | 13 | 48 | x | | |
| 9. | ചേന്ദംപൊറ്റ | I | 14 | 52 | x | | |
| 10. | കുന്നംചാത്തൻ പറമ്പ് | II | 10 | 40 | x | | x |
| 11. | മുതുകാട്ട് പറമ്പ് | II | 11 | 44 | x | | |
| 12. | പല്ലൂർക്കാവ് | II | 10 | 39 | x | | |
| 13. | പൂത പറമ്പ് | II | 12 | 45 | x | | x |
| 14. | കോതംകൊലം | II | 8 | 31 | x | x | x |
| 15. | ഇടയ്ക്കാട്ടുപടി | II | 20 | 82 | | | |
| 16. | മഠത്തുംപടി IHDP | II | 23 | 112 | | | |
| 17. | മുന്തിരിത്തിക്കാട് | III | 24 | 126 | x | | |
| 18. | ചേറംകോട് | III | 10 | 44 | x | | x |
| 19. | മണ്ഡലക്കോട് | III | 7 | 34 | x | x | x |

| | | | | | | | |
|---|---|---|---|---|---|---|---|
| 20. | ഒതറോട് | IV | 21 | 98 | x | | |
| 21. | കീരിക്കാട് | IV | 8 | 35 | x | | |
| 22. | ചമ്പ്രകുളം കോളനി | IV | 47 | 203 | | | |
| 23. | പനങ്കാവ് | IV | 52 | x | x | x | |
| 24. | കോഴിയോട് | V | 19 | 74 | | | |
| 25. | കൊല്ലം കോട്ടുകളം | V | 12 | 48 | | | |
| 26. | ഓടനിക്കാട് IHDP | V | 20 | 72 | | | |
| 27. | കൊടുമുടിപ്പടി | VI | 12 | 61 | | | |
| 28. | മങ്ങാട്ടുതൊടി (വാനിക്കര) | VI | 10 | 41 | x | x | |
| 29. | മേക്കോണം | VII | 40 | 206 | x | | |
| 30. | കണിയാട്ടുപറമ്പ് | VII | 11 | 44 | x | x | x |
| 31. | പൊന്നയ്ക്കാം തൊടി | VII | 16 | 74 | x | | x |
| 32. | വാരിയത്തുകളം | VII | 15 | 68 | x | x | x |
| 33. | കോലാക്കളം | VIII | 20 | 94 | x | | |
| 34. | തുവരക്കാട് | VIII | 19 | 82 | | | |
| 35. | പുല്ലാണിപറമ്പ് | VIII | 10 | 42 | x | | |
| 36. | കോമ്പിയാൽ തൊടി | VIII | 13 | 68 | x | x | |
| 37. | കിഴക്കേക്കര ഹരിജൻ കോളനി | VIII | 12 | 48 | | | |
| 38. | പുളിന്തറ മണ്ണാർകോളനി | VIII | 7 | 34 | | | |
| 39. | വള്ളാട്ടുകളം | VIII | 12 | 49 | | x | x |
| 40. | കറുവാകുളം | IX | 14 | 68 | x | | x |
| 41. | പരുക്കഞ്ചേരി | IX | 20 | 74 | x | | |
| 42. | കുന്നംപറമ്പ് | IX | 8 | 32 | x | | |
| 43. | പാർലാം പടി | IX | 9 | 36 | x | x | |
| 44. | കുണ്ടം മാറി | IX | 19 | 88 | x | | |
| 45. | പൂവക്കോട് | X | 10 | 35 | x | x | x |
| 46. | പൊള്ളക്കാട് | X | 22 | 98 | x | | |
| 47. | ചേവ | X | 12 | 48 | | | |
| 48. | വേങ്ങോലക്കളം | X | 21 | 104 | x | x | |
| 49. | ചിന്തിരിത്തിൽ | II | 18 | 76 | x | | x |

കോട്ടായി ഗ്രാമ പഞ്ചായത്തിൽ 47പട്ടികജാതി സങ്കേതങ്ങളും, കോളനികൾ, മുല്ലക്കര, ഓടനിക്കാട്, പനങ്കര, കണ്ണച്ചിപറമ്പ്, പുളിനെല്ലി തുടങ്ങി 5-ലക്ഷം വീട് കോളനികളും 4 സെന്റ് ചമ്പ്രകുളം പട്ടികജാതി കോളനിയും, ഓടനിക്കാട്, മഠത്തുംപടി, മുന്തിരുത്തിക്കാട് എന്നീ IHDP കോളനിയും ഉണ്ട്.

733 കുടുംബങ്ങൾ കോളനികളിലും 42 കുടുംബങ്ങൾ കോളനികളിൽ അല്ലാതെയും താമസിക്കുന്നു. കോളനികളിൽ 3119 അംഗങ്ങളും അല്ലാതെ 210 അംഗങ്ങളും അടക്കം ആകെ 3329 അംഗങ്ങൾ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്നു.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും കൊണ്ട് ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പ്രയാസമേറിയ നിബന്ധനകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. അതുകൊണ്ട് പട്ടികജാതി കോളനികൾ മുഴുവൻ സർക്കാർ അംഗീകൃത കോളനിയാക്കിയെങ്കിൽ മാത്രമേ അവരുടെ പുരോഗതി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുകയുള്ളു.

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ഒരു പട്ടികജാതി സേവന സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. സംഘത്തിൽ നിന്ന് വായ്പകൾ മാത്രമാണ് കിട്ടികൊണ്ടിരിക്കുന്നത്. വായ്പ എടുത്ത ഗുണഭോക്താക്കൾ തിരിച്ചടക്കുന്നതിൽ കാലതാമസം കാണിക്കുന്നതുകാരണം സംഘത്തിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. നിരവധി പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് പരിസര മലിനീകരണം തടയുന്നതിന്റെ ഭാഗമായി മലമൂത്രവിസർജ്ജനം നടത്താൻ കക്കൂസുകൾ എല്ലാകോളനികളിലും നിർമ്മിച്ചു കൊടുക്കണം. രണ്ടാമതായി മരിച്ചുപോയ ആളുകളെ മറവു ചെയ്യുന്നതിനുവേണ്ട ശ്മശാനം. ഈ രണ്ടു പ്രശ്നങ്ങൾക്കും മുൻഗണന കൊടുത്ത് പരിഹാരം കാണേണ്ടതുണ്ട്.

കോളനികളുടെ വിവരം ഒന്നാം പട്ടികയിൽ കൊടുക്കുന്നുണ്ട്.

## വിദ്യാഭ്യാസം:

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S.S.L.C. യ്ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് പലകുട്ടികളും താല്പര്യം കാണിക്കുന്നില്ല. കുടുംബചെലവും തൊഴിൽദിനത്തിന്റെ കുറവും കാരണം രക്ഷിതാക്കളുടെ ഭാഗത്തുനിന്നും പ്രചോദനം കുറഞ്ഞുവരുന്നുണ്ട്. ഉപരിപഠനത്തിനു വേണ്ടി സർക്കാർ സഹായം നൽകുന്നുണ്ടെങ്കിലും വേണ്ടത്ര അവ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ 515- ആൺകുട്ടികളും 434- പെൺകുട്ടികളും പഠിക്കുന്നുണ്ട്. 1995-96 അദ്ധ്യായന വർഷത്തിൽ 11 ആൺകുട്ടികളും 12 പെൺകുട്ടികളും പഠനം നിർത്തിയവരിൽ പ്പെടുന്നു. 48

പെൺകുട്ടികളും, 61 ആൺകുട്ടികളും തോറ്റു പഠിക്കുന്നുണ്ട്. ലഭ്യമായ കണക്കുകൾവെച്ച് ആകെ 1058 പട്ടികജാതി വിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്യുന്നുണ്ട്.

## തൊഴിൽ:

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ ഈ മേഖലയിൽ തൊഴിൽദിനം കുറവായതിനാലും, കുറഞ്ഞ കൂലിയും കാരണം കാർഷിക തൊഴിൽ ഉപേക്ഷിച്ച് മറ്റു തൊഴിൽ മേഖലകൾ തേടിപോകുന്നവരുടെ എണ്ണം കൂടിവരികയാണ്.

അഭ്യസ്തവിദ്യരായ ആളുകൾക്ക് അവരുടെ യോഗ്യതക്കനുസരിച്ചുള്ള തൊഴിൽ ലഭിക്കാറില്ല. സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഉദ്യോഗസംവരണ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ബിരുദവും, ബിരുദാനന്തര ബിരുദവും, എഞ്ചിനീയറിങ്ങും, എം.ബി.ബി.എസ്സും യോഗ്യത കണക്കാക്കി ഉദ്യോഗസംവരണം ചെയ്തിട്ടുണ്ടെങ്കിലും അത്രത്തോളം യോഗ്യത ഇല്ലാത്തതുകാരണം അവർക്ക് യഥാർത്ഥത്തിൽ കിട്ടേണ്ട തൊഴിൽ നഷ്ടപ്പെടുന്നു. അടിസ്ഥാന യോഗ്യത കണക്കാക്കി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കണം.

പട്ടികജാതിയിൽപ്പെട്ട കരകൗശലമേഖലയിൽ പണി എടുക്കുന്ന തൊഴിലാളികളും പഞ്ചായത്തിലുണ്ട്. മുള ഉപയോഗിച്ച് കുട്ട, വട്ടി, പരമ്പ് മുതലായവ നെയ്യുന്നവരും മൺപാത്രങ്ങൾ നിർമ്മിക്കുന്നവരും, പനയുടെ തണ്ടിൽ നിന്ന് ചകിരിയെടുത്ത് കയർ പിരിക്കുന്നവരുമുണ്ട്. എന്നാൽ ഇക്കൂട്ടർക്ക് അവരുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടസാമ്പത്തിക സഹായം, ഇവർ നിർമ്മിക്കുന്ന ഉപകരണങ്ങൾ വിറ്റഴിക്കാൻ വേണ്ട വിപണന കേന്ദ്രം, നിർമ്മാണ വസ്തുക്കളുടെ ലഭ്യത എന്നിവ കണക്കിലെടുത്ത് ഈ വിഭാഗത്തിന്റെ തൊഴിൽ ഉറപ്പു വരുത്തണം.

## പാർപ്പിടം:

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഹരിജൻ കോളനികളിൽ 85% പട്ടപ്പുരകളും, സർക്കാർ ഏജൻസികളിൻ നടപ്പാക്കിവരുന്ന പദ്ധതികൾ മുഖേന ഓട് മേഞ്ഞവയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലക്ഷംവീടു കോളനികളിൽ താമസിക്കുന്നവർക്ക് വീടിന്റെ അറ്റകുറ്റപണിക്ക് വേണ്ടത്ര സാമ്പത്തികശേഷി ഇല്ലാത്തതുകാരണം പല വീടുകളും തകർന്നു വീഴാറായിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട സാമ്പത്തികസഹായം നൽകേണ്ടതുണ്ട്.

പല വീടുകളിലും കക്കൂസ് നിലവിൽ ഇല്ല. ഇതുകാരണം പരിസര മലിനീകരണവും പകർച്ചവ്യാധിയും ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കുവാൻ കക്കൂസ് നിർമ്മിച്ചുകൊടുക്കുകയും, ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും വേണം.

## കുടിവെള്ളം:

കോളനികളിൽ ഓരോ പൊതുകിണർ ഉണ്ടെങ്കിലും വർദ്ധിച്ചുവരുന്ന ജനസംഖ്യകാരണം വേനൽകാലങ്ങളിൽ വെള്ളം തികയാതെ വരുന്നു. അതുകൊണ്ട് ഒരു കോളനിയിൽ രണ്ട് പൊതുകിണർ എന്ന തോതിൽ നിർമ്മിച്ചാൽ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

## ആരോഗ്യം:

ആരോഗ്യപരിപാലന രംഗത്ത് പട്ടികജാതി കോളനികളിൽ വേണ്ടത്ര അറിവ് ഇനിയും നേടാനായിട്ടില്ല. കുട്ടികൾക്കും ഗർഭിണികൾക്കും ഉണ്ടാകുന്ന പല രോഗങ്ങൾക്കും കാരണം പോഷക ആഹാരത്തിന്റെ കുറവാണ്. ഇത് ഒഴിവാക്കുന്നതിന് വീട്ടുവളപ്പിൽ പച്ചക്കറികളും ഇലക്കറികളും ധാരാളം നട്ടുവളർത്തുന്നതിനുവേണ്ട കൃഷിരീതി അവരെ പഠിപ്പിക്കണം.

എന്നാൽ ഇപ്പോഴും ചില കോളനികളിൽ അന്ധവിശ്വാസം നിലനിൽക്കുന്നതുകാരണം പല രോഗങ്ങൾക്കും കാരണം മാട്ടമാരണവും, ചെകുത്താൻ കൂടലും ഒക്കെയാണെന്ന് വിശ്വസിക്കുന്നവരുണ്ട്. ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കാൻ ശക്തിയായ ബോധവൽക്കരണവും, രോഗങ്ങൾ ഉണ്ടാകുവാനുള്ള കാരണത്തെകുറിച്ച് ചർച്ചാക്ലാസ്സുകളും ആരോഗ്യത്തിന്റെ ആവശ്യകതയെകുറിച്ച് സെമിനാറുകൾ എല്ലാകോളനികളിലും സംഘടിപ്പിക്കേണ്ടതുണ്ട്.

പലകോളനികളിലും വാർദ്ധക്യസഹജമായ രോഗങ്ങൾ കാരണം ഒട്ടനവധിയാളുകൾ ജീവിക്കുന്നുണ്ട്. ഇവരുടെ പരിപാലനത്തിനുവേണ്ടി ആയുർവേദ ചികിത്സാരീതികളും ആരംഭിക്കണം. ഇതിനുവേണ്ടി ഔഷധ സസ്യങ്ങൾ വീട്ടുവളപ്പിലും പറമ്പുകളിലും നട്ടുവളർത്തുകയും, ഒരു ആയുർവ്വേദ ഔഷധശാല ഉണ്ടാക്കുവാനുള്ള ശ്രമവും സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുകയാണെങ്കിൽ കുറെപേർക്ക് തൊഴിലും, ആരോഗ്യപരിപാലന രംഗത്ത് പുരോഗതിയും കൈവരിക്കാൻ കഴിയും.

## പ്രശ്നങ്ങൾ:

1. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷിക മേഖലയിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നു.
2. എല്ലാവർക്കും സ്വന്തമായി വീടുവെക്കാൻ സ്ഥലം ഇല്ല.
3. വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണ പൂർത്തിയാക്കാൻ കഴിയാതെ വരുന്നു.
4. വായ്പാ സൗകര്യങ്ങളുടെ കഠിനമായ വ്യവസ്ഥ ഉദാരവൽക്കരിക്കണം.
5. പ്രാഥമിക സൗകര്യങ്ങളില്ല.
6. കോളനി വീടുകളിൽ വൈദ്യുതി ഇല്ല. പയറ്റുപറമ്പ് കോളനിയിൽ റോഡും, വൈദ്യുതിയും എത്തിയിട്ടില്ല.
7. പൊതുശ്മശാനം ഇല്ല.
8. I.R.D.P. പദ്ധതിയും, മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
9. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജനക്ഷേമ വകുപ്പും, അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
10. സഹകരണ സ്ഥാപനങ്ങളിൽ നിന്നും, ധനകാര്യ ഏജൻസികളിൽ നിന്നും എടുത്ത ലോണുകൾ തിരിച്ചടക്കാൻ കഴിയാതെ കടക്കെണിയിൽ പെട്ടുപോകുന്നു.
11. പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം വളരെ കുറവാണ്.
12. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ.

## നിർദ്ദേശങ്ങൾ:

1. വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും സാമൂഹിക സുരക്ഷിതത്വ നിയമങ്ങളെക്കുറിച്ചും പട്ടികജാതിക്കാരെ ബോധവാന്മാരാക്കുന്നതിന് വാർഡു തലത്തിൽ എല്ലാവർഷവും ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക.
2. മുഴുവൻ പട്ടികജാതി കുടുംബങ്ങളെക്കുറിച്ചും വിശദമായ കുടുംബ സർവ്വേ നടത്തി ഭൂരഹിതർ, ഭവനരഹിതർ, തൊഴിൽ രഹിതർ, വികലാംഗർ എന്നിവരെ കണ്ടെത്തി അവരെ സഹായിക്കുന്നതിന് സ്ഥിര സംവിധാനം ഉണ്ടാക്കുക.
3. പട്ടികജാതിക്കാരായ യുവതി യുവാക്കൾക്ക് വിവിധ തൊഴിലുകളിൽ പ്രാവീണ്യം നേടുന്നതിന് പഞ്ചായത്തുതലത്തിൽ സാങ്കേതിക പരിശീലനം നൽകണം.
4. സ്ക്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരുടെ ശതമാനം മെച്ചപ്പെടുത്തുന്നതിനും അവരുടെ മാത്രമായി പ്രത്യേകം PTA യോഗങ്ങൾ പട്ടികജാതി വികസന ഓഫീസറേയും AEO മാരേയും പങ്കെടുപ്പിച്ച് എല്ലാമാസവും നടത്തുക.
5. എല്ലാ പട്ടികജാതി സങ്കേതങ്ങളിലും TV സെറ്റുകൾ സ്ഥാപിക്കുക.
6. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും ചികിത്സ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
7. പ്രത്യേക ഘടക പദ്ധതിപ്രകാരം വിവിധ വകുപ്പുകൾ ചെലവഴിക്കുന്ന തുക പഞ്ചായത്തുകമ്മിറ്റിയുടെ അംഗീകാരത്തോടെ പദ്ധതികൾ നടപ്പാക്കുക.
8. ഇപ്പോൾ നൽകുന്ന ഭവനനിർമ്മാണധനസഹായം തുലോം അപര്യാപ്തമാണ്. ആയതിനാൽ അത് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും വിവിധ വകുപ്പുകൾ നൽകുന്ന തുക ഏകീകരിക്കുകയും ചെയ്യുക.
9. സ്ക്കൂൾ തലത്തിൽ പഠനയാത്ര പോകുന്നതിന് ആവശ്യമായ ധനസഹായം നൽകുക.



# വിഭവ സമാഹരണം, ടൂറിസം

പദ്ധതികളിലൂടെ ലഭിക്കുന്ന സംഖ്യക്കുപുറമെ നാം ഓരോരുത്തരും നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി നൽകേണ്ട സംഭാവനയുടെ കണക്ക് ഗ്രാമസഭകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആകെ പഞ്ചായത്തിൽ 5335 കെട്ടിടങ്ങൾ ഉണ്ട്. അവയിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് പൂർണ്ണമായി ലഭിക്കുന്നു. ലേലം നടത്തി കിട്ടുന്ന സംഖ്യ ചന്തയിൽ നിന്ന് 50 രൂപ, സ്റ്റാളുകളിൽ നിന്ന് 1680 രൂപ, പട്ടമരങ്ങളിൽ നിന്ന് 15 രൂപ, ഫലവൃക്ഷങ്ങളിൽ നിന്ന് 300 മറ്റുള്ളവ 2,91,750 രൂപയും ആകെ 2,93,795 രൂപ വരുമാനം ഉണ്ട്.

മറ്റ് ഗ്രാന്റുകളിൽ നിന്നും ലഭിക്കുന്ന സംഖ്യ ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| VRM | - | 5,938.00 | 75% | - | 53,332.00 |
| M1 | - | 400.00 | S.P. Grand | - | 3,000.00 |
| VTC | - | 96,506.00 | JRY | - | 4,88,300.00 |
| BT 25% | - | 69,000.00 | അൺടൈഡ് | - | 3,40,500.00 |

ആകെ 10,56,976.00 രൂപയാണ് പഞ്ചായത്തിന്റെ മൊത്തവരുമാനം. ലൈസൻസ് ഇനത്തിൽ 9,496 രൂപ മാത്രമാണ് വരുമാനം. ഈ സംഖ്യകൊണ്ട് മാത്രം നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നിരിക്കുന്നു. ഓരോ പ്രദേശത്തിന്റേയും സമഗ്രമായ വികസനം വേണമെങ്കിൽ കോടിക്കണക്കിനു രൂപ ആവശ്യമാണ്. വിഭവസമാഹരണവുമായി ബന്ധപ്പെട്ട ഓരോ ഗ്രാമസഭകളിലും പഞ്ചായത്തിന്റെ വികസനത്തിനായി എന്തു സംഭാവനകൾ നൽകും എന്ന് ചോദിച്ചപ്പോൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന അഭിപ്രായങ്ങൾ ആശാവഹമാണ്. മിക്കഗ്രാമസഭകളും പദ്ധതിയുടെ 15% സംഭാവന നൽകാൻ (ജനങ്ങളിൽ നിന്നും സ്വരൂപിച്ച്) തയ്യാറാണെന്നു പറയുകയുണ്ടായി.

മറ്റൊരു പ്രധാന നിർദ്ദേശം ഓരോ ഗ്രാമസഭകളും ഒരു പദ്ധതിക്ക് രണ്ടായിരം തൊഴിൽ ദിനങ്ങൾ നൽകാൻ തയ്യാറാണെന്ന് അറിയിച്ചു.

വീടുകളുടേയും മറ്റു കെട്ടിടങ്ങളുടേയും നികുതി കൃത്യമായി കണക്കാക്കിയാൽ നിലവിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചാൽ തൊഴിൽ നികുതി ഇനത്തിലും ലൈസൻസ് ഫീസ് ഇനത്തിലും നമുക്ക് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചാൽ വരുമാനം വർദ്ധിക്കും. പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്നാൽ നികുതി ഇനത്തിൽ വരുമാനം ഉയർന്നു വരും. ബാങ്കുകൾ മുഖേന പഞ്ചായത്തിന്റെ പദ്ധതികൾക്ക് വായ്പ നൽകാൻ

തയ്യാറായാൽ അതു ഉപകാരപ്രദമാകും. കൃഷിക്കാരുടേയും കച്ചവടക്കാരുടേയും തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുവാൻ സംവിധാനം ഉണ്ടാക്കണം. പുഴയിൽ നിന്നുമുള്ള മണൽ ലേലത്തിന്റെ അധികാരം പഞ്ചായത്തിനു തന്നെ വിട്ടുതന്നാൽ നികുതി ഇനിയും കൃത്യമായി ലഭിക്കാൻ കഴിയും. പ്രത്യുൽപാദനപരമല്ലാത്ത ചെലവുകൾ പാടെ ഒഴിവാക്കാൻ ശ്രമിക്കണം.

ഭൂനികുതി പിരിച്ചെടുക്കൽ പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതാണ്. പുതുതായി ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം എന്നാൽ കൃത്യമായും വരുമാനം വർദ്ധിക്കും.

ഇതൊക്കെയാണ് പ്രധാനമായും നാം ആശ്രയിക്കേണ്ടുന്ന വിഭവസമാഹരണ മാർഗ്ഗങ്ങളെപ്പറ്റിയുള്ള ചെറിയ ഒരു നിർദ്ദേശം.

## ടൂറിസം

വിദേശ മൂലധനം നേടുന്ന കാര്യത്തിൽ ഇന്ന് വളരെയേറെ ഉപകാരപ്രദമാവാൻ പോവുന്ന രംഗം ടൂറിസമാണ്. നമ്മുടെ സംസ്ക്കാരത്തേയും പ്രകൃതി ഭംഗിയേയും ചരിത്ര സത്യങ്ങളേയും കണ്ടറിയാൻ നമ്മുടെ നാട്ടിലെയും മറുനാട്ടിലെയും ജനങ്ങൾ കടന്നുവരുന്നത് ഈ പ്രദേശത്തെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്നതാണ്. ചരിത്രാന്വേഷകരെ സംബന്ധിച്ചിടത്തോളം ഓരോ ചരിത്ര സത്യങ്ങളും ജ്വലിക്കുന്ന നാളങ്ങളാണ്. വിവിധ ഗ്രാമസഭകൾ ടൂറിസസാദ്ധ്യതകളെപ്പറ്റി ചർച്ച നടത്തിയിട്ടുണ്ട്. കോട്ടായി പഞ്ചായത്തിൽ ടൂറിസത്തിന് അനന്തസാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല. പക്ഷെ ചെമ്പൈ വൈദ്യനാഥഭാഗവതരുടെ ജന്മഗൃഹവും മണ്ഡപവും കാണാൻ എല്ലാ വർഷവും ഒരുപാട് പേർ വരുന്നുണ്ട്. ഇവിടെ ഒരു സംഗീത വിദ്യാലയം ആരംഭിക്കുകയാണെങ്കിൽ ടൂറിസ്റ്റുകാരെ ആകർഷിക്കാൻ സാധിക്കും.

ടൂറിസ്റ്റ് ആകർഷണത്തിന് ഉപകരിക്കുന്ന മറ്റൊരു പ്രധാന സംഗതി കന്നുതെളി മത്സരമാണ്. പാലക്കാട് ജില്ലയിൽ തന്നെ ഇത്രയും ഭംഗിയായി കന്നുതെളി മത്സരം സംഘടിപ്പിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. കന്നുതെളി മത്സരത്തിന് വേണ്ടത്ര ശ്രദ്ധയും വിപുലീകരിക്കലും നടത്തിയാൽ നമുക്ക് വളരെയേറെ പ്രയോജനപ്പെടും. കഥകളി അഭ്യസിപ്പിക്കാൻ ഒരു കഥകളി സ്ക്കൂൾ ആരംഭിക്കുകയാണെങ്കിൽ ഗുരു കുഞ്ചുകുറുപ്പിന്റെ സ്മരണക്കായി സമർപ്പിച്ചാൽ കഥകളി സ്നേഹികളായ ടൂറിസ്റ്റുകൾ കടന്നുവരുവാൻ സാദ്ധ്യതയുണ്ട്.

ടിപ്പുവിന്റെ പടയോട്ടം പഞ്ചായത്തിന്റെ വടക്കു അതിർത്തിയിലൂടെ കടന്നുപോയി എന്നത് ചരിത്രാന്വേഷകരെ ആകർഷിക്കാൻ സഹായകമായ ഒരു ഘടകമാണ്.

നമ്മുടെ പഞ്ചായത്തതിർത്തിയോട് അടുത്ത് കിടക്കുന്ന കാപ്പിക്കാട് ഏറ്റെടുത്ത് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റിയെടുക്കാവുന്നതാണ്.

പരമ്പരാഗതമായി നടത്തിവരുന്ന ഉത്സവങ്ങൾ അവയോടനുബന്ധമായി നടത്തുന്ന കലാപരിപാടികൾ ഒക്കെ ടൂറിസ്റ്റ് സാദ്ധ്യതയുള്ളവയാണ്. പൊറാട്ടുനാടകം, പാവക്കൂത്ത് എന്നിവ ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഇവ പരിരക്ഷിക്കപ്പെടുകയാണെങ്കിൽ ടൂറിസ്റ്റ് സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തുതലത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ ഒരു വിവരണം ഉൾപ്പടെയുള്ള ഒരു ടൂറിസ്റ്റ് ഗൈഡ് അടിച്ചിറക്കണം. ഇത്രയും നിർദ്ദേശങ്ങളാണ് ഈ മേഖലയിൽ നിന്നും ഉരുത്തിരിഞ്ഞുവന്നത്.

# ഉപസംഹാരം:

കോട്ടായി പഞ്ചായത്തിന്റെ വികസനരേഖ സമഗ്രമായ പഠനത്തിനും ക്രിയാത്മകമായ പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി വികസന സെമിനാറിനു മുമ്പാകെ സമർപ്പിക്കുകയാണ്. നാം നേടിയെടുത്ത വികാസങ്ങൾ ആകെ നമ്മുടെ പൂർവ്വികർ നൽകിയ അളവറ്റ സഹകരണം കൊണ്ടും ശ്രദ്ധയോടുകൂടിയ ആസൂത്രണം കൊണ്ടുമാണ്. അവരുടെ പ്രവർത്തനനേട്ടങ്ങൾ അഭിമാനപൂർവ്വം സ്മരിക്കട്ടെ. എങ്കിൽപ്പോലും ഇനിയും നമുക്ക് ബഹുദൂരം മുന്നേറാനുണ്ട്. കാർഷികരംഗത്ത് നമുക്ക് നേരിടുന്ന മുരടിപ്പും വ്യവസായിക വളർച്ച ഇല്ലായ്കയും ഒക്കെ നാളത്തെ തലമുറയെ ബാധിക്കുന്ന വെല്ലുവിളികളാണ്. നാളിതുവരെയുള്ള ആസൂത്രണങ്ങളിൽ നിന്നും വ്യതിരിക്തമായി നമ്മുടെ ഭാഗധേയം നാം നിശ്ചയിക്കുകയാണ്. നമ്മുടെ വികാസത്തിനും നാം നേതൃത്വം നൽകുന്ന ഈ സന്ദർഭത്തെ നമുക്ക് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയണം. ചിങ്ങം 1 മുതൽ ഈ സംരംഭം വിജയിപ്പിക്കാൻ വേണ്ടി അർപ്പണബോധത്തോടെ പ്രവർത്തിച്ചവരെ സ്നേഹപുരസ്കരം സ്മരിക്കുകയും അവർ നൽകിയ വിലപ്പെട്ട സേവനത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.

നാം ചെയ്തുതീർക്കേണ്ട പുരോഗമന പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തരൂപം മുൻപേജുകളിൽ വിശകലനം ചെയ്തു കഴിഞ്ഞുവല്ലോ..... ഇത് പ്രാവർത്തികമാക്കാൻ ഇനിയും നമുക്ക് ഒത്തു ചേരേണ്ടതുണ്ട്. തെളിമയാർന്ന ഒരു നല്ല നാളേയ്ക്കു വേണ്ടി ഈ പ്രസ്ഥാനത്തിൽ അണിചേരാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

മാറ്റത്തിന്റെ വിത്തുവിതച്ച ഈ പ്രസ്ഥാനം, നടപ്പിലാക്കാൻ തയ്യാറായ കേരള സംസ്ഥാന ഗവൺമെന്റിന് അഭിവാദ്യം അർപ്പിക്കുന്നു.

ഈ വികസന റിപ്പോർട്ട് സമഗ്രമാക്കാൻ ഈ നാടിന്റെ പ്രബുദ്ധരായ ജനങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

സ്നേഹാഭിവാദനങ്ങളോടെ

**കെ.കെ. കുഞ്ചുവെള്ള**

പ്രസിഡന്റ്

കോട്ടായി ഗ്രാമ പഞ്ചായത്ത്



PRINTED AT IMPRESSIONS PLKD., PH : 539785